# ഉള്ളടക്കം

## പരിശുദ്ധാത്മാവിന്റെ ആളത്വം


1) പരിശുദ്ധാത്മ പഠനത്തിന്റെ ആമുഖം
2) പരിശുദ്ധാത്മാവിന്റെ വ്യക്തിത്വം
3) പരിശുദ്ധാത്മാവിന്റെ ദൈവത്വം
4) പരിശുദ്ധാത്മാവിന്റെ നാമങ്ങൾ
5) പരിശുദ്ധാത്മാവിനെതിരെയുള്ള പാപം
6) പരിശുദ്ധാത്മാവിന്റെ ഉപമാനങ്ങൾ
7) പരിശുദ്ധാത്മാവും ത്രിത്വവും


## പരിശുദ്ധാത്മാവിന്റെ പ്രവർത്തനം


8) പരിശുദ്ധാത്മാവിന്റെ പ്രവർത്തനം പഴയനിയമത്തിൽ
9) പരിശുദ്ധാത്മാവിന്റെ പ്രവർത്തനം തിരുവെഴുത്തിൽ
10) പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ക്രിസ്തുവിൽ
11) പരിശുദ്ധാത്മാവിന്റെ പ്രവർത്തനം രക്ഷയിൽ
12) പരിശുദ്ധാത്മ സ്നാനം
13) പരിശുദ്ധാത്മ അധിവാസം
14) പരിശുദ്ധാത്മ നിറവ്
15) പരിശുദ്ധാത്മാഭിഷേകം
16) പരിശുദ്ധാത്മാവിന്റെ മറ്റ് പ്രവർത്തനങ്ങൾ
17) പരിശുദ്ധാത്മഫലം വിശ്വാസിയിൽ
18) പരിശുദ്ധാത്മ വരം – എന്നാൽ എന്ത്?
19) പരിശുദ്ധാത്മ വരം – ശുശ്രൂഷാവരങ്ങൾ
20) പരിശുദ്ധാത്മ വരം – പ്രബോധനവരങ്ങൾ
21) പരിശുദ്ധാത്മ വരം – അടയാളവരങ്ങൾ
22) പരിശുദ്ധാത്മ വരം – കണ്ടെത്തൽ
23) പരിശുദ്ധാത്മ വരം – അന്യഭാഷ
24) പരിശുദ്ധാത്മ വരം – വിനിയോഗം
25) പരിശുദ്ധാത്മാവ് – ഭാവിയിൽ

# പാഠം 1

# പരിശുദ്ധാത്മ പഠനത്തിൻെറ ആമുഖം

## ആമുഖം

ദൈവിക ത്രിത്വത്തിൽ ഏറ്റവും അവഗണിക്കപ്പെടുകയും തെറ്റായി മനസ്സിലാക്കപ്പെടുകയും ചെയ്യപ്പെടുന്ന വ്യക്തിയാണ് പരിശുദ്ധാത്മാവ്. പരിശുദ്ധാത്മാവ് എന്ന വിഷയം തെറ്റായി വ്യഖ്യാനിക്കപ്പെടുകയും പഠിപ്പിക്കുകയും ചെയ്യുന്ന ഒരു ഉപദേശമാകയാൽ, ഇന്ന് ആളുകളുടെ മനസ്സിൽ ധാരാളം തെറ്റിദ്ധാരണകൾ പരിശുദ്ധാത്മാവിനെ പറ്റി ഉണ്ട്. പരിശുദ്ധാത്മാവിൻെറ ആളത്വത്തെയും പ്രവർത്തനങ്ങളെയും കുറിച്ചുള്ള ശരിയായ ധാരണയാണ് വേദപുസ്തകത്തിലെ പല ഉപദേശങ്ങളുടെയും അടിസ്ഥാനം. സാത്താൻെറ വഞ്ചനയാൽ അനേക കൂട്ടങ്ങൾ വഴിതെറ്റിപോയിട്ടുണ്ട്.

## പരിശുദ്ധാത്മശാസ്ത്രം (ന്യൂമറ്റോളജി)

പരിശുദ്ധാത്മാവിൻെറ ആളത്വത്തെയും പ്രവർത്തനത്തെയും കുറിച്ചുള്ള പഠനമാണ് *പരിശുദ്ധാത്മശാസ്ത്രം (ന്യൂമറ്റോളജി).* ‘*കാറ്റ്*’ *അഥവ* ‘*ആത്മാവ്*’ എന്നർത്ഥം വരുന്ന ‘*ന്യൂമ*’ എന്ന ഗ്രീക്ക് പദവും ‘*വചനം*’ എന്നർത്ഥം വരുന്ന ‘*ലോഗോസ്*’ എന്ന ഗ്രീക്ക് പദവും ചേർന്നാണ് ‘*പരിശുദ്ധാത്മാവിനെ കുറിച്ചുള്ള പഠനം*’ എന്നർത്ഥം വരുന്ന ‘*ന്യൂമറ്റോളൊജി*’ എന്ന പദം ഉണ്ടായിരിക്കുന്നത്. പരിശുദ്ധാത്മാവിനെ കുറിച്ചുള്ള വെളിപ്പാടുകൾ ഘട്ടംഘട്ടമായി ലഭിച്ചവയാണ്.

## ഈ പഠനത്തിൻെറ പ്രാധാന്യം

1. പരിശുദ്ധാത്മാവ് ദൈവമാണ്. ത്രിത്വത്തിലെ ഒരംഗമാണ് പരിശുദ്ധാത്മാവ്. പിതാവിനും പുത്രനും തുല്യൻ. പുത്രനാം ദൈവത്തിൻെറ അപേക്ഷപ്രകാരം പിതാവാം ദൈവത്താൽ അയയ്ക്കപ്പെട്ടു. ദൈവത്തോടു ബന്ധപ്പെട്ടുള്ള ഉപദേശങ്ങളിലെല്ലാം സാത്താൻ ആളുകളുടെ മനസ്സിൽ ആശയകുഴപ്പം ഉണ്ടാക്കിയിട്ടുണ്ട്.
    - പരിശുദ്ധാത്മാവിനെ പിതാവം ദൈവത്തിൻെറ പുത്രനായി ചില പ്രസ്ഥാനങ്ങൾ പഠിപ്പിക്കുന്നു.
    - ദൈവത്തിൻെറ ശക്തിയാണ് പരിശുദ്ധാത്മാവ് എന്ന് യഹോവാ സാക്ഷികൾ പഠിപ്പിക്കുന്നു.
    - അമാനുഷികമായ വരങ്ങൾ നൽകുവാൻ മാത്രമാണ് എന്ന് ചില പെന്തെക്കോസ്തു വിഭാഗങ്ങൾ പഠിപ്പിക്കുന്നു.
    - പരിശുദ്ധാത്മാവിനെ ഒരു വ്യക്തി എന്നതിനേക്കാളുപരി, ദൈവത്തിൻെറ പ്രവർത്തനത്തിൻെറ ഒരു ഭാഗമാണ് പരിശുദ്ധാത്മാവ് എന്ന് ചില പുതിയ പ്രസ്ഥാനങ്ങൾ പഠിപ്പിക്കുന്നു.
2. ഈ കാലഘട്ടം: കൃപായുഗത്തെ പരിശുദ്ധാത്മ യുഗം എന്നും വിളിക്കുന്നു. പരിശുദ്ധാത്മാവിൻെറ സ്ഥിരമായ വാസം ഈ യുഗത്തിൻെറ പ്രത്യേകതയാണ്.
3. **352** പ്രാവശ്യം വേദപുസ്തകത്തിൽ പരിശുദ്ധാത്മാവിനെ കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. (88 പ്രാവശ്യം പ്രാവശ്യം പഴയനിയമത്തിലും 264 പ്രാവശ്യം പുതിയനിയമത്തിലും). വേദപുസ്തകത്തിലെ വിപുലമായ ഒരു വിഷയമാണ് പരിശുദ്ധാത്മാവ് എന്നത്. നമ്മുടെ അനുഭവങ്ങളുടെ വെളിച്ചത്തിലല്ല, ദൈവവചനത്തിൻെറ സഹായത്താൽ പരിശുദ്ധാത്മാവിൻെറ ശുശ്രൂഷകളെ പറ്റി കൂടുതൽ മനസ്സിലാക്കേണ്ടത് ആവശ്യമാണ്.
4. പരിശുദ്ധാത്മാവിനെ കുറിച്ച് പല തെറ്റിദ്ധാരണകളും ഉള്ളതിനാൽ ക്രമാനുകതമായ പഠനത്തിലൂടെ മാത്രമേ അനേകം ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ സാധിക്കുകയുള്ളു. എപ്പോഴാണ് പരിശുദ്ധാത്മാഭിഷേകം ലഭിക്കുന്നത്? രക്ഷിക്കപ്പെടുന്ന അവസരത്തിലൊ അതോ തുടർന്നുള്ള അനുഭവങ്ങളിലൂടെയോ? പരിശുദ്ധാത്മാവിനെ നഷ്ടപ്പെടുമോ? പാപം ചെയ്യുമ്പോൾ പരിശുദ്ധാത്മാവ് നമ്മെ വിട്ടുപോകുമോ? എല്ലാ വിശ്വാസികൾക്കും പരിശുദ്ധാത്മവിനെ ലഭിക്കുമൊ? പരിശുദ്ധാത്മ സ്നാനം എന്നാൽ എന്താണ്?
5. ഒരു വിശ്വസിയുടെ ജീവിതത്തിൽ പ്രധാന സ്ഥാനം പരിശുദ്ധാത്മാവിനുണ്ട്. നമുക്ക് പാപത്തെ കുറിച്ച് ബോധ്യം വരുത്തുന്നു, വീണ്ടും ജനിപ്പിക്കുന്നു, ആത്മസ്നാനം നൽകുന്നു, മുദ്രയിടുന്നു, നിറയ്ക്കുന്നു, വരങ്ങൾ നൽകുന്നു, തുടങ്ങി... അവൻ നമ്മിലും , നമ്മോടുകൂടെയും എപ്പോഴും ഉണ്ട്.
6. എല്ലാ യുഗത്തിലും പരിശുദ്ധാത്മാവിൻെറ പ്രവർത്തനങ്ങൾ കാണുവാനായിട്ട് സാധിക്കും. സൃഷ്ടിയിലും, വെളിപാടിലും, വീണ്ടും ജനനത്തിലും, വരുവാനുള്ള കാലത്തിലും പരിശുദ്ധാത്മാവിൻെറ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു.
7. പിതാവിൻെറ വാഗ്ദത്തമാണ് പരിശുദ്ധാത്മാവ് (ലൂക്ക്.24:49).

# പാഠം 2

# പരിശുദ്ധാത്മാവിൻെറ വ്യക്തിത്വം

(യോഹ. 14:16,26)

ആരാണ് പരിശുദ്ധാത്മാവ്? അവൻ വെറുമൊരു ശക്തിയാണോ? അതോ ഒരു ദിവ്യ ശക്തിയാണൊ? പരിശുദ്ധാത്മാവ് ഒരു വ്യക്തിയാണെന്ന് വേദപുസ്തകം വ്യക്തമായി പഠിപ്പിക്കുന്നു. എന്നാൽ കലാകലങ്ങളായും ഇന്നും അനേകർ ഇത് നിരസിക്കുന്നു. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഏരിയസ് പരിശുദ്ധാത്മാവിനെ 'ദൈവത്തിൽ നിന്നും വരുന്ന ഒരു ശക്തി' എന്നു വിളിച്ചു. എ.ഡി.325–ൽ നിക്ക്യാ കൗൺസിൽ അദ്ദേഹത്തെ ശിക്ഷിച്ചു. പിതാവിൽ നിന്നും വരുന്ന ഒരു സ്വാധീനശക്തി മാത്രമാണ് പരിശുദ്ധാത്മാവ് എന്ന അദ്ദേഹത്തിൻെറ പഠിപ്പിക്കലുകൾ യഹോവാസാക്ഷികൾ പോലുള്ള പല ദുരുപദ്ദേശക്കാരുടെ ഇടയിലും തുടർന്നുവരുന്നു. പരിശുദ്ധാത്മാവിൻെറ വ്യക്തിത്വത്തെ നിരസിക്കുന്നവർ, വ്യക്തി എന്നതിനു പകരം ശക്തിയായി സങ്കൽപ്പിക്കുകയാണ്. പരിശുദ്ധാത്മാവ് ഒരു ശക്തിയാണെന്ന് ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല. ദൈവത്തിനു ശക്തിയുണ്ട് (ലൂക്ക്.1:35) പരിശുദ്ധാത്മാവിനും ശക്തിയുണ്ട് (മീഖാ 3:8; ലൂക്ക്.4:14).

താഴെ പറയുന്ന കാര്യങ്ങൾ പരിശുദ്ധാത്മാവിൻെറ വ്യക്തിത്വത്തിനു തെളിവാണ്:

## 1. പരിശുദ്ധാത്മാവിന് ഒരു വ്യക്തിക്ക് ആവശ്യമായ സ്വഭാവസവിശേഷതകൾ ഉണ്ട്.

വ്യക്തിപരമായ സ്വഭാവങ്ങൾ പരിശുദ്ധാത്മാവിനു ഉണ്ട്. ആത്മീയത്വം ഒരു വ്യക്തിത്വത്തിനു വേണ്ട പ്രധാന സ്വഭാവമാണ്. **ജ്ഞാനവും, വികാരങ്ങളും, ഇച്ചാശക്തിയും** കൈവരിക്കുന്നതാണ് വ്യക്തിത്വം എന്ന് ലളിതമായി നിർവ്വചിക്കാം. ഈ മൂന്ന് ഘടകങ്ങളും ഒരു വ്യക്തിക്കു അത്യാവശ്യം വേണ്ടതാണ്. സാധാരണയായി ഒരു വ്യക്തിയെ കുറിച്ച് ചിന്തിക്കുമ്പോൾ നാം ആ വ്യക്തിയുടെ രൂപത്തെ ഓർക്കുന്നു. ഒരു വ്യക്തിക്ക് തീർച്ചയായും ഒരു ശരീരം ഉണ്ടായിരിക്കുമല്ലൊ? മനുഷ്യൻ മരിക്കുമ്പോൾ എന്തു സംഭവിക്കുന്നു? ശരീരം മാത്രം മരിക്കുന്നു. എന്നാൽ ആ വ്യക്തി എന്നെന്നേക്കും സ്വർഗ്ഗത്തിലോ നരകത്തിലോ ജീവിക്കുന്നു. ലൂക്കൊസ് 16 ൽ കാണുന്ന ധനവാനായ മനുഷ്യൻ ഉദാഹരണമാണ്.

- → പരിശുദ്ധാത്മാവിന് ജ്ഞാനം ഉണ്ട്. (1കൊരി.2:10,11; യെശ.11:2; റോമർ 8:27)
- → പരിശുദ്ധാത്മാവിന് വികാരങ്ങളുണ്ട്. (എഫെ.4:30; റോമർ 15:30)
- → പരിശുദ്ധാത്മാവിന് ഇച്ചാശക്തി ഉണ്ട് (1കൊരി.12:11;അ.പ്ര.16:6-11)

## 2. പരിശുദ്ധാത്മാവിന് ഒരു വ്യക്തിക്ക് ആവശ്യമായ പ്രവർത്തനങ്ങൾ ഉണ്ട്.

- → പരിശുദ്ധാത്മാവ് പഠിപ്പിക്കുന്നു (യോഹ.14:26;16:15)
- → പരിശുദ്ധാത്മാവ് ആലോചന പറഞ്ഞു തരുന്നു (അ.പ്ര.8.29)
- → പരിശുദ്ധാത്മാവ് സാക്ഷ്യപ്പെടുത്തുന്നു. (യോഹ.15:26; റോമർ 8:16)
- → പരിശുദ്ധാത്മാവ് വഴികാട്ടുന്നു. (റോമർ 8:14)
- → പരിശുദ്ധാത്മാവ് ബോധ്യപ്പെടുത്തുന്നു ( യോഹ.16:7,8)
- → പരിശുദ്ധാത്മാവ് തടയുന്നു (ഉല്പത്തി 6:3)
- → പരിശുദ്ധാത്മാവ് പക്ഷവാദം ചെയ്യുന്നു (റോമർ 8:26)
- → പരിശുദ്ധാത്മാവ് വേലയ്ക്കായിട്ട് നിയമിക്കുന്നു (അ.പ്ര.13:2; 20:28)
- → പരിശുദ്ധാത്മാവ് സംസാരിക്കുന്നു (അ.പ്ര.10:19)

## 3. പരിശുദ്ധാത്മാവിന് ഒരു വ്യക്തിക്ക് ആവശ്യമായ അവസ്ഥകൾ ഉണ്ട്.

- → പരിശുദ്ധാത്മാവിനെ അനുസരിക്കുന്നു. (അ.പ്ര. 10:19-21)
- → പരിശുദ്ധാത്മാവിനെതിരെ വ്യാജം സംസാരിക്കുന്നു. (അ.പ്ര.5:3)
- → പരിശുദ്ധാത്മാവിനെ ചെറുക്കുന്നു (അ.പ്ര.7:51)
- → പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്നു (എഫെ.4.30)
- → പരിശുദ്ധാത്മാവിനെതിരെ ദൂഷണം പറയുന്നു.(മത്താ.12:31)
- → പരിശുദ്ധാത്മാവിനെ നിന്ദിക്കുന്നു (എബ്രാ.10.29)
- → പരിശുദ്ധാത്മാവിനെ ബഹുമാനിക്കുന്നു. (സങ്കീ.51:11)

## 4. <u>പരിശുദ്ധാത്മാവിന് ഒരു വ്യക്തിക്ക് ആവശ്യമായ വിശേഷണങ്ങൾ ഉണ്ട്.</u>

വ്യാകരണപരമായും പരിശുദ്ധാത്മാവിൻെറ വ്യക്തിത്വത്തെ നമുക്കു തെളിയിക്കാവുന്നതാണ്. അവൻ, അവനെ, അവൻെറ, ആർ, ആരുടെ തുടങ്ങിയ നാമവിശേഷണങ്ങൾ പരിശുദ്ധാത്മാവിനു ഉപയോഗിച്ചിരിക്കുന്നു. ആത്മാവ് എന്നതിനുപയോഗിച്ചിരിക്കുന്ന 'ന്യൂമ' എന്ന ഗ്രീക്കു പദം നപുംസക ലിംഗമാണ്. എന്നാൽ പരിശുദ്ധാത്മാവിന് ഉപയോഗിച്ചിരിക്കുന്ന നാമവിശേഷണം എപ്പോഴും പുലിംഗത്തിൽ ആകുന്നു.

→ "അവൻ സകലവും ഉപദേശിച്ചു തരും" (യോഹ.14:26)
→ "അവൻ എന്നെ കുറിച്ച് സാക്ഷ്യം പറയുന്നു" (യോഹ.15:26)
→ "അവൻ ലോകത്തിനു ബോധം വരുത്തും"(യോഹ.16:8)
→ "അവൻ നിങ്ങളെ വഴിനടത്തും" (യോഹ.16:13)
→ "അവൻ എന്നെ മഹത്വപ്പെടുത്തും" (യോഹ.16:14)

## 5. <u>പരിശുദ്ധാത്മാവിന് ഒരു വ്യക്തിക്ക് ആവശ്യമായ ബന്ധങ്ങൾ ഉണ്ട്</u>.

→ അപ്പൊസ്തലന്മാരുമായി പരിശുദ്ധാത്മാവ് ബന്ധപ്പെട്ടിരിക്കുന്നു. (അ.പ്ര.15:28)
→ കർത്താവുമായി താൻ ബന്ധപ്പെട്ടിരിക്കുന്നു (യോഹ.16:14;14:16) " 'മറ്റൊരു' കാര്യസ്ഥൻ" എന്നതിനു 'എന്നെ പോലെ ഒരുവൻ' എന്നർത്ഥം വരുന്ന 'അല്ലൊസ്' എന്ന ഗ്രീക്ക് പദം ഉപയോഗിച്ചിരിക്കുന്നു.
→ പിതാവും പുത്രനുമായി പരിശുദ്ധാത്മാവ് ബന്ധപ്പെട്ടിരിക്കുന്നു. (മത്താ 28:19,20; 2കൊരി.13:14)
→ പരിശുദ്ധാത്മാവ് ഒരു വ്യക്തി എന്ന നിലയിൽ നമ്മോടും ബന്ധപ്പെട്ടിരിക്കുന്നു (ലൂക്ക്.1:35; അ.പ്ര.10:38; റോമർ 15:13; 1കൊരി.2:4)

## 6. <u>പരിശുദ്ധാത്മാവിന് ഒരു വ്യക്തിക്ക് ആവശ്യമായ നാമങ്ങൾ ഉണ്ട്</u>.

തൻെറ നാമങ്ങൾ പരിശുദ്ധാത്മാവ് ഒരു വ്യക്തിയാണെന്ന് തെളിയിക്കുന്നു.

→ 'കാര്യസ്ഥൻ' എന്നതിനുപയോഗിച്ചിരിക്കുന്ന 'പരാക്ലീറ്റൊസ്' എന്ന ഗ്രീക്ക് പദം പുലിംഗത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. യോഹ.14:16,26;16:7
  പരാക്ലീറ്റൊസ് എന്ന പദം ഒരു വസ്തുവിനോ ശക്തിക്കോ ഉപയോഗിക്കുന്നില്ല.
→ എഫെ.1:14 –ൽ അച്ചാരം എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു.

## 7. <u>പരിശുദ്ധാത്മാവിന് ഒരു വ്യക്തിക്ക് ആവശ്യമായ അധികാരങ്ങൾ ഉണ്ട്</u>.

→ പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ സ്നാനം കഴിപ്പിക്കാനാണ് നാമ്മോട് പറഞ്ഞിരിക്കുന്നത്.
  "ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിനേയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചത് ഒക്കെയും പ്രമാണിക്കുവാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ടു സകല ജാതികളേയും ശിഷ്യരാക്കിക്കൊള്ളുവിൻ." (മത്താ.28:19).

*പരിശുദ്ധാത്മാവിൻെറ വ്യക്തിത്വത്തെ ഉറപ്പിക്കുന്ന വ്യക്തമായ തെളിവുകൾ വേദപുസ്തകത്തിൽ ഉണ്ടെന്ന് ഇതിൽ നിന്നും മനസ്സിലാകുന്നു. ജീവനുള്ള വ്യക്തിയാണ് നമ്മിലുള്ളതും, നമ്മോടുകൂടെ ഉള്ളതും . പരിശുദ്ധാത്മാവ് വെറുമൊരു ശക്തിമാത്രമല്ല ഒരു വ്യക്തിയാണ്. ഒരു ശക്തിയുള്ള വ്യക്തിയാണ്. "അടുത്തുചെല്ലുവാനും ത്യജിക്കുവാനും, ആശ്രയിക്കാനും സംശയിക്കാനും, സ്നേഹിക്കാനും വെറുക്കുവാനും, പുകഴ്ത്തുവാനും നിന്ദിക്കുവാനും ഇടയാകപ്പെട്ടേക്കാവുന്ന ജീവിക്കുന്ന വ്യക്തിയാണ് പരിശുദ്ധാത്മാവ്."*

# പാഠം 3

# പരിശുദ്ധാത്മാവിൻെറ ദൈവത്വം

(യോഹന്നാൻ 15:26)

പരിശുദ്ധാത്മാവ് ഒരു വ്യക്തിയാണെന്ന് നാം കാണുകയുണ്ടായി. താനൊരു അതുല്യനായ വ്യക്തിയാണ്. പരിശുദ്ധാത്മാവ് ദൈവമാണെങ്കിലും (അ.പ്ര.5:3), പലരും പരിശുദ്ധാത്മാവിൻെറ ദൈവത്വത്തെ ചോദ്യം ചെയ്തുകൊണ്ടിരിക്കുന്നു. ചിലർ പരിശുദ്ധാത്മാവിനെ പിതാവാം ദൈവത്തെക്കാളും പുത്രനാം ദൈവത്തെക്കാളും തരം താഴ്ത്തി കാണുന്നു. യേശുവിനെ പിതാവ് സൃഷ്ടിച്ചു എന്നും പരിശുദ്ധാത്മാവിനെ പുത്രൻ സൃഷ്ടിച്ചു എന്നുമായിരുന്നു നാലാം നൂറ്റാണ്ടിൽ ഏരിയൻ പഠിപ്പിച്ചിരുന്നത്. എന്നാൽ പരിശുദ്ധാത്മാവ് ദൈവമാണെന്നും പിതാവാം ദൈവത്തിനും പുത്രനാം ദൈവത്തിനും തുല്യനാണെന്നും, ദൈവീകമായ എല്ലാ സ്വഭാവങ്ങളും അധികാരങ്ങളും പരിശുദ്ധാത്മാവിന് ഉണ്ട് എന്നും വേദപുസ്തകം വ്യക്തമാക്കുന്നു. താഴെ പറയുന്ന കാര്യങ്ങൾ പരിശുദ്ധാത്മാവിൻെറ ദൈവത്വത്തെ തെളിയിക്കുന്നു. പരിശുദ്ധാത്മാവിൻെറ ദൈവത്വം ത്രിത്വത്തോടു ബന്ധപ്പെട്ടുള്ള ഉപദേശവുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. ഒരാളെ ത്യജിക്കുന്നത് കൂടെയുള്ള മറ്റുള്ളവരേയും ത്യജിക്കുന്നതാണ്. യേശുക്രിസ്തുവിൻെറ ദൈവത്വത്തെ ത്യജിക്കുന്നവർ പരിശുദ്ധാത്മാവിൻെറ ദൈവത്വത്തേയും അംഗീകരിക്കാത്തവരാണ്. പരിശുദ്ധാത്മവിൻെറ ദൈവത്വത്തെ ത്യജിക്കുന്നത് പരിശുദ്ധാത്മാവിനെതിരെ പാപം ചെയ്യുന്നു.

1. **<u>പരിശുദ്ധാത്മാവിൻെറ ദിവ്യമായ വെളിപ്പെടുത്തലുകൾ</u>:** തിരുവചനപരമായ തെളിവുകൾ പരിശുദ്ധാത്മാവിൻെറ ദൈവത്വത്തെ വ്യക്തമാക്കുന്നു.

→ പരിശുദ്ധാത്മാവിനെ ദൈവമെന്ന് വിളിച്ചിരിക്കുന്നു.(അ.പ്ര5:3,4)

→ 1കൊരി.3:16 ലും 6:19ലും 'ദൈവത്തിൻെറ മന്ദിരം' എന്നും 'പരിശുദ്ധാത്മാവിൻെറ മന്ദിരം 'എന്നും ദൈവത്തിനും പരിശുദ്ധാത്മാവിനും ഒരേ വാക്കുകൾ മാറ്റി ഉപയോഗിച്ചിരിക്കുന്നു.

→ യെശയ്യ.6:8-13 -ൽ 'യഹോവ' എന്നത് പരിശുദ്ധാത്മാവ് എന്ന് അ.പ്ര.28:25-ൽ അപ്പൊസ്ഥലനായ പൗലൊസ് ഉപയോഗിച്ചിരിക്കുന്നു.

2. **<u>പരിശുദ്ധാത്മാവിൻെറ ദിവ്യമായ നാമങ്ങൾ</u>:** വേദപുസ്തകത്തിലെ പേരുകൾ ഒരാളുടെ സ്ഥനത്തേയും, സ്വഭാവത്തേയും കാണിക്കുന്നു.ദൈവത്തിനു മാത്രം ഉള്ളതായ നാമങ്ങൾ മാത്രമാണ് പരിശുദ്ധാത്മാവിനും ഉള്ളത്. പരിശുദ്ധാത്മാവിനെ നാമങ്ങൾ തൻെറ ദൈവത്വത്തെ തെളിയിക്കുന്നു.

→ "ദൈവത്തിൻെറ ആത്മാവ്" (1കൊരി.3:16)

→ "കർത്താവിൻെറ ആത്മാവ്" (യെശ.61:1)

→ "നമ്മുടെ ദൈവത്തിൻെറ ആത്മാവ്" (1കൊരി 6:11;റോമ 8:9, 14;1കൊരി.2:11;12:3; എഫെ.4:30)

→ "യേശുവിൻെറ ആത്മാവ്" (റോമർ 8:9)

→ "ക്രിസ്തുവിൻെറ ആത്മാവ്" (1പത്രൊ..1:11)

→ ത്രിത്വത്തിലെ മറ്റ് രണ്ട് വ്യക്തികളുമായി പരിശുദ്ധാത്മാവ് 16 പ്രാവശ്യം പേരുകളാൽ ബന്ധപ്പെട്ടിരിക്കുന്നു.

3. **<u>പരിശുദ്ധാത്മാവിൻെറ ദിവ്യമായ സ്വഭാവങ്ങൾ</u>:** ദൈവത്തിൻെറ ദിവ്യമായ സ്വഭാവങ്ങൾ പരിശുദ്ധാത്മാവിനു ഉണ്ട്, ദൈവത്തിനു മാത്രമുള്ള സ്വഭാവങ്ങൾ.

→ സർവ്വജ്ഞാനം (1കൊരി2.10-12) - അവൻ സകലവും അറിയുന്നു

→ സർവ്വവ്യാപി (സങ്കീ.139.7-10) - അവൻ സകലവും അറിയുന്നു

→ സർവ്വശക്തി (ഇയ്യോബ് 33:4; 1പത്രോ.3:18; ലൂക്കോ.1:35-37) - അവൻ സർവ്വശക്തനാണ്

→ നിത്യത (എബ്രായർ 9:14)- നിത്യാത്മാവ്- അവൻ എന്നേക്കും വസിക്കുന്നവനാണ്

→ സത്യം (1യോഹ.5:7; യോഹ.14:6) - ആത്മാവ് സത്യമല്ലൊ

→ സർവ്വാധികാരം (യെശ.40:13; യോഹ.3:8) - അവൻ സർവ്വാധികാരിയാണ്

## 4. പരിശുദ്ധാത്മാവിൻെറ ദിവ്യമായ പ്രവർത്തികൾ: 

പരിശുദ്ധാത്മാവിൻെറ ദൈവത്വം തൻെറ പ്രവർത്തികളിലൂടെ കാണുവാൻ കഴിയും.

- → സൃഷ്ടിയിൽ (ഉല്പ.1:2; ഇയ്യോ.23:13; 26:13; 27:3; സങ്കീ.33:6; 104.30)
- → ജനിപ്പിക്കുന്നു- ക്രിസ്തുവിൻെറ ജനനത്തിങ്കൽ പരിശുദ്ധാത്മാവിൻെറ പ്രവർത്തി.(മത്താ.1:20;ലൂക്ക്1:35), വീണ്ടും ജനിപ്പിക്കുന്നു "ആത്മാവിനാൽ ജനിച്ചത്"(യോഹ.3:36)
- → ജീവൻ നൽകുന്നു (റോമ.8:11; യെഹെ.37:14; 2കൊരി.3:6)
- → എല്ലാ തിരുവെഴുത്തും പരിശുദ്ധാത്മ നിയോഗത്താൽ എഴുതപ്പെട്ടു (2പത്രൊ.1:21–2തിമൊ.3:16)
- → പാപത്തെ കുറിച്ച് ബോധം വരുത്തുന്നു. (യോഹ.16:8)
- → വിശുദ്ധീകരിക്കുന്നു. (2തെസ്സ.2:13; 1പത്രൊ.1:2)

## 5. പരിശുദ്ധാത്മാവിൻെറ ദിവ്യമായ പങ്കാളിത്തം

- → സൃഷ്ടിയിൽ പരിശുദ്ധാത്മാവിൻെറ പങ്കാളിത്തം (സ.പ്ര. 12:1; ഉല്പ.1:1, 2)
- → തേജസ്സിൽ പരിശുദ്ധാത്മാവിൻെറ പങ്കാളിത്തം (യോഹ.12:41; അ.പ്ര.28:25; യെശയ്യ.6:1 13)
- → വെളിപ്പാടിൽ പരിശുദ്ധാത്മാവിൻെറ പങ്കാളിത്തം(എബ്രാ.10:15 17 യെര.31.31 34)
- → ഉയിർപ്പിൽ പരിശുദ്ധാത്മാവിൻെറ പങ്കാളിത്തം (അ.പ്രവ.2:32; ഗലാ.1:1; യോഹ.10:18; 1പത്രോ.3:18)
- → അധികാരത്തിൽ പരിശുദ്ധാത്മാവിൻെറ പങ്കാളിത്തം (മത്താ.12:31,32; അ.പ്രവ.5:3,4.)
- → അനുഗ്രഹിക്കുന്നതിൽ പരിശുദ്ധാത്മാവിൻെറ പങ്കാളിത്തം (2കൊരി.13:14; സംഖ്യാ.6.24 26)

## 6. പരിശുദ്ധാത്മാവിൻെറ ദിവ്യമായ അധികാരം

- → ശുശ്രൂഷക്കായിട്ട് വിളിച്ചു വേർതിരിക്കുന്നു(അ.പ്രവർ.13:2) "വിളിച്ചിരിക്കുന്ന വേലയ്ക്കായിട്ട് അവരെ എനിക്കു വേർതിരിക്കുവിൻ എന്ന് പരിശുദ്ധാത്മാവ് പറഞ്ഞു"
- → സ്നാനം കഴിപ്പിക്കുന്നതിനോടുള്ള ബന്ധത്തിലുള്ള ക്രമം (മത്താ.28:19) "പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ...."
- → ക്രിപാവരങ്ങൾ നൽകുന്നതിലുള്ള അധികാരം (1കൊരി.12:4)

## 7. പ്രായോഗികം

- → പിതാവായ ദൈവത്തോടും പുത്രനായ ദൈവത്തോടും സമനായ പരിശുദ്ധാത്മാവാം ദൈവം സകല മഹത്വത്തിത്തിനും യോഗ്യനാകുന്നു.
- → ദൈവത്തിൻെറ മഹത്വംകണ്ടതു കൊണ്ട് മോശെ അവനെ ആരാധിച്ചു. (പുറ. 34)
- → ദാവീദ് ദൈവത്തിൻെറ മഹത്വം കണ്ട് ദൈവത്തിൻെറ മുൻപാകെ നടന്നു. (സങ്കീ.139:23,24)
- → യെശയ്യവ് ദൈവത്തിൻെറ മഹത്വം കണ്ട് അവനെ ആരാധിച്ചു (യെശ.6)

# പാഠം 4
# പരിശുദ്ധാത്മാവിൻെറ നാമങ്ങൾ

പരിശുദ്ധാത്മാവിൻെറ പേര് എന്താണ്? വേദപുസ്തകത്തിൽ അങ്ങനെ ഒരു പേര് കാണാൻ കഴിയുന്നില്ല എങ്കിലും, പരിശുദ്ധാത്മാവിൻെറ സ്വഭാവസവിശേഷതകളെ തെളിയിക്കുന്ന ധാരാളം നാമങ്ങളും വിശേഷണങ്ങളും വേദപുസ്തകത്തിലുണ്ട്. വേദപുസ്തകത്തിൽ പരിശുദ്ധാത്മാവിന് നൂറിലധികം നാമങ്ങളും വിശേഷണങ്ങളും തിരുവചനത്തിൽ കാണുവാൻ കഴിയും. അവ ഓരോന്നും തൻെറ ദൈവത്വത്തെയും, സ്വഭാവത്തെയും, പ്രവർത്തങ്ങളെയും കുറിക്കുന്നു. പരിശുദ്ധാത്മാവിൻെറ പേരുകളെ കുറിച്ചുള്ള പഠനം തൻെറ വ്യക്തിത്വത്തെയും, പ്രവർത്തനങ്ങളെയും കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു.

## 1. **പരിശുദ്ധാത്മാവ്** (സങ്കീ.51:11, ലൂക്കോ.11:13, എഫെ.1:13-14)

പരിശുദ്ധാത്മാവ് എന്നാണ് സാധാരണയായി ഉപയോഗിച്ചു വരുന്ന പേര്. ആത്മാവ് എന്ന വാക്കിനർത്ഥം "ശ്വാസം" (യോഹ.20:22) അഥവാ "കാറ്റ്" എന്നാണ് (യോഹ.3:6-8). ദൈവത്തിൻെറ നിശ്വാസമാണ് ആത്മാവ്, ഉയർപ്പിക്കാൻ തക്കവണ്ണം മതിയായതാണ് തൻെറ ജീവൻ. ആത്മാവ് അദൃശ്യനാണ്. 'പരിശുദ്ധൻ' എന്നാൽ ''വേർതിരിച്ചത്'' അല്ലെങ്കിൽ ''വിശുദ്ധമായത്'' എന്നർത്ഥം. ഇത് തൻെറ 'അതുല്യതയെ' കാണിക്കുന്നു. അടിസ്ഥാനപരവും ധാർമ്മികവുമായ ആത്മാവിൻെറ സ്വഭാവത്തെ 'പരിശുദ്ധാത്മാവ്' എന്ന നാമം സൂചിപ്പിക്കുന്നു. താൻ തന്നിൽ തന്നെ വിശുദ്ധനും മറ്റുള്ളവർക്ക് വിശുദ്ധി പകർന്നു കൊടുക്കുന്നവനും ആകുന്നു. ജീവിത വിശുദ്ധിയാണ് ആത്മനിറവിൻെറ അടയാളം. നമ്മിൽ വസിക്കുന്നവൻ പരിശുദ്ധനാകയാൽ നാമും വിശുദ്ധജീവിതം നയിക്കണമെന്ന് താൻ ആഗ്രഹിക്കുന്നു.

## 2. **ദൈവത്തിൻെറ ആത്മാവ്** (1കൊരി.3:16)

ആദ്യമായി തിരുവചനത്തിൽ കാണുന്ന പേര് 'ദൈവത്തിൻെറ ആത്മാവ്' എന്നാണ് (ഉല്പ 1:2). ഈ നാമം പരിശുദ്ധാത്മാവിൻെറ ദൈവീകമായ സ്വഭാവത്തെയും ശക്തിയെയും കുറിക്കുന്നു (റോമ. 8:9; 1കൊരി.3:16). കർത്താവിൻെറ ആത്മാവ് (ലൂക്കൊ.4:48), യേശുവിൻെറ ആത്മാവ് (അ.പ്രവ.16:7), ക്രിസ്തുവിൻെറ ആത്മാവ് (1പത്രോ.1:11) തുടങ്ങി അനേകം ദൈവീകനാമങ്ങൾ പരിശുദ്ധാത്മാവിന് ഉള്ളതായി കാണാം. പരിശുദ്ധാത്മാവിൻെറ ദൈവത്വത്തെ ഈ നാമങ്ങൾ തെളിയിക്കുന്നു. പരിശുദ്ധാത്മാവ് ദൈവമാണ്.

## 3. **സത്യത്തിൻെറ ആത്മാവ്** (യോഹ.14:16-17; 16:13; 1കൊരി.2:12-16)

പരിശുദ്ധാത്മാവ് സകല സത്യത്തിൻേറയും ഉറവിടമാകുന്നു. പേര് സൂചിപ്പിക്കുന്നതു പോലെ നമ്മെ സകല സത്യത്തിലും വഴി നടത്തും (യോഹ.16:13). സത്യത്തിൻെറ അത്മാവാകയാൽ പരിശുദ്ധാത്മാവിൻെറ ശുശ്രൂക്ഷകൾ:

- → നമ്മെ സകല സത്യത്തിലും വഴിനടത്തുന്നു (യോഹ.16:13),
- → വരുവാനുള്ളത് അറിയിച്ചു തരുന്നു (യോഹ.16:13),
- → ക്രിസ്തുവിനെ മഹത്വപ്പെടുത്തുന്നു (യോഹ.16:14) .

## 4. **പക്ഷവാദം ചെയ്യുന്നവൻ** (റോമർ 8:26)

ക്രിസ്തു യേശു പിതാവിൻെറ സന്നിധിൽ നമുക്ക് വേണ്ടി സദാ പക്ഷവാദം ചെയ്തുകൊണ്ടിരിക്കുന്നു (റോമർ 8:34; എബ്രാ.7:25). സ്വർഗ്ഗീയനായ മദ്ധ്യസ്ഥനാണ് ക്രിസ്തു . നമ്മിലുള്ള പരിശുദ്ധാത്മാവ് നമുക്ക് വേണ്ടി പക്ഷവാദം ചെയ്തുകൊണ്ടിരിക്കുന്നു. പരിശുദ്ധാത്മാവ് നമ്മിൽ 'അധിവസിക്കുന മധ്യസ്ഥനാണ്'. കൃപാസനത്തിലേക്ക് നമ്മെ നയിക്കുന്നത് പരിശുദ്ധാത്മാവാണ്. നാം ദൈവസന്നിധിയോട് അടുത്തു ചെല്ലുമ്പോൾ നമ്മുടെ ഞരക്കങ്ങളെ പൂർണ്ണതയുള്ളതായി പിതാവിൻെറ സന്നിധിയിൽ പ്രാർത്ഥനയായി എത്തിക്കുന്നത് പരിശുദ്ധാത്മാവാണ്. പ്രാർത്ഥനയിൽ മനുഷ്യനും ദൈവത്തിനുമിടയിൽ വരുന്ന ഏക മദ്ധ്യസ്ഥനാണ്. വേണ്ടും വണ്ണം പ്രാർത്ഥിക്കേണ്ടത് എങ്ങനെ എന്ന് നാം അറിയുന്നില്ല. ദൈവഹിതപ്രകാരം പ്രാർത്ഥിക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നു.

## 5. കാര്യസ്ഥൻ (യോഹ.14:16;15:26;16:7)

'പരാക്ലീറ്റൊസ്' എന്ന ഗ്രീക്ക് പദം ഇവിടെ ഉപയോഗിച്ചിരിക്കുന്നു. ഇതിനെ കാര്യസ്ഥനെന്നും, സഹായകനെന്നും, ഉപദേഷ്ടാവെന്നും, മദ്ധ്യസ്ഥൻ എന്നും പരിഭാഷപ്പെടുത്താം. യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിൻെറ അടുക്കൽ ഉണ്ട് (1യോഹ.2:1). മറ്റൊരു കാര്യസ്ഥൻ (യോഹ.14:16). ഗ്രീക്കിലെ 'അല്ലൊസ്' എന്നാൽ 'ഒരുപോലെയുള്ള മറ്റൊന്ന്' എന്നർത്ഥം. കാര്യസ്ഥൻ എന്ന നിലയിൽ പരിശുദ്ധാത്മാവിൻെറ ശുശ്രൂഷകൾ:

→ **സഹായകൻ** - (യോഹ.14:16) "എന്നേക്കും നിങ്ങളോടു കൂടെ ഇരിക്കേണ്ടതിന്" അവൻ നമ്മെ ഒരുനാളും വിട്ടുപോകുന്നില്ല..

→ **പഠിപ്പിക്കുന്നവൻ** -(യോഹ.14:26) "സകലവും ഉപദേശിച്ചു തരുകയും". ആത്മീയകാര്യങ്ങളെ കുറിച്ച്

→ **സാക്ഷ്യം പറയുന്നവൻ** - (യോഹ.15:26) "കർത്താവിനെ കുറിച്ച് സാക്ഷ്യം" പറയുന്നു.

→ **ബോധ്യം വരുത്തുന്നവൻ** -(യോഹ.16:7) "പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധ്യം വരുത്തുന്നു." നമ്മുടെ പാപങ്ങളെ നമുക്ക് ബോധ്യപ്പെടുത്തി തരുന്നു. നീതിയെ കുറിച്ചും ന്യായവിധിയെ കുറിച്ചും ബോധ്യം വരുത്തുന്നു.

## 6. അച്ചാരം (എഫെ.1:13-14; 2കൊരി.1:22; 5:5)

പൗലൊസ് അപ്പൊസ്തലൻ ഈ പേര് മൂന്ന് പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. വിശ്വാസികൾക്ക് പരിശുദ്ധാത്മാവിനെ ഈടായി ലഭിച്ചിരിക്കുന്നു. ആത്മാവിൻെറ വരം വിശ്വാസികൾക്ക് ഒരു മുൻകൂറായി ലഭിച്ചിരിക്കയാൽ അത് നമുക്ക് സ്വർഗ്ഗീയ അവകാശങ്ങൾ ഉറപ്പിച്ചുതരുന്നു. നമ്മുടെ അവകാശത്തിൻെറ അച്ചാരമാണ് പരിശുദ്ധാത്മാവ്. നമുക്ക് ലഭിച്ചിരിക്കുന്നത് വരുവാനുള്ളതിൻെറ നിഴൽ മാത്രമാണ്. കടക്കാരായിരുന്ന നമുക്ക് അച്ചാരമായി ലഭിച്ചിരിക്കുന്നു. അച്ചാരം എന്നു പറയുമ്പോൾ തുടർന്നും ധാരാളമായ അനുഗ്രഹങ്ങൾ വരുവാനുണ്ട് എന്നു കാണിക്കുന്നു. നിത്യതയിൽ നമുക്കു ലഭിക്കുന്ന അനുഗ്രഹങ്ങളുടെ ഒരു മുൻകൂറായി പരിശുദ്ധാത്മാവ് ഇരിക്കുന്നു.

## 7. പുത്രത്വത്തിൻ ആത്മാവ് (റോമർ 8:14-16.)

'അബ്ബാ പിതാവേ' എന്നു വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെ നമുക്ക് നൽകിയിരിക്കുന്നു. നമ്മെ ദൈവഭവനത്തിൻെറ അംഗങ്ങളാക്കി തീർത്തിരിക്കുന്നു (റോമർ 8:15,16; ഗലാ.4:6; എഫെ.1:5). ഒരാളെ പുത്രൻെറ സ്ഥാനത്താക്കുന്നു എന്നർത്ഥം. ഒരുവനെ നിയമപരമായി പുത്രനായി പ്രഖ്യാപിക്കുന്നു, പുത്രൻെറ എല്ലാ അവകാശങ്ങളും ലഭിക്കുന്നു. പഴയനിയമത്തിൽ ദൈവം യിസ്രായേലിനെ ദത്തെടുത്തു, പുറപ്പാട് 4:22 – ൽ, "നീ ഫറവോനോട്: യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: യിസ്രയേൽ എൻെറ പുത്രൻ, എൻെറ ആദ്യജാതൻ തന്നെ." എന്ന് മോശെയോട് ദൈവം അരുളിച്ചെയ്തു. ഒരു പ്രിയ പുത്രൻ പിതാവിനെ വിളിക്കുന്നതാണ് അബ്ബാ എന്ന് (മർ.14:36). ദത്തെടുക്കലിൻെറ ഫലമായി പുത്രത്വം ലഭിക്കുന്നു – നാം അവകാശികളും ക്രിസ്തുവിനോടു കൂടെ കൂട്ടവകാശികളും ആകുന്നു.

# പാഠം 5

# <u>പരിശുദ്ധാത്മാവിനെതിരെയുള്ള പാപങ്ങൾ</u>

വിശ്വാസികളായ നമ്മിൽ അധിവസിക്കുന്നവനും, നമ്മുടെ കൂട്ടാളിയും, സഹായിയും, ആശ്വാസദായകനും, മദ്ധ്യസ്ഥനും ആണ് പരിശുദ്ധാത്മാവ്. പരിശുദ്ധാത്മാവ് നിസ്തുല്യനായ വ്യക്തിയും ദൈവവുമാണ്. വിശ്വസിക്കുന്ന നിമിഷത്തിൽ തന്നെ നാം രക്ഷിക്കപ്പെടുകയും പരിശുദ്ധാത്മാവിനാൽ മുദ്രയിടപ്പെടുകയും ചെയ്യുന്നു. ത്രിത്വത്തിൽ ഒരാളാകയാൽ നാം ചെയ്യുന്ന എല്ലാ തെറ്റും പരിശുദ്ധാത്മാവിനെതിരെയുള്ള പാപങ്ങളാണ്.

## 1. <u>ആത്മാവിനെ ദൂഷിക്കുക</u> (മത്താ.12:31-32; മർക്കൊ.3:22-30)

ഒരുനാളും ക്ഷമിക്കാത്ത പാപം എന്നത് വേദപുസ്തകം പഠിപ്പിക്കുന്ന ദൈവകൃപയ്ക്ക് എതിരായിട്ടിരിക്കുന്നത് പലർക്കും മനസ്സിലാകാൻ പ്രയാസമായിട്ടിരിക്കുന്നു. *"സകല പാപവും ദൂഷണവും മനുഷ്യരോടു ക്ഷമിക്കും. ആത്മാവിനു നേരെയുള്ള ദൂഷണമോ ക്ഷമിക്കയില്ല."* വളരെ തെറ്റിദ്ധരിക്കപ്പെടുകയും തെറ്റായി പഠിപ്പിക്കുകയും ചെയ്യുന്ന ഒരു വേദഭാഗമാണ് ഇത്. വേദപുസ്തകം പഠിപ്പിക്കുന്നത് ഇപ്രകാരമാണു:

- ദൈവക്രിപ എല്ലാ പാപങ്ങളും ക്ഷമിക്കുന്നു (1യോഹ.1:9)
- പാപം പെരുകുന്നിടത്ത് ക്രിപ അത്യന്തം പെരുകികൊണ്ടിരിക്കുന്നു (റോമർ.5:20)
- ദൈവത്തിന് ക്ഷമിക്കാൻ പറ്റാത്തതായിട്ട് ഏതെങ്കിലും പാപമുണ്ടോ?
- എന്നാൽ ആത്മാവിനെതിരെയുള്ള ദൂഷണം ഒരുനാളും ക്ഷമിക്കാനും പരിഹരിക്കാൻ പറ്റാത്തും ആണെന്ന് കർത്താവ് പറഞ്ഞിരിക്കുന്നു.

കർത്താവിൻെറ പ്രസംഗം കേൾക്കുന്നതിനായി മതനേതാക്കൾ കടന്നു വന്നു എങ്കിലും, കർത്താവു പറഞ്ഞ എല്ലാ കാര്യങ്ങളെയും അവർ എതിർത്തു. തൻെറ അത്ഭുതപ്രവർത്തികളെ സാത്താൻെറ ശക്തിയായി പരീശന്മാരും മറ്റും വിശേഷിപ്പിച്ചു. അങ്ങനെ പരിശുദ്ധാത്മാവിനെ സാത്താൻ എന്ന് വിളിച്ചു ദുഷിച്ചു. പരിശുദ്ധാത്മാവിൻെറ പ്രവർത്തികളെ പൈശാചിക പ്രവർത്തിയായി വിശേഷിപ്പിച്ചു. ക്രിസ്തുവിലുള്ള വിശ്വാസത്തിലേക്ക് പരിശുദ്ധാത്മാവ് നമ്മെ നയിക്കുമ്പോൾ അതിനോട് എതിർത്തുനിൽക്കുന്നതാണ് പരിശുദ്ധാത്മാവിനെതിരെയുള്ള ദൂഷണം. രക്ഷയിലേക്ക് നയിക്കുന്ന പരിശുദ്ധാത്മാവിൻെറ ശക്തിയെ നിരസിച്ചാൽ, ആ പാപം ഒരുനാളും ക്ഷമിക്കപ്പെടുകയില്ല. കർത്താവിൻെറ വീണ്ടെടുപ്പിൻെറ പ്രവർത്തിയിലേക്ക് പരിശുദ്ധാത്മാവ് നയിക്കുമ്പോൾ അതിനെ അത്യന്തികമായി നിരസിക്കുന്നതാണ് ക്ഷമിക്കാൻ പറ്റാത്ത പാപം.

**<u>ഒരു അവിശ്വാസി പരിശുദ്ധാത്മാവിനെ ദൂഷിക്കുന്നു.</u>**

## 2. <u>ആത്മാവിനെ നിന്ദിക്കുക</u> (എബ്രാ.10:26-29)

സത്യത്തിൻെറ പരിജ്ഞാനം ലഭിക്കുകയും, തങ്ങളുടെ ജീവിതത്തെ കർത്താവിന് സമർപ്പിക്കാതിരിക്കുകയും ചെയ്യുന്നവർ കൃപയുടെ ആത്മാവിനെ നിന്ദിക്കുന്നു. അവരുടെ വിശ്വാസം പുറമെയുള്ളതും എന്നാൽ ക്രിസ്തുവിനെ പൂർണ്ണമായും നിരസിക്കുന്നതും ആകുന്നു (എബ്രാ.6:4–8). സത്യത്തിൻെറ പരിജ്ഞാനം ലഭിച്ചശേഷം നാം മന:പൂർവം പാപം ചെയ്താൽ, പാപങ്ങൾക്കു വേണ്ടി ഇനിയൊരു യാഗവും ശേഷിക്കുന്നില്ല.

**<u>വിശ്വാസി എന്ന് നടിക്കുന്നവൻ ക്രിപയുടെ ആത്മാവിനെ നിന്ദിക്കുന്നു.</u>**

## 3. ആത്മാവിനെ മറുത്തുനിൽക്കുക (അ.പ്രവർ.7:51; യെശ.63:9,10)

സ്തെഫാനൊസ് തൻെറ പ്രഭാഷണത്തിൽ യിസ്രായേൽ ജനത തലമുറതലമുറയായി പരിശുദ്ധാത്മാവിനെതിരെ മറുത്തു നിന്നതെങ്ങനെയാണെന്ന് പറയുന്നു. അവർ ദുശ്ശാഠ്യമുള്ളവരും ദൈവസന്നിധിയിൽ തങ്ങളെ തന്നെ താഴ്ത്താൻ മനസ്സില്ലാത്തവരും ആയിരുന്നു. പരിശുദ്ധാത്മാവ് സർവ്വശക്തനായ ദൈവമാണെങ്കിലും, പലരും പരിശുദ്ധാത്മാവിനെ അനുസരിക്കാതെ എതിർത്തു നിൽക്കുന്നു. പരിശുദ്ധാത്മാവാണ് നമ്മെ വഴിനടത്തുന്നത് (യോഹ.16:13), എങ്കിലും നിർബന്ധത്താൽ ആരെയും സത്യത്തിലേക്ക് നടത്തുന്നില്ല. ദൈവത്തോടു മത്സരിക്കുന്നത് പാപമാണ്. അതിനെ ദൈവം കർശനമായിട്ട് നേരിടും.

**ഒരു ജഡികനായ വിശ്വാസി പരിശുദ്ധാത്മാവിനെ എതിർത്തുനിൽക്കുന്നു.**

## 4. ആത്മാവിനെ ദു:ഖിപ്പിക്കുക (എഫെ.4:29-32)

പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്ന വികാരങ്ങളുള്ള വ്യക്തിയായതിനാൽ, അവന് ദു:ഖിക്കുവാൻ കഴിയും.

**ഒരു വിശ്വാസിക്ക് പരിശുദ്ധാത്മാവിനെ ദുഖിപ്പിക്കുവാൻ കഴിയും.**

→ തെറ്റായ വാക്കുകളിലൂടെയും(എഫെ.4:29)

→ തെറ്റായ ചിന്തയിലൂടെയും (എഫെ.4:31)

→ തെറ്റായ പ്രവർത്തിയിലൂടെയും (എഫെ.5:3) . പരിശുദ്ധാത്മാവിനെ ദുഖിപ്പിക്കുവാൻ കഴിയും.

## 5. ആത്മാവിനെ കെടുത്തുക (1തെസ്സ.5:19)

പരിശുദ്ധാത്മാവിനെ ദുഖിപ്പിക്കുന്നത് ദൈവാത്മാവിൻെറ പ്രവർത്തികളെ കെടുത്തികളയും. കെടുത്തുക എന്നാൽ 'ഇല്ലാതാക്കുക, തീ അണയ്ക്കുക' എന്നൊക്കെ അർത്ഥമുണ്ട്. പരിശുദ്ധാത്മാവ് ഒരു ജ്വാല പോലെയാണ്. നമ്മിലൂടെ പ്രവർത്തിക്കുവാനും, നമ്മുടെ മനോഭാവത്തിലൂടെയും പ്രവർത്തിയിലൂടെയും കാണപ്പെടുവാനും പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നു. എപ്പോഴും സന്തോഷിക്കുകയും, പ്രാർത്ഥിക്കുകയും, സ്തോത്രം ചെയ്യുകയും (1തെസ്സ. 5:19) ചെയ്യുന്നതാണ് ആത്മാവിൽ നിറഞ്ഞ ജീവിതത്തിൻെറ അടയാളങ്ങൾ. പരിശുദ്ധാത്മാവിൻെറ പ്രവർത്തിയെ തടസ്സപ്പെടുത്തുന്നതിലൂടെ നാം ആത്മാവിനെ കെടുത്തുകയാണ് ചെയ്യുന്നത്.

**ഒരു വിശ്വാസിക്കു പരിശുദ്ധാത്മാവിനെ കെടുത്തുവാൻ സാധിക്കും.**

## 6. ആത്മാവിനെ പരീക്ഷിക്കുക (അ.പ്രവർ. 5:1-11)

അനന്യാസും സഫീരയും പരിശുദ്ധാത്മാവിനെതിരെ വ്യാജം കാണിച്ചവരാണ്. പരിശുദ്ധാത്മാവ് ദൈവമായിരിക്കെ പാപത്താൽ ഒരുനാളും പരീക്ഷിക്കപ്പെടുന്നില്ല (യാക്കോ.1:13). അവർക്ക് കിട്ടിയതിൻെറ ഒരു ഭാഗം എടുത്തുവച്ച്, എല്ലാം ദൈവത്തിനു കൊടുത്തു എന്ന് നടിച്ചു. കാപട്യത്തിന് കഠിനമായ ശിക്ഷാവിധി കാത്തിരിക്കുന്നുണ്ട്.

**ഒരു വിശ്വാസിക്കു പരിശുദ്ധാത്മാവിനെ പരീക്ഷിക്കാൻ കഴിയും.**

# പാഠം 6

# പരിശുദ്ധാത്മാവിൻെറ ഉപമാനങ്ങൾ

ആത്മീയ സത്യങ്ങളെ നമ്മുടെ മാനുഷികമായ കാഴ്ച്ചപ്പാടിൽ കാണുവാൻ സാധ്യതയുള്ളതു കൊണ്ട്, ആത്മീയ സത്യങ്ങളെ ശരിയായി മനസ്സിലാക്കി തരുന്നതിന് വേണ്ടി വേദപുസ്തകത്തിൽ ചിലയിടങ്ങളിൽ ഉപമാനങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ക്രിസ്തു ആയിരുന്നതു പോലെ പരിശുദ്ധാത്മാവിനെ ഒരുനാളും പ്രത്യക്ഷത്തിൽ കാണുവാൻ സാധിക്കുന്നില്ല. എന്നാൽ വേദപുസ്തകത്തിൽ, പരിശുദ്ധാത്മാവിനെ കുറിച്ചുള്ള സത്യങ്ങൾ നമുക്ക് ബോധ്യം വരുത്തുന്നതിനു വേണ്ടി അനേകം ഉപമാനങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതായി കാണുവാൻ സാധിക്കും. ഉപമാനം എന്നു പറയുമ്പോൾ ഭൗതീകമായ അടയാളങ്ങൾ ഉപയോഗിച്ച് ആത്മീയ സത്യങ്ങളെ മനസ്സില്ലാക്കി തരുന്നതാണ്. ഉപമാനത്തിൻെറ ഉദ്ദേശം നമുക്ക് മനസ്സിലാകുന്നതിനു വേണ്ടി ഉദാഹരണ സഹിതം സത്യത്തെ വെളിച്ചത്തു കൊണ്ടുവരിക എന്നുള്ളതാണ്. പരിശുദ്ധാത്മാവിൻെറ വ്യക്തിത്വത്തെയും, സ്വഭാവത്തെയും പ്രവർത്തനത്തെയും ഉപമാനങ്ങൾ വെളിപ്പെടുത്തുന്നു.

1. **പ്രാവ്** (മത്താ.3:16,17; മർക്കോ.1:10; ലൂക്കൊ.3:22; യോഹ.1:32) യേശു സ്നാനം ഏറ്റ ഉടനെ പരിശുദ്ധാത്മാവ് പ്രാവെന്നപൊലെ ഇറങ്ങി വരുന്നത് നാല് സുവിശേഷങ്ങളിലും കാണുന്നുണ്ട്.

   → **കളങ്കമില്ലായ്മ**: പ്രാവ് കളങ്കമില്ലായ്മയെ കാണിക്കുന്നു. ശുദ്ധിയുള്ള പക്ഷിയാണ് പ്രാവ്. പഴയനിയമത്തിൽ യാഗത്തിനായി പ്രാവിനെ ഉപയോഗിക്കുമായിരുന്നു. ആത്മാവ് പരിശുദ്ധനാണ്. അവൻ പരിശുദ്ധാത്മാവാണ്. (സങ്കീ. 51:11; ലൂക് 11:13).

   → **സമധാനം**: സമാധാനത്തിൻെറ ചിഹ്നമാണ് പ്രാവ്. പ്രാവിനെ പോലെ നിഷ്കളങ്കരായിക്കാൻ പറഞ്ഞിട്ടുണ്ട് (മത്താ.10:16). ആത്മാവിൻെറ ഫലങ്ങളിൽ ഒന്നാണ് സമാധാനം (ഗലാ.5.22,23).

   → **സ്ഥിരത**: സ്ഥിരമായി വസിക്കുന്നു അത് അവൻെറ (ക്രിസ്തുവിൻെറ) മേൽ വസിച്ചു (യോഹ.1:32). വിശ്വാസികളോടു കൂടെയുള്ള പരിശുദ്ധാത്മാവിൻെറ അധിവാസത്തെ ഇതു കാണിക്കുന്നു. ദൈവത്തിൻെറ മന്ദിരമായ നമ്മുടെ ശരീരത്തിൽ പരിശുദ്ധാത്മാവ് വസിക്കുന്നു (1കൊരി.6:19)

2. **അഗ്നിജ്വാല** (പ്രവർ.2:3,4) അഗ്നി എന്നല്ല 'അഗ്നിജ്വാല പോലെ' എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ഇതു തീയാലുള്ള സ്നാനമല്ല (മത്താ. 3:11,12; മാർക്കോ.1.8; ലൂക്കോ.3:16). ഇത് പഴയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന ഒരു ഉപമാനമാണ്.

   → കർത്താവിൻെറ **സാന്നിധ്യം**: ദൈവം അഗ്നിജ്വാലയിൽ മോശെയ്ക്ക് പ്രത്യക്ഷനായി (പുറ,3:2). നമ്മോടു കൂടെ എന്നേക്കും ഇരിക്കേണ്ടതിന് പിതാവ് പരിശുദ്ധാത്മാവിനെ അയച്ചു.(യോഹ.14:13)

   → കർത്താവിൻെറ **സംരക്ഷണം**: യിസ്രായേൽ മക്കളെ സം രക്ഷിക്കുന്നതിന്നായി അവരുടെ വഴിയിൽ വളിച്ചമായിരുന്നുകൊണ്ട് ദൈവം അഗ്നിതൂണായി അവരുടെ മുൻപാകെ നടന്നു (പുറ.13:21). പരിശുദ്ധാത്മാവ് നമ്മുടെ സഹായകനും സം രക്ഷകനും ആകുന്നു.( യോഹ.14:16)

   → കർത്താവിൻെറ **അംഗീകാരം**: യഹോവയുടെ സന്നിധിയിൽനിന്നു തീ പുറപെട്ട് യാഗപീഠത്തിന്മേൽ ഉള്ള ഹോമയാഗവും മേദസ്സും ദഹിപ്പിച്ചു. (ലേവ്യ.9:23,24).

3. **തൈലം** (ലൂക്കോ. 4:18; അ.പ്രവർ.10:38; 2കൊരി.1:21; 1യോഹ.2:20) തൈലം കൊണ്ട് അഭിഷേകം ചെയ്താണ് ശുശ്രൂഷകൾക്കായിട്ട് തിരഞ്ഞെടുത്തിരുന്നത് (ലൂക്കോ.4:18). അതുപോലെ തന്നെ ഒരുവിശ്വാസിയേയും ആത്മാവാൽ അഭിഷേകം ചെയ്തിരിക്കുന്നു (അ.പ്രവർ.1:8)

   → **അഭിഷേകംചെയ്യുന്നു**: പുരോഹിതന്മാരെയും (ലേവ്യ.8:10,12), പ്രവാചകന്മാരേയും (1രാജാ.19:16), രാജാക്കന്മാരേയും (1ശമു.10:1) അഭിഷേകതൈലം തളിച്ച് ശുശ്രൂക്ഷയ്ക്കായിട്ട് അഭിഷേകം ചെയ്തിരുന്നു. ശുശ്രൂഷയ്ക്കായിട്ട് പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയുന്നു (1കൊരി.1:21)

   → **പ്രകാശിപ്പിക്കുന്നു**: സമാഗമനകൂടാരത്തെ പ്രാകാശപൂർണ്ണമാക്കുന്നതിന് എണ്ണ ഉപയോഗിച്ചിരുന്നു. ഒലിവ് എണ്ണ ഒഴിച്ച സ്വർണ്ണം കൊണ്ടുള്ള നിലവിളക്കിൽ നിന്നാണ് സമാഗമന കൂടാരത്തിൽ പ്രകാശം ലഭിച്ചിരുന്നത്. അവ നിത്യം പ്രകാശിച്ചു കൊണ്ടിരിക്കും. (പുറ.27:20, 21). ആത്മാവ് നമ്മുടെ ഹൃദയത്തെ പ്രകാശിപ്പിക്കുന്നു (യോഹ.16:12-15)

   → **ശുദ്ധീകരിക്കുന്നു** - ശുദ്ധീകരിക്കുന്നതിന് എണ്ണ ഉപയോഗിച്ചിരുന്നു (ലേവ്യ. 8:30; 14:17). കുഷ്ടരോഗികളെ എണ്ണ ഉപയോഗിച്ച് ശുദ്ധീകരിച്ചിരുന്നു (ലേവ്യ. 14:16-18). വിശ്വാസിയെ പരിശുദ്ധാത്മാവ് ശുദ്ധീകരിക്കുന്നു (തീത്തൊ.3:5)

4. **വെള്ളം** (യോഹ.4:14; 7:38,39) സ്വസ്ഥതയുള്ള വെള്ളം ദൈവവചനത്തിനും, ജീവനുള്ള വെള്ളം അഥവാ ജീവജല നദി എന്നത് ആത്മാവിനേയും കുറിക്കുന്നു. യിരെ. 17:13 - വെള്ളം എന്നപോലെ

→ **ശുദ്ധീകരിക്കുന്നു**, യോഹ.13:10;15:3. ആത്മാവ് ക്രിസ്തുവിൻെറ രക്തത്താൽ നമ്മെ ശുദ്ധീകരിക്കുന്നു.

→ **ദാഹം ശമിപ്പിക്കുന്നു**. യോഹ.4:14; 1രാജാ.17:12. സൗജന്യമായി നൽകുന്നു.

→ **വളരുവാൻ സഹായിക്കുന്നു**. (സങ്കീ.1:3). ആത്മാവ് ഒരു വിശ്വാസിയെ വളരുവാൻ സഹായിക്കുന്നു.

5. **കാറ്റ്** (യോഹ.3: 8; അ.പ്രവർ.2:1-2) പരിശുദ്ധാത്മാവിനുപയോഗിച്ചിരിക്കുന്ന എബ്രായ പദമായ "റുഹ", ഗ്രീക്ക് പദമായ "ന്യൂമ" എന്നിവയുടെ അർത്ഥം കാറ്റ് അഥവ ശ്വാസം എന്നാണ്. പരിശുദ്ധാത്മാവിൻെറ പ്രവർത്തനത്തെ ഇത് കാണിക്കുന്നു.

→ **ആത്മാവ് അദൃശ്യനാണ്** എങ്കിലും അനുഭവിച്ചറിയാൻ സാധിക്കുന്നു. പുതുതായി ജനിക്കുന്നതും കാണുവാൻ സാധിക്കുന്നില്ല. എങ്കിലും അതിൻെറ ഫലം കാണത്തക്കതും ഫലപ്രദവും ആയിരിക്കും.

→ **ആത്മാവ് സർവ്വാധികാരിയാണ്** (യോഹ. 3:8) കാറ്റ് ഇഷ്ടമുള്ളിടത്ത് വീശുന്നതുപോലെ, അത്മാവും തനിക്ക് പ്രവർത്തിക്കുവാനുള്ള തലം താൻ തന്നെ തിരഞ്ഞെടുക്കുന്നു. പരിശുദ്ധാത്മാവ് തനിക്കിഷ്ടമുള്ളവർക്ക് ആത്മവരങ്ങൾ നൽകുന്നു. ശുശ്രൂഷക്കായിട്ട് ആളുളെ ആക്കിവയ്ക്കുന്നതും പരിശുദ്ധാത്മാവാണ് (അ.പ്രവർ. 13:2; 20:28).

→ **ആത്മാവ് ശക്തനാണ്** 2പത്രോ 1.21. ആത്മാവ് സർവ്വശക്തനാണ്. കാറ്റ് ശക്തിയുള്ളതാണ്.ഒരു മനുഷ്യനെ വീണ്ടും ജനിപ്പിക്കുന്നതും ദൈവമകനാക്കി തീർക്കുന്നതും പ്രിശുദ്ധാത്മാവാണ്.

6. **മുദ്ര** (2 കൊരി.1.22; എഫെ.1:13; 4:30) ഒരു വിശ്വാസിയെ പരിശുദ്ധാത്മാവാൽ മുദ്രയിട്ടിരിക്കുന്നു എന്ന് പുതിയനിയമത്തിൽ കാണുന്നു. വീണ്ടെടുപ്പ് നാളിനായിട്ട് നമ്മെ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു. മുദ്ര എന്നത്:

→ **മുദ്ര സംരക്ഷണത്തേയും, അവകാശത്തേയും, വാഗ്ദത്തത്തേയും** കാണിക്കുന്നു

7. **ദാസൻ** (ഉല്പ.24; രൂത്ത് 2:5) ഇന്ന്, സഭായുഗത്തിൽ പരിശുദ്ധാത്മാവിൻെറ ശുശ്രൂഷയും അബ്രഹാമിൻെറ ദാസനായ എലയാസരിൻെറ ശുശ്രൂഷയും തമ്മിൽ സാമ്യമുണ്ട് (ഉല്പ.24:5)

→ എലയാസരിനെ അബ്രഹാം ഒരു ദൗത്യവുമായി വാഗ്ദത്ത നാടായ കനാൻ ദേശത്തു നിന്നും മെസപൊത്താമ്യയിലേക്ക് അയയ്ക്കുന്നു. പിതാവാം ദൈവം പരിശുദ്ധാത്മാവിനെ സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേക്ക് ഒരു ദൗത്യവുമായി അയച്ചു.

→ എലയാസർ യിസ്ഹാക്കിന് കന്യകയെ അന്വേഷിക്കുന്നതിനുവേണ്ടി അയക്കപ്പെടുന്നു (ഉല്പ.24:10). ക്രിസ്തുവിനു വേണ്ടി സഭയാകുന്ന കന്യകയെ കണ്ടെത്തുക എന്നതാണ് പരിശുദ്ധാത്മാവിൻെറ ദൗത്യം (1കൊരി.12:13; 2കൊരി. 11:2).

→ എലയാസർ റിബെക്കായ്ക്ക് സമ്മാനങ്ങൾ നൽകുന്നു (ഉല്പ.24:22), പരിശുദ്ധാത്മാവ് വിശ്വാസികൾക്ക് വരം നൽകുന്നു (1കൊരി.12:4-11).

→ എലയാസർ റിബെക്കയെ അണിയിക്കുന്നു (ഉല്പ.24:22,53). എസ്ഥേർ 2-ൽ എസ്ഥേറിന് അണിയുവാൻ ആവശ്യമായതെല്ലാം ദാസൻ നൽകുന്നതായി കാണുന്നു. ആത്മാവ് ക്രിസ്തുവിനു വേണ്ടി ജനങ്ങളെ ഒരുക്കുന്നു (1കൊരി.12:11).

→ എലയാസർ ഇസ്ഹാക്കിനെ മഹത്വപ്പെടുത്തുന്നു. എലയാസർ തൻെറ യജമാനനെ കുറിച്ച് മാത്രം സംസാരിക്കുന്നു. തന്നെ കുറിച്ച് യാതൊന്നും പറയുന്നില്ല (ഉല്പ.24:34-49). പരിശുദ്ധാത്മാവ് ക്രിസ്തുവിനെ മഹത്വപ്പെടുത്തുന്നു (യോഹ.16:13,14)

## പാഠം 7
## പരിശുദ്ധാത്മാവും ത്രിത്വവും

ത്രിത്വത്തിലെ മൂന്നാമത്തെ വ്യക്തിയാണ് പരിശുദ്ധാത്മാവ്. പരിശുദ്ധാത്മാവ് ദൈവമാണ്, പിതാവിനും പുത്രനും തുല്യനും, ദൈവിക സത്ത പൂർണ്ണമായി ഉള്ളവനും, ദൈവികമായ അധികാരങ്ങളും, ദിവ്യസ്വഭാവങ്ങളും, ശക്തിയും ഉള്ളവനും, സകലത്തിൻെറയും ഉത്ഭവവും ആകുന്നു. ത്രിത്വത്തിൽ പിതാവിനെയും പുത്രനെയും പോലെ തന്നെ അതിവിശിഷ്ടമായ സ്ഥാനം പരിശുദ്ധാത്മാവിനും ഉണ്ട്. ഓരോ യുഗത്തിലും ത്രിത്വത്തിലെ ഓരോ വ്യക്തിക്കും വ്യത്യസ്ത ചുമതലകൾ ഉള്ളതായി ചിലർ കരുതുന്നു. അതായത്, പിതാവിന് സൃഷ്ടിപ്പും, വീണ്ടെടുപ്പ് പുത്രനും, രക്ഷ പരിശുദ്ധാത്മാവിനും. അല്ലെങ്കിൽ പിതാവ് പഴയനിയമത്തിലും, പുത്രൻ സുവിശേഷങ്ങളിലും, പരിശുദ്ധാത്മാവ് ഇന്നും പ്രവർത്തിക്കുന്നു. ഈ രീതിയിലുള്ള വിഭജനത്തിന് അടിസ്ഥാനമില്ലെങ്കിലും, അതിന് ചില പ്രത്യേകതകൾ ഉണ്ട്. "സൃഷ്ടിയുടെ ആരംഭം മുതലേ ത്രിത്വത്തിലെ മൂന്നു വ്യക്തികളും പൂർണ്ണ സഹകരണത്തോടെ പ്രവർത്തന നിരതരായിരുന്നു എന്നു കാണുവാൻ സാധിക്കും."

## 1. ദൈവീക ത്രിത്വം

ദൈവശാസ്ത്രത്തിൽ മനസ്സിലാക്കൻ സാധിക്കാത്ത മേഖലകൾ ഉണ്ട്. ദൈവത്തെ കുറിച്ചുള്ള സത്യങ്ങൾ മനസ്സിലാക്കുവാൻ നമ്മുടെ ബലഹീന മനസ്സുകൾ അപ്രാപ്യമാണ്. ദൈവത്തിൻെറ നിത്യത, ജ്ഞാനം, ശക്തി, തുടങ്ങിയവ. ദൈവത്തിൻെറ സൃഷ്ടിതന്നെ നമ്മുടെ ചിന്തകൾക്ക് അധീതമാണ്. അതുപോലെ തന്നെയാണു ത്രിത്വവും. പൂർണ്ണമായി വിശദീകരിക്കുവാൻ ആർക്കും സാധ്യമല്ല. സഭാചരിത്രത്തിൽ, ത്രിത്വം എന്ന ഉപദേശത്തെ ചൊല്ലി പല ചർച്ചകലും വാഗ്വാദങ്ങളും ഉണ്ടാവുകയും, ഒടുവിൽ വേദപുസ്തകത്തിൻെറ നിലപാടിൽ ഉറച്ചുനിലക്കാൻ തീരുമാനിക്കുകയും ചെയ്തു. തെറ്റായ ഉപദേശങ്ങളും കാലാകാലങ്ങളിൽ ഉണ്ടായികൊണ്ടിരുന്നു. ത്രിത്വം എന്ന ഉപദേശം അവിശ്വാസികൾക്കല്ല, വിശ്വാസികൾക്കുള്ളതാണ്. താഴെ പറയുന്ന ഉദ്ധരണികളും വാക്യങ്ങളും ശ്രദ്ധേയമാണ്.

- "ത്രിത്വത്തെ കുറിച്ച് പൂർണ്ണമായി മനസ്സിലാക്കുവാൻ ശ്രമിക്കുന്നവൻെറ മനസ്സ് നഷ്ടപ്പെടും, എന്നാൽ ത്രിത്വത്തെ നിരസിക്കുന്നവൻെറ ആത്മാവ് നഷ്ടപ്പെടും."; ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ എൻെറ വഴികൾ നിങ്ങളുടെ വഴികളിലും എൻെറ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു." (യെശ. 55:8-9); "മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ദൈവമായ യഹോവയ്ക്കുള്ളവയത്രേ; വെളിപ്പെട്ടിരിക്കുന്നവയോ നാം ഈ ന്യായപ്രാമാണത്തിൻെറ സകലവചനങ്ങളും അനുസരിക്കേണ്ടതിന് എന്നേക്കും നമുക്കും നമ്മുടേ മക്കൾക്കും ഉള്ളവയാകുന്നു." (ആവർ.29:28-29); "ദൈവത്തിൻെറ അഗാധത്വം ഗ്രഹിക്കാമോ? സർവ്വശക്തൻെറ സമ്പൂർത്തി മനസ്സിലാക്കാമോ?" (ഇയ്യോ.11:7).

### ത്രിത്വത്തിൻെറ അർത്ഥം:

ദൈവം അസ്ഥിത്വത്തിൽ ഒരുവനായും വ്യക്തിത്വത്തിൽ മൂന്നായും ഇരിക്കുന്നു. ഏകദൈവം മൂന്നു വ്യക്തിത്വങ്ങളിൽ. മൂന്നു ദൈവങ്ങൾ എന്നല്ല, ദൈവം ഏകനേ ഉള്ളു എന്നാൽ താൻ മൂന്ന് വ്യത്യസ്ത വ്യക്തികളായി പ്രവർത്തിക്കുന്നു. ആവർ.6:4 കാണുക. ഒരു ദൈവം മൂന്നു വ്യത്യസ്ത പ്രവർത്തികൾ ചെയ്യുന്നു എന്നല്ല, ദൈവം മൂന്നു വ്യത്യസ്ത വ്യക്തികളാണ്. എങ്ങനെ ഒരു ദൈവവും മുന്നു വ്യക്തികളും ആകും? ഉദാ:- ജലം. ഖരം, ദ്രാവകം, വാതകം എന്നത് ജലത്തിൻെറ വ്യത്യസ്ഥ അവസ്ഥകളാണ്. എന്നാൽ അവയെല്ലാം 100% വെള്ളമാണ്, അതുപോലെ ദൈവവും മൂന്ന് വ്യത്യസ്ഥ വ്യക്തികളാണ്.

### ത്രിത്വം – യുക്തിപരമായ കാരണങ്ങൾ

- ദൈവത്തിൻെറ അടിസ്ഥാന സ്വഭാവം സ്നേഹമാണ്. ദൈവം ഒരുവ്യക്തി മാത്രമായിരുന്നു എങ്കിൽ, സകലത്തേയും സൃഷ്ടിക്കുന്നതിനു മുൻപ് ദൈവം ആരെ സ്നേഹിച്ചിരുന്നു?
- സൃഷ്ടിയിലെല്ലാം ത്രിയേകത്വം കാണുവാൻ സാധിക്കും.
  - പ്രപഞ്ചത്തിൻെറ അടിസ്ഥാനം ത്രിത്വമാണ് – ആകാശം, ഭൂമി, സമുദ്രം
  - മനുഷ്യന് മൂന്ന് നിലയിലുള്ള അവസ്ഥകളുണ്ട് -ആത്മാവ്, ദേഹം ദേഹി (1തെസ്സ.5:23)
  - വസ്തു–ഖരം, ദ്രാവകം, വാതകം
  - സ്ഥലം– നീളം, വീതി, ഉയരം
  - ജലം– നീരാവി, ഐസ്, ദ്രാവകം
  - സൂര്യൻ– ചൂട്, വെളിച്ചം, രാസപ്രവർത്തനങ്ങൾ
  - കാലം– ഭൂതകാലം, വർത്തമാനകാലം, ഭാവികാലം

## ത്രിത്വം – തിരുവചനപ്രകാരം

- വേദപുസ്തകത്തിൽ ദൈവത്തിന്റെ ത്രീയേകത്വത്തെ കുറിച്ച് വെളിപ്പെടുത്തിയിരിക്കുന്നു. പഴയ നിയമത്തിൽ ഇത് വരുവാനുള്ളതിന്റെ നിഴലായി വെളിപ്പെട്ടിരുന്നു. സുവിശേഷങ്ങളിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. അപ്പൊസ്തല പ്രവർത്തികളിൽ ഇത് മനുഷ്യർക്ക് അനുഭവവേദ്യമായി. പുതിയനിയമ ലേഖനങ്ങളിൽ ഇത് എല്ലായിടത്തും പ്രതിപാദിച്ചിട്ടുണ്ട്. സൃഷ്ടിയോടുള്ള ബന്ധത്തിലും, രക്ഷയോടുള്ള ബന്ധത്തിലും, സ്നാനത്തോടുള്ള ബന്ധത്തിലും, അനുഗ്രഹങ്ങളൊടുള്ള ബന്ധത്തിലും ത്രിത്വത്തെ കാണുവാൻ സാധിക്കും.
- 'ഏലോഹീം' എന്ന എബ്രായ വാക്കിന് ബഹുവചനാർത്ഥമുണ്ട്; നാം നമ്മുടെ.......... ഉണ്ടാക്കുക (ഉല്പ: 1:26) ആർ നമുക്കുവേണ്ടി പോകും? (യെശ.6:8) എന്നിവടങ്ങളിൽ ബഹുവചനം ഉപയോഗിച്ചിരിക്കുന്നു; ആവർ.6:4 – ൽ ദൈവം ഏകനാണെന്ന് മോശെ യിസ്രായേൽ മക്കളോട് പ്രഖ്യാപിക്കുന്നു.

# 2. ത്രിത്വവും പരിശുദ്ധാത്മാവും

### പ്രൊസഷൻ:

- ദൈവത്വത്തിലെ രണ്ട് വ്യക്തികളുമായി പരിശുദ്ധാത്മാവിനുള്ള നിത്യമായബന്ധമാണ് 'പ്രൊസഷൻ'. "പരിശുദ്ധാത്മാവ് ഇപ്പൊഴും നിത്യതയിലും പിതാവിനോടും പുത്രനോടും ബന്ധപെട്ടിരിക്കുന്നതിനാൽ താൻ പിതാവിന്റെ അടുക്കൽ നിന്നും പുറപ്പെട്ടുവരുന്നു എന്നാണ് "പ്രൊസഷൻ" കൊണ്ട് അർത്ഥമാക്കുന്നത്". ഈ സത്യത്തെ കണിക്കുന്ന പ്രധാന വേദഭാഗം യോഹന്നാൻ 15:26 ആണ്. "പുറപ്പെടുന്ന" എന്ന പ്രയോഗം വർത്തമാനകാലത്തെ കാണിക്കുന്നു. ഇത് നിത്യമായ ബന്ധത്തെ കാണിക്കുന്നു. സങ്കീ.104:30 കാണുക.

### ത്രിത്വത്തിലെ സമത്വം :

- ദൈവത്വത്തിലെ മൂന്നു വ്യക്തികളുടേയും സാരാംശം ഒന്നാണ്. (മത്താ.28:19; കൊലൊ.2:2; എബ്രാ.1:3). മൂന്നു പേരിൽ ആരും ഒന്നിനോടൊന്ന് കുറഞ്ഞവരല്ല, മറിച്ച് അവർ തുല്യരാണ്. മൂന്നു വ്യക്തികളും സമത്വരും, നിത്യരും, വേർപിരിക്കുവാൻ പറ്റാത്തവരും ആകുന്നു എന്ന് വേദപുസ്തകം വ്യക്തമാക്കുന്നു, ത്രിത്വത്തിലെ ഒരോ വ്യക്തികളും മറ്റു രണ്ടുപേരെപോലെയും ദൈവമാണ്. മൂന്നുപേരിലും ദൈവീകസ്വഭാവങ്ങൾ ഒരുപോലെ പ്രത്യക്ഷമാണ്. മൂന്നുപേരിൽ ആരും ദൈവത്തിന്റെ ഒരു ഭാഗമായോ, മൂന്നിലൊന്നായോ അറിയപ്പെടുന്നുല്ല. ദൈവം സാരാംശത്തിൽ ഒന്നും, വ്യക്തിത്വത്തിൽ മൂന്നും ആണ്.

### ത്രിത്വത്തിലെ ക്രമം:

- ത്രിത്വത്തിലെ സമത്വം ദൈവത്വത്തിന്റെ സാരംശവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതിനെ 'അടിസ്ഥാന സമത്വം' എന്നു പറയുന്നു. എന്നാൽ സൃഷ്ടിയോടുള്ള ബന്ധത്തിൽ ഒരു ക്രമം കാണുവാൻ സാധിക്കും. ഇതിനെ 'പ്രവർത്തന മേഘലയിലെ ക്രമം' എന്നു പറയാം. പ്രവർത്തനത്തിലെ ക്രമം ഒരുവിധത്തിലും ത്രിത്വത്തിലെ സമത്വത്തെ ബാധിക്കുന്നില്ല.
- ത്രിത്വത്തിൽ മൂന്നുവിധത്തിലുള്ള പ്രവർത്തനങ്ങൾ ഉണ്ട്. അവ, സൃഷ്ടിയോടുള്ള ബന്ധത്തിലും, വീണ്ടെടുപ്പിനോടുള്ള ബന്ധത്തിലും ശുദ്ധീകരണത്തോടുള്ള ബന്ധത്തിലും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഉള്ളതായി കാണാം. വിണ്ടെടുപ്പിനോടുള്ള ബന്ധത്തിൽ പിതാവ് പുത്രനെ ഈ ലോകത്തിലേക്ക് അയച്ചു, പുത്രൻ പിതാന്റെ അടുത്തേക്ക് പോയതിനു ശേഷം പരിശുദ്ധാത്മാവിനെ അയച്ചു. അയച്ചവൻ അയയ്ക്കപെട്ടാവനേക്കാൾ തീർച്ചയായും വലിയവനാണ്. യോഹന്നാൻ 14:28-ന്റെ പശ്ചാത്തലത്തിൽ ഇങ്ങനെയാണ് മനസ്സിലാകുന്നത്. പ്രവർത്തനത്തിൽ വരുന്ന ക്രമം ഒരിക്കലും സമത്വത്തെ ബാധിക്കുന്നില്ല, മൂന്നുപേരിൽ ഓരോ വ്യക്തികളും തങ്ങളുടെ പ്രവർത്തികളിൽ പ്രത്യേകം ഉത്തരവാദിത്വമുണ്ട്,

# 3. പരിശുദ്ധാത്മാവിന്റെ പങ്കാളിത്തം ത്രിത്വത്തിൽ:

→ സൃഷ്ടിയിൽ ആത്മാവിന്റെ പങ്കാളിത്തം ((ഉല്പ.1:1,2; സഭാ. 12:1;)
→ മഹത്വത്തിൽ ആത്മാവിന്റെ പങ്കാളിത്തം (യോഹ.12:41; അ.പ്രവർ.28:25; യെശ.6.1-13)
→ വെളിപ്പാടിൽ ആത്മാവിന്റെ പങ്കാളിത്തം (എബ്രാ.10:15-17; യിര.31:31-34)
→ പുനരുത്ഥാനത്തിൽ ആത്മാവിന്റെ പങ്കാളിത്തം (അ.പ്ര.2:32; ഗലാ.1:1; യോഹ.10:18; 1പത്രോ.3:18)
→ നാമത്തിൽ ആത്മാവിന്റെ പങ്കാളിത്തം (മത്താ.28:19; 2കൊരി.13:14)
→ അധികാരത്തിൽ ആത്മാവിന്റെ പങ്കാളിത്തം (മത്ത.12:31,32; അ.പ്ര.5:3,4)
→ അനുഗ്രഹത്തിൽ ആത്മാവിന്റെ പങ്കാളിത്തം (2കൊരി.13:14; സംഖ്യ.6:24-26)

# പാഠം 8

## പരിശുദ്ധാത്മാവ് പഴയനിയമത്തിൽ

(ഉല്പ.1:1, 2)

പഴയനിയമത്തിൽ പരിശുദ്ധാത്മാവിൻെറ പങ്ക് എന്തായിരുന്നു? പിതാവ് പഴയനിയമത്തിലും, പുത്രൻ സുവിശേഷങ്ങളിലും, പരിശുദ്ധാത്മാവ് ഇന്നും പ്രവർത്തിക്കുന്നു എന്ന് ചിലർ കരുതുന്നു. പരിശുദ്ധാത്മാവ് എല്ലാകാലത്തും പ്രവർത്തന നിരതനായിരിന്നു. അവൻെറ പ്രവർത്തനങ്ങൾ നിത്യത മുതൽ നിത്യതവരെ വ്യാപിച്ചു കിടക്കുന്നു. പഴയനിയമത്തിൽ 'വന്നും പോയുമിരുന്ന' ശുശ്രൂഷയാണ് പരിശുദ്ധാത്മാവിനുണ്ടായിരുന്നത്. പഴയനിയമ കാലത്ത് പരിശുദ്ധാത്മാവിൻെറ പ്രവർത്തികൾക്ക് ചില പരിമിധികളുണ്ടായിരുന്നു. അത് തിരഞ്ഞെടുക്കപ്പെട്ടവരിൽ തത്കാലത്തേക്ക് മാത്രമായിരുന്നു. ചില പ്രത്യേക വ്യക്തികൾക്കും, പ്രത്യേക സമയത്തേക്കും, പ്രത്യേക ഉദ്ദേശത്തിനും വേണ്ടിമാത്രമായിരുന്നു. പെന്തക്കോസ്തുനാൾ മുതൽ പരിശുദ്ധാത്മവിൻെറ പ്രവർത്തനങ്ങളുടെ പുതിയ ഒരു യുഗം തുടങ്ങുകയായിരുന്നു (യോഹ.14:16).

<u>പഴയനിയമത്തിൽ പരിശുദ്ധാത്മാവിൻെറ പങ്ക് സൃഷ്ടിയിലും, വെളിപ്പാടിലും, വ്യക്തികളോടുള്ള ബന്ധത്തിലും കാണുവാൻ സാധിക്കും.</u>

### 1. **പരിശുദ്ധാത്മാവും സൃഷ്ടിയും**

പഴയ നിയമത്തിൽ പല ഭാഗങ്ങളിലും സൃഷ്ടിയോടുള്ള ബന്ധത്തിൽ പരിശുദ്ധാത്മാവിൻെറ വിവിധ നിലകളിലുള്ള പങ്ക് കാണുന്നു. (ഉല്പ.1:1-2; ഇയ്യോ.26:13,27:3;104:30) **'ഏലോഹിം'** എന്നത് ദൈവത്തിൻെറ ബഹുവചന രൂപമാണ്. ഉല്പ.1:1-ൽ സൃഷ്ടിയോടുള്ള ബന്ധത്തിൽ ത്രിത്വത്തിൻെറ പങ്കിനെയാണ് ദൈവം (ഏലോഹിം) എന്നത് സൂചിപ്പിക്കുന്നത്.

→ **ആത്മാവ് സൃഷ്ടിച്ചു**:

- **ലോകത്തെ സൃഷ്ടിച്ചു**: ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു (ഉല്പ.1:1) ആത്മാവ്.... പരിവർത്തിച്ചുകൊണ്ടിരുന്നു (ഉല്പ.1:2);
  അവൻെറ ശ്വാസത്താൽ...... (ഇയ്യോ.26:13);
  നീ നിൻെറ ശ്വാസം അയയ്ക്കുമ്പോൾ.... (സങ്കീ.104:30).

- **മനുഷ്യനെ സൃഷ്ടിച്ചു**: നാം...... ഉണ്ടാക്കുക (ഉല്പ.1:26);
  ദൈവത്തിൻെറ ആത്മാവ് എന്നെ സൃഷ്ടിച്ചു (ഇയ്യോ.33:4).

- **മൃഗലോകം സൃഷ്ടിച്ചു**: നിൻെറ ശ്വാസത്തെ അയയ്ക്കുമ്പോൾ .....(സങ്കീ.104:17, 21, 30)
  അവൻെറ കൈ വിദ്രുതസർപ്പത്തെ കുത്തിത്തുളച്ചിരിക്കുന്നു (ഇയ്യോ.26:13).

→ **ആത്മാവ് ജീവൻ നൽകി**: ജീവൻെറ ഉറവിടമാണ് പരിശുദ്ധാത്മാവ് (ഉല്പ.1:2); "ജീവശ്വാസം ഊതി"(ഉല്പ.2:7)

→ **പരിശുദ്ധാത്മാവ് സൃഷ്ടിക്ക് ക്രമം നൽകുന്നു**: ഭൂലോകത്തിലുള്ള സകലത്തേയും ക്രമത്തിൽ നിലനിർത്തികൊണ്ടിരിക്കുന്നു. (സങ്കീ.104:5,30; യെശ.401-14; ഇയ്യോ.26:13; ഉല്പ.1:2)

→ **പരിശുദ്ധാത്മാവ് അലങ്കരിക്കുന്നു** (സങ്കീ.33:6; ഇയ്യോ 26:13)

→ **പരിശുദ്ധാത്മാവ് നിലനിർത്തുന്നു**: സകലത്തേയും പുതുക്കത്തോടെ നിലനിർത്തുന്നു. (യെശ.40:7; ഇയ്യോ.34:14-15)

## 2. പരിശുദ്ധാത്മാവും ദൈവീക വെളിപ്പാടും

→ **ആത്മാവ് ദൈവവചനം വെളിപ്പെടുത്തി തരുന്നു**: പഴയനിയമത്തിൽ ദൈവീക വെളിപ്പടുകൾ മനുഷ്യന് ലഭിച്ചിരുന്നത് പരിശുദ്ധാത്മാവ് മുഖാന്തരമായിരുന്നു. "പ്രവചനം ഒരിക്കലും മനുഷ്യൻെറ ഇഷ്ടത്താൽ വന്നതല്ല. ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ"(2 പത്രോ.1:21).

→ **പരിശുദ്ധാത്മ സഹായത്താലാണ് പ്രവാചകന്മാർ സംസാരിച്ചിരുന്നത്**: (2 ശമു.23:2; മീഖ.3:8; യിര.1:9; ദാനി.4:8-9). "യഹോവയുടെ ആത്മാവ് എൻെറമേൽ വീണ് എന്നോടു കല്പിച്ചത്: നീ പറയേണ്ടത് എന്തെന്നാൽ:" (യെഹെ.11:5)

→ **പരിശുദ്ധാത്മാവ് ദൈവവചനം ഗ്രഹിപ്പിച്ചു തരുന്നു**. (1കൊരി.2. 14-16): പരിശുദ്ധാത്മാവ് ഉപദേശിക്കുകയും വഴി നടത്തുകയും ചെയ്യുന്നു (നെഹമ്യാ.9:20,30). ആത്മാവ് വിവേകം നൽകുന്നു (ഇയ്യോ.32:8).

→ **വെളിപ്പാടുകളിൽ പരിശുദ്ധാത്മാവിൻെറ പങ്ക് ക്രിസ്തുവും സാക്ഷ്യപ്പെടുത്തിയിരിക്കുന്നു**: മത്താ.22:43-44 -ൽ സങ്കീ.110 ഉദ്ദരിച്ചുകൊണ്ട് കർത്താവ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

→ **അപ്പൊസ്തലന്മാരും സാക്ഷ്യപ്പെടുത്തിയിരിക്കുന്നു** സങ്കീ.41 ഉദ്ധരിച്ചുകൊണ്ട് പത്രോസ് യൂദായെ കുറിച്ച് പറഞ്ഞിരിക്കുന്നു (അ.പ്രവർ.1.16-17); (അ.പ്രവർ.28:25-27-ൽ പൗലൊസ് യെശ.6:9-10 ഉദ്ദരിച്ചിരിക്കുന്നു; ദൈവീക വെളിപ്പാടുകളിൽ പരിശുദ്ധാത്മാവിൻെറ പങ്ക് എബ്രായ ലേഖന കർത്താവ് ഉറപ്പിച്ചു പറയുന്നു. (എബ്രാ. 3:7-11; 10:15-16)

## 3. പരിശുദ്ധാത്മാവും പഴയ നിയമ വ്യക്തികളും

പഴയനിയമത്തിൽ പരിശുദ്ധാത്മാവ് തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളുമായി മാത്രമേ ഇടപ്പെട്ടിരുന്നുള്ളു. പരിശുദ്ധാത്മാവിൻെറ ശുശ്രൂഷകൾ പഴയനിയമത്തിലും പുതിയ നിയമത്തിലും വ്യത്യാസപ്പെട്ടിരിക്കുന്നു. പഴയനിയമത്തിൽ 'വന്നും പോയുമിരുന്നു'. പുതിയനിയമത്തിൽ 'എന്നേക്കും' വസിക്കുന്നു (യോഹ. 14:16)

→ **പരിശുദ്ധാത്മവാസം**: പഴയനിയമത്തിൽ പരിശുദ്ധാത്മാവിൻെറ വാസം തിരഞ്ഞെടുക്കപ്പെട്ടവരിൽ മാത്രം അല്പസമയത്തേക്കുള്ളതും ആയിരുന്നു. യോശുവ (സംഖ്യ 27:18) ദാവീദ് (1ശമുവേൽ 16:12-13)

→ **ആത്മാവ് വന്നു**: പ്രത്യേക വ്യക്തികളിൽ പ്രത്യേക ഉദ്ദേശത്തോടു മാത്രം പരിശുദ്ധാത്മാവ് അവരുടെ മേൽ വന്നിരുന്നു. ഒത്നീയേൽ (ന്യയാ.3:10); ഗിദയോൻ(6:34); യിഫ്താഹ് (11:29); ശിംശോൻ (14:26); ബിലെയാം (സംഖ്യ.24:2)

→ **പരിശുദ്ധാത്മ നിറവ്**: ബെസലേൽ കൗശലപണി ചെയ്‌വാൻ തക്കവണ്ണം സകലജ്ഞാനത്താലും നിറയപ്പെട്ടു (പുറ.31:3, 25).

→ **പരിശുദ്ധാത്മ സഹായം**: യോശുവ- ജനത്തെ നയിക്കുന്നതിന് (സംഖ്യാ. 27:16-18);
ശൗൽ- രാജ്യം ഭരിക്കുന്നതിന് (1ശമുവേൽ 10:10);
ദാവിദ്- രാജ്യം ഭരിക്കുന്നതിന് (1ശമു.16:13)
ശിംശോൻ- അസാധാരണമായ ശരീരബലം (ന്യായാ.14:19)

→ **പരിശുദ്ധാത്മാവിൻെറ വിട്ടുപോകൽ**: എന്നാൽ യഹോവയുടെ ആത്മാവ് ശൗലിനെ വിട്ടുമാറി (1ശമു.16:14). ദാവിദ് പരിശുദ്ധാത്മാവിനെ എടുക്കരുതേ എന്നു പ്രാർത്ഥിക്കുന്നു (സങ്കീ 51:11)

# പാഠം 9
# പരിശുദ്ധാത്മാവും തിരുവെഴുത്തും

തെറ്റില്ലാത്തതും തെറ്റുപറ്റാത്തതും ദൈവശ്വാസീയവുമായ തിരുവെഴുത്താണ് വേദപുസ്തകം. തിരുവെഴുത്ത് വെളിപ്പെടുത്തുന്നതിലും രേഖപ്പെടുത്തിവയ്ക്കുന്നതിലും പരിശുദ്ധാത്മാവിന് വലിയ പങ്കുണ്ട്. പരിശുദ്ധാത്മ പ്രേരണയാൽ ദൈവവചനം നമ്മുടെ ജീവിതത്തിൽ പ്രയോജനപ്പെടുവാനും പ്രകാശിപ്പിക്കുവാനും ഇടവരുന്നു. പരിശുദ്ധാത്മാവ് ദൈവവചനം വെളിപ്പെടുത്തി കൊടുക്കുകയും എഴുത്തുകാരെ അത് രേഖപ്പെടുത്തിവയ്ക്കുവാൻ തക്കവണ്ണം പ്രേരിപ്പിക്കുകയും ചെയ്തു. ദൈവവചനത്തോടുള്ള ബന്ധത്തിൽ പരിശുദ്ധാത്മാവിൻെറ പങ്കിനെ മൂന്ന് വാചകങ്ങളിലായി ചുരുക്കാം. തിരുവചനം പരിശുദ്ധാത്മാവാൽ എഴുതപ്പെട്ടു, ദൈവവചനം വ്യഖ്യാനിച്ചു തരുന്നത് പരിശുദ്ധാത്മാവാണ്, ദൈവവചനം നമ്മുടെ ജീവിതത്തിൽ പ്രയോജനപ്പെടുത്തുവാൻ നമ്മെ സഹായിക്കുന്നതും പരിശുദ്ധാത്മാവാണ്.

## 1. <u>പരിശുദ്ധാത്മാവ് വചനം നൽകി</u> (2തിമൊ.3:16; 2പത്രൊ.1:21)

തിരുവെഴുത്ത് പരിശുദ്ധാത്മാവിനാൽ എഴുതപ്പെട്ടു. തിരുവചനത്തിൻെറ സ്രോതസ്സും അതു നമുക്ക് വെളിപ്പെടുത്തി തന്നതും പരിശുദ്ധാത്മാവാണ്. ചില പുസ്തകങ്ങളുടെ ഗ്രന്ഥകർത്തൃത്വത്തെ ചൊല്ലി ചില അഭിപ്രായ ഭിന്നതകൾ ഉണ്ട്. എന്നാൽ വേദപുസ്തകത്തിൻെറ ഗ്രന്ഥകർത്തൃത്വം ചോദ്യം ചെയ്യാൻ സാധിക്കാത്തതാണ്. അതുകൊണ്ടാണ് വേദപുസ്തകം ദൈവശ്വാസീയവും തെറ്റില്ലാത്തതും, തെറ്റുപറ്റാത്തതുമായിരിക്കുന്നത്. പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് രേഖപ്പെടുത്തപ്പെട്ടതാണ് വേദപുസ്തകം.

**<u>ദൈവശ്വാസീയം എന്നാൽ എന്ത്?</u>** (2തിമൊ.3:16):
ദൈവശ്വാസീയം എന്നാൽ ദൈവത്താൽ ശ്വസിക്കപ്പെട്ടത് എന്നർത്ഥം. എല്ലാതിരുവെഴുത്തും ദൈവശ്വാസീയമാണ് (ദൈവാത്മാവിനാൽ വെളിപ്പെടുത്തി കിട്ടിയത്). ദൈവത്താൽ നിയോഗിക്കപ്പെട്ട എഴുത്തുകാരാൽ തെറ്റുകൂടാതെ രചിക്കപ്പെട്ടതാണ് വേദപുസ്തകം. അതുകൊണ്ട് ദൈവവചനം സത്യവചനമാണ് (യോഹ.17:17).

**<u>ദൈവവചനം എങ്ങനെ ലഭിച്ചു?</u>** (2പത്രൊ.1:21):
പ്രവാചകന്മാരെയും അപ്പൊസ്തലന്മാരേയും ദൈവവചനം രേഖപ്പെടുത്തി വയ്ക്കുന്നതിന് പരിശുദ്ധാത്മാവ് ഉപയോഗിച്ചു. ദൈവമനുഷ്യർക്ക് പരിശുദ്ധാത്മാവ് വെളിപ്പെടുത്തി രേഖപ്പെടുത്തി വയ്ക്കുന്നതിന് കൊടുത്ത തൻെറ വചനങ്ങളാണ് വേദപുസ്തകം. "ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് ...." (2പത്രൊ.1:21b)

**<u>ദൈവവചനത്തിൻെറ ക്രമം:</u>**

→ ദൈവവചനത്തിൻെറ ക്രമത്തെ കുറിച്ച് പല തരത്തിലുള്ള അഭിപ്രായങ്ങൾ ഉണ്ട്. ദൈവനിശ്വാസീയമല്ലാതെ, ദൈവമനുഷ്യർ സ്വയം എഴുതപ്പെട്ടതാണെന്ന് കരുതുന്നവരുണ്ട്. പകുതി മാത്രം ദൈവത്താൽ വെളിപ്പെട്ടു കിട്ടിയതാണെന്ന് ചിലർ വിശ്വസിച്ചുവരുന്നു. വേദപുസ്തകത്തിലെ ഓരോവാക്കും ദൈവം പറഞ്ഞു കൊടുത്തതാണെന്നും അഭിപ്രായമുണ്ട്. ആശയം മാത്രം ദൈവത്താൽ ലഭിച്ചു എന്നും കരുതുന്നു,

→ ദൈവവചനം പൂർണ്ണമായും ദൈവം വാമൊഴിയായി നൽകിയതാണെന്നു വേദപുസ്തകം പഠിപ്പിക്കുന്നു. അതായത്, വേദപുസ്തകം മുഴുവനായും, അതിലെ ഓരോ വാക്കും ദൈവശ്വാസീയമാണ്. <u>വാമൊഴിയായി ലഭിച്ചത് എന്നു പറയുമ്പോൾ:</u> വേദപുസ്തകത്തിൻെറ ആശയം മാത്രമായിട്ടല്ല, അതിലെ ഓരോ വാക്കും ദൈവത്താൽ നൽകപ്പെട്ടതാണ് എന്ന് മനസ്സിലാക്കാം. ദൈവത്തിൻെറ വചനങ്ങൾ രേഖപ്പെടുത്തി വയ്ക്കുന്നതിന് പരിശുദ്ധാത്മാവ് ശരിയായിട്ടുള്ള വാക്കുകൾ എഴുത്തുകാർക്ക് കൊടുത്തു (പുറ.2:7-8; 24:4; 34:27; യെരമ്യ.1:9). <u>ദൈവവചനം പൂർണ്ണമായിട്ടുള്ളതാണ്:</u> വേദപുസ്തകം പൂർണ്ണമായി ദൈവത്താൽ നൽകപ്പെട്ടതാണ്. വേദപുസ്തകം മുഴുവനായും ദൈവശ്വാസീയമാണ്. (2തിമൊ.3:16).

**<u>ദൈവവചനത്തിൻെറ ലക്ഷ്യം</u>** (2തിമൊ.3:16-17):

→ എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ അത് മനുഷ്യന് പ്രയോജനപ്പെടേണ്ടതിന് തന്നിരിക്കുന്നു. ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും. ദൈവവചനത്തിൻെറ പ്രധാന ലക്ഷ്യം "ദൈവത്തിൻെറ മനുഷ്യൻ സകല സത്പ്രവൃർത്തിക്കും വകപ്രാപിച്ചു തികഞ്ഞവൻ ആകുക" എന്നതാണ്.

## 2. പരിശുദ്ധാത്മാവ് വചനം പഠിപ്പിക്കുന്നു

ആത്മാവിനാൽ വചനം ലഭിച്ചു എന്നത് മാത്രമല്ല, ദൈവവചനം പഠിപ്പിക്കുന്നതും ആത്മാവാണ്. വചനം ദൈവീകമായതിനാൽ മാനുഷബുദ്ധിയിൽ പഠിക്കുക അസാദ്ധ്യമാണ്. പരിശുദ്ധാത്മാവിനാൽ പ്രകാശനം ലഭിച്ചെങ്കിൽ മാത്രമേ, ദൈവീക സത്യങ്ങൾ മനസ്സിലാക്കാൻ സാധിക്കുകയുള്ളു (1കൊരി.2:13; 1യോഹ.2:20, 27; യോഹ.14:26)

**<u>പ്രകാശനം എന്നാൽ എന്ത്?</u>**

- ദൈവവചനം മനസ്സിലാക്കുന്നതിന് ദൈവാത്മാവ് നമ്മെ സഹായിക്കുന്നതിനാണ് പ്രകാശനം എന്നപറയുന്നത്. ആത്മാവ് ദൈവീകസത്യങ്ങൾ മനസ്സിലാക്കാൻ നമ്മുടെ ഹൃദയത്തെ പ്രകാശിപ്പിക്കുന്നു. (1കൊരി.2:13).
- പ്രകാശനം പുതിയ വെളിപ്പാടുകളല്ല. ദൈവീക കാനോൻ പൂർണ്ണമായി കഴിഞ്ഞു. (വെളി.22:18)
- ദൈവശ്വാസീയം ആവർത്തിക്കപ്പെടുന്നില്ല. എന്നാൽ ദൈവപ്രകാശനം ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. ഇത് പരിശുദ്ധാത്മാവിൻെറ വിശ്വാസിയോടുള്ള നിരന്തര പ്രവർത്തനമാണ് (1യോഹ.2:20,27; ലൂക്കോ.12:12)
- "നിങ്ങളോ പരിശുദ്ധനാൽ അഭിഷേകം പ്രാപിച്ചു . ........... അവൻെറ അഭിഷേകം തന്നെ നിങ്ങൾക്കു സകലവും ഉപദേശിച്ചുതരികയാലും..."(1യോഹ.2:20,27). "പറയേണ്ടത് പരിശുദ്ധാത്മാവ് ആ നാഴികയിൽ തന്നെ നിങ്ങളെ പഠിപ്പിക്കും" (ലൂക്കോ.12:12)

**<u>പ്രകാശനത്തിൻെറ ആവശ്യകത</u>:**

- തിരുവെഴുത്ത് ദൈവവചനമാണ്. മാനുഷ ബുദ്ധിയുപയോഗിച്ച് ദൈവീക സത്യങ്ങൾ മനസ്സിലാക്കുക അസാധ്യമാണ്. ദൈവവചനം ഗ്രഹിക്കുവാൻ പരിശുദ്ധാത്മാവിൻെറ സഹായം അത്യന്താപേക്ഷിതമാണ്. (യോഹ.16:12-15; 1കൊരി.2:11) "സർവ്വശക്തൻെറ ശ്വാസം അവർക്കു വിവേകം നൽകുന്നു" (ഇയ്യോ.32:8)
- ദൈവീക സഹായമില്ലാതെ ദൈവവചന സത്യങ്ങൾ മനസ്സിലാക്കുവാൻ മനുഷ്യനു സാധ്യമല്ല (എഫെ.4:18).
- പ്രകാശനം ലഭിക്കുക എന്നുള്ളത് പുതിയ വെളിപ്പാടുകൾ അല്ല. വേദപുസ്തക കാനോൻ പുർത്തിയാക്കപ്പെട്ടുകഴിഞ്ഞു.

**<u>പ്രകാശനത്തിനുള്ള നിബന്ധനകൾ</u>:**

- പ്രകാശനം വിശ്വാസിക്കുവേണ്ടിയുള്ളതാണ്. പ്രാകൃത മനുഷ്യനു വേണ്ടിയുള്ളതല്ല (1കൊരി.2:14).
- സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്ന ദൈവവചനത്തിൻെറ ആധികാരികതയിലുള്ള ആശ്രയം വളരെ ആവശ്യമുണ്ട് (സങ്കീ.119:89).
- ആത്മാവ് നമ്മുടെ ഹൃദയ ദൃഷ്ടികളെ പ്രകാശിപ്പിക്കുവാൻ നമ്മെ തന്നെ വിധേയപ്പെടുത്തണം.
- ദൈവവചനം പ്രാർത്ഥനയോടെയും, ആഗ്രഹത്തോടെയും, ഭക്തിയോടെയും വായിക്കണം.

## 3. പരിശുദ്ധാത്മാവ് വചനം പ്രായോഗികമാക്കുന്നു (യോഹ.16:13)

- ആത്മാവ് നമുക്ക് വചനം നൽകി, വചനത്തെ പ്രകാശിപ്പിച്ചു നൽകുന്നു. മാത്രമല്ല ദൈവ വചനം നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കുവാൻ അവൻ സഹായിക്കുന്നു.
- ആത്മാവ് നമ്മെ സകല സത്യത്തിലേക്കും വഴിനടത്തുന്നു (യോഹ.16:13).
- എല്ലായ്പ്പോഴും നമ്മുടെ സഹായത്തിനായി കൂടെയുള്ള കാര്യസ്ഥനാണ് പരിശുദ്ധാത്മാവ്

# പാഠം 10

# പരിശുദ്ധാത്മാവും യേശുക്രിസ്തുവും

ത്രിയേക ദൈവത്വത്തിലെ അംഗങ്ങളാണ് പരിശുദ്ധാത്മാവും കർത്താവായ യേശുക്രിസ്തുവും. ത്രിത്വത്തിലെ ഒരോ അംഗങ്ങളും നിത്യമായ ദൈവീക പദ്ധതിയിൽ പങ്കാളികളാണ്. ദൈവത്വത്തിലെ മൂന്ന് വ്യക്തികളും വ്യത്യസ്തരാണെങ്കിലും, സാരാംശത്തിൽ ഒന്നാണ് (യോഹ. 10:30-33; 17:21). തന്റെ മശിഹ പ്രവർത്തനത്തോടുള്ള ബന്ധത്തിൽ, ക്രിസ്തു എന്ന വാക്കിന്റെ അർത്ഥം അഭിഷിക്തൻ എന്നാണ്. മശിഹായെ തന്റെ ആത്മാവിനാൽ അഭിഷേകം ചെയ്യും എന്ന് യെശയ്യാവ് പ്രവചിച്ചിട്ടുണ്ട് (യെശ.61:1). ക്രിസ്തുവിനെ ലോകത്തിൽ അവതരിപ്പിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുകയാണ് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം (യോഹ.14:26;16:14). കർത്താവായ യേശുക്രിസ്തുവിന്റെ വ്യക്തിത്വവും ശുശ്രൂഷകളും പരിശുദ്ധാത്മാ നിറവിലായിരുന്നു. <u>കർത്താവിന്റെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം നാല് തലങ്ങളിലായി - തന്റെ ജനനത്തിലും ജീവിതത്തിലും, മരണത്തിലും, ഉയർപ്പിലും, കാണുവാൻ സാധിക്കും.</u>

## 1. <u>പരിശുദ്ധാത്മാവ് ക്രിസ്തുവിന്റെ ജനനത്തിൽ</u> (മത്താ.1:18-25)

കർത്താവായ യേശു ക്രിസ്തുവിന്റേത് പരിശുദ്ധാത്മാവിനാലുണ്ടായ ഒരു അത്ഭുത ജനനമായിരുന്നു. വേദപുസ്തകത്തിന്റെ ചരിത്രത്തിൽ അനേക അസാധാരണമായ ജനനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാ:- മക്കളില്ലാതിരുന്ന സാറയ്ക്ക് വാർദ്ധക്യത്തിൽ യിസഹാക്ക് ജനിക്കുവാൻ ഇടയായി, മക്കളില്ലാതിരുന്ന മനോഹയുടെ ഭാര്യയ്ക്ക് ശിംശോൻ ജനിച്ചു, ഹന്നായ്ക്ക് ശമുവേലും, എലിസബത്തിന് യോഹന്നാൻ സ്നാപകനും ജനിക്കുവാൻ ഇടയായി. എന്നാൽ ക്രിസ്തു കന്യകയിൽ ജാതനായത് അതിനെയെല്ലാം കവിയുന്ന അത്ഭുതമായിരുന്നു.

→ കന്യകാ ജനനം അടിസ്ഥാന ഉപദേശങ്ങളിൽ ഒന്നാണ്. എന്നാൽ ജഡാവതാരത്തിന്റെ അഥവ കന്യകാ ജനനത്തിന്റെ മർമ്മം നമുക്ക് വിവരിക്കാവുന്നതിലും അപ്പുറത്താണ്. ഇത് ദൈവത്തിന്റെ അത്ഭുത പ്രവർത്തികളിൽ ഒന്നായിരുന്നു, അനേകർ ഈ ഉപദേശത്തെ സംശയത്തോടെയും, നിരസിക്കുന്നവരായും, അതിശയത്തോടെയും കാണുന്നവരുമാണ്.

→ യെശയ്യാ പ്രാവചകൻ കന്യകാജനനത്തെ പ്രവചിച്ചിരുന്നു. "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവനു ഇമ്മാനുവേൽ എന്ന് പേര് വിളിക്കും" (യെശ.7:14). അതിനും മുമ്പേ കർത്താവിന്റെ വരവിനെ കുറിച്ച് തിരുവചനത്തിലുണ്ട്. "സ്ത്രീയുടെ സന്തതി" (ഉല്പ.3:15).

→ കർത്താവിന്റെ ജനനത്തിന്റെ ചുരുക്കം മത്തായി 1:18-25-ൽ കാണുവാൻ സാധിക്കും. യോസേഫിനു വിവാഹം നിശ്ചയിക്കപ്പെട്ട മറിയ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി എന്നു കണ്ടു. പരിശുദ്ധാത്മ ശക്തിയാൽ കന്യകയായ മറിയ ഗർഭം ധരിക്കുവാനും, അതിന്റെ ഫലമായി ക്രിസ്തു മനുഷ്യനായി അവതരിക്കുവാനും ഇടയായി (ലൂക്ക്.1:35). പരിശുദ്ധാത്മാവ് ക്രിസ്തുവിന്റെ ജനനത്തിൽ ഒരു മൂലശക്തിയായി പ്രവർത്തിക്കുന്നു. <u>മത്താ.1:20</u>: "………. അവളിൽ ഉല്പാദിതമായതു പരിശുദ്ധാത്മാവിനാൽ ആകുന്നു"; <u>ലൂക്ക്.1:35:</u> "………. പരിശുദ്ധാത്മാവ് നിന്റെമേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും;"

→ മറിയയെ യോസേഫിന്റെ ഭാര്യ എന്ന് പറഞ്ഞിരിക്കുന്നതിനാൽ മറിയ കന്യക അല്ലായിരുന്നുവെന്ന് കരുതി ചില ആളുകൾ ഈ ഉപദേശത്തെ നിരസിക്കുന്നു. യഹൂദ വിവാഹങ്ങൾക്ക് മൂന്ന ഘട്ടങ്ങൾ ഉണ്ട്. (1) വിവാഹവാഗ്ദാനം (2) വിവാഹനിശ്ചയം (3) വിവാഹം. വിവാഹവാഗ്ദാനം ചിലപ്പോൾ ഉപേക്ഷിക്കപ്പെടാനും സാധ്യതയുണ്ട്. ഇരുവരും ചെറുപ്പമായിരിക്കുമ്പോൾ തന്നെ വിവാഹ വാഗ്ദാനം നടത്താറുണ്ട്. വിവാഹ വാഗ്ദാനത്തെ അംഗീകരിച്ച് ഉറപ്പിക്കുന്നതാണ് വിവാഹനിശ്ചയം. വിവാഹം നിശ്ചയിക്കപെട്ട ശേഷം അത് പൂർണ്ണമായും ഉറപ്പിക്കപ്പെട്ട ഒരു ബന്ധമാണ്. വിവാഹമോചനത്താലല്ലാതെ ഒരു കാരണത്താലും അതിൽ നിന്ന് പിന്തിരിയാൻ സാധ്യമല്ല. വിവാഹനിശ്ചയം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞാണ് വിവാഹം.

→ സങ്കേതികമായിട്ടുള്ള വിവരണങ്ങൾ തിരുവചനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല, എന്നാൽ വേദപുസ്തകം വ്യക്തമായി മറിയ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി എന്ന് സ്ഥാപിക്കുന്നു (മത്താ.1:18,20). കന്യക ഗർഭിണിയായത് അത്ഭുതകരമായി നടന്നതാണെങ്കിലും ഒൻപത് മാസത്തെ ഗർഭധാരണവും തുടർന്നുള്ള ജനനവും സാധാരണമായിരുന്നു.

→ **ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ:**

- കർത്താവിൻെറ മനുഷ്യാവതാരത്തിൽ മാതാപിതാക്കൾക്ക് യാതൊരു പങ്കും ഇല്ല. യേശു യോസേഫിനും മറിയക്കും ജനിച്ചതല്ല. എന്നാൽ മറിയയ്ക്ക് മാത്രമായി ജനിച്ചതാണ്. "അവളിൽ നിന്ന്"(മത്താ.1:16)-യേശു മറിയക്ക് ജനിച്ചതാണെന്നും യോസേഫിനും മറിയക്കും ജനിച്ചതല്ല എന്നും വ്യക്തമാകുന്നു.
- കന്യകാജനനത്തിൻെറ (ജഡാവതാരം) മർമ്മം നമുക്ക് വിവരിക്കുവാൻ കഴിയുന്നതിലും അപ്പുറത്താണ്.
- കർത്താവിൻെറ ജനനത്തിൽ മാതാപിതാക്കൾക്ക് സ്ഥാനമില്ല. ക്രിസ്തുവിൻെറ ജനനത്തിലൂടെ മറിയ ദൈവത്തിൻെറ അമ്മയാകുന്നില്ല,. വേദപുസ്തകത്തിലൊരിടത്തും മറിയയ്ക്ക് അങ്ങനെ ഒരു സ്ഥാനം ഉള്ളതായി കാണുന്നില്ല.
- ദൈവം ജഡമായി അവതരിക്കുന്നതിനു് കാരണമായ പരിശുദ്ധാത്മാവ് യേശുവിൻെറ പിതാവ് ആകുന്നില്ല.
- യേശുവിന് ഈ ഭൂമിയിൽ ഒരു പിതാവ് ഇല്ലായിരുന്നു, യോസേഫ് യേശുവിൻെറ ജനനത്തിന് കാരണവുമല്ല (മത്താ.1:16)

→ **കന്യകാ ജനനത്തിൻെറ ഫലങ്ങൾ:**

- ലോകത്തിൻെറ രക്ഷകൻ ഈ ലോകത്തിൽ വന്നു പിറന്നു. (മത്താ.1:21)
- ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല എങ്കിലും ഇമ്മാവുനുവേൽ ദൈവത്തെ നമ്മുക്ക് വെളിപ്പെടുത്തിയിരിക്കുന്നു (യോഹ.1:18; 14:7 11)
- യേശു മനുഷ്യനായി വന്നു. അവനിൽ പാപമില്ലായിരുന്നു. നിതൃത മുതൽ തൻെറ ജനനത്തിലും, ജീവിതത്തിലും താൻ വിശുദ്ധനായിരുന്നു. തൻെറ വ്യക്തിജീവിതത്തിൽ പരിശുദ്ധാത്മാവിൻെറ പരിപാലനം എല്ലായ്പോഴും യേശുവിനുണ്ടായിരുന്നു.
- കർത്താവിന് ചില മാനുഷികമായ പരിമിധികളും ഉണ്ടായിരുന്നു.ക്രിസ്തു പരീക്ഷിക്കപ്പെട്ടു (യോഹ.4:6);അവന്നു ദാഹിച്ചു(4:5); ഉറങ്ങി (മത്താ.8:24); കരഞ്ഞു (യോഹ.11:35).
- മാനുഷികമായ പരിമിതികൾ യേശു ക്രിസ്തുവിനെ പിതാവിൽ ആശ്രയിക്കുവാൻ തക്കവണ്ണം ഇടയാക്കി. ഉദാ:- കർത്താവിൻെറ പ്രാർത്ഥനാ ജീവിതം
- ക്രിസ്തു ഒരേസമയം തന്നെ പൂർണ്ണമായി ദൈവവും മനുഷ്യനും ആയിരുന്നു.

## 2. പരിശുദ്ധാത്മവ് ക്രിസ്തുവിൻെറ ജീവിതത്തിൽ

→ യേശു ക്രിസ്തുവിൻെറ ജീവിതത്തിൽ പരിശുദ്ധാത്മാവിൻെറ നിരന്തര പ്രവർത്തനം ഉണ്ടായിരിക്കും എന്ന് പഴയനിയമത്തിൽ പ്രവാചകന്മാർ പ്രവചിച്ചിരുന്നു (യെശ.42:1). യോഹ.3:34-ൽ "...അവൻ ആത്മാവിനെ അളവുകൂടാതെയല്ലൊ കൊടുക്കുന്നത്". യേശുക്രിസ്തുമാത്രമേ പരിശുദ്ധാത്മാവിൻെറ പൂർണ്ണമായിട്ടും നിരന്തരമായുള്ള ശുശ്രൂഷകൾ അനുഭവിച്ചിട്ടുള്ളു.

→ ക്രിസ്തുവിൻെറ ഭൂമിയിലുള്ള ശുശ്രൂക്ഷകളിൽ പരിശുദ്ധാത്മാവിൻെറ ശക്തി സുവിശേഷങ്ങളിൽ നമുക്ക് കാണുവാൻ സാധിക്കും. യേശുക്രിസ്തുവിന് തന്നിൽ തന്നെ ശക്തിയില്ലെന്നല്ല ഇതിനർത്ഥം. പരിശുദ്ധാത്മാവിൻെറ ശക്തിയാൽ ശുശ്രൂഷിച്ചു എന്നു പറയുമ്പോൾ ത്രിത്വത്തിൻെറ കൂട്ടായുള്ള പ്രവർത്തനം ഇവിടെ എടുത്തുകാണിക്കുകയാണ് ചെയ്യുന്നത്. (യോഹ.5:31-44;6:29;8:18)

→ പരിശുദ്ധാത്മാവിനാൽ ക്രിസ്തു അഭിഷേകം ചെയ്യപ്പെട്ടു (ലൂക്ക്. 4:18; അ.പ്രവർ.4:27). കർത്താവിൻെറ സ്നാനത്തിൻെറ സമയത്താകാൻ സാധ്യതയുണ്ട്. യെശയ്യപ്രവചകൻ പ്രവചിച്ചിരുന്നതു യേശുക്രിസ്തു പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെടുന്നതിലൂടെ നിവർത്തിയാകപ്പെടുന്നു (യെശ.61:1). അഭിഷേകത്തിലൂടെ യേശുവിനെ പരസ്യ ശുശ്രുഷയ്ക്കു വേണ്ടി ശക്തീകരിക്കുകയായിരുന്നു. (അ.പ്രവർ.10:38).

→ യേശു പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടു (ലൂക്ക്.4:1; മത്താ.1:12)

→ പിശാചിനാൽ പരീക്ഷിക്കപ്പെടുവാൻ യേശുവിനെ ആത്മാവ് മരുഭൂമിയിലേക്കു നടത്തി. കർത്താവ് ആത്മാവിനാൽ നിറയപ്പെട്ടിരുന്നു. കർത്താവ് ആത്മാവിനാൽ നിറയപ്പെട്ടിരുന്നു. യേശുക്രിസ്തു പരീക്ഷിക്കപ്പെടണം എന്നുള്ളത് ദൈവഹിതമായിരുന്നു, (മത്താ.4:1-1, മർ.1:12,13; ലൂക്ക്.4:1)

→ കർത്താവ് ആത്മാവിൽ ആനന്ദിച്ചു (ലൂക്ക്.10:21).

→ ആത്മാവിനാൽ ധൈര്യപ്പെട്ടു (യെശ.42:1-4; ലൂക്ക് 4:18)

→ കർത്താവിൻെറ പ്രസാദവർഷം പ്രസംഗിപ്പാനും അത്ഭുതങ്ങൾ ചെയ്യുവാനും ആത്മാവ് തൻെറമേൽ ഉണ്ടായിരുന്നു (ലൂക്ക്.4:18; മത്താ.12:28, 31).

## 3. പരിശുദ്ധാത്മാവ് ക്രിസ്തുവിൻെറ മരണത്തിൽ

→ ക്രിസ്തുവിൻെറ മരണത്തിലും പരിശുദ്ധാത്മാവിന് പ്രധാന പങ്കുണ്ടായിരുന്നു. നിത്യാത്മാവിനാൽ ദൈവത്തിനു തന്നെത്താൻ നിഷ്കളങ്കനായി അർപ്പിച്ച ക്രിസ്തു എന്ന് എബ്രാ.9:14 –ൽ കാണുന്നു.

→ ക്രിസ്തുവിൻെറ മരണത്തോടുള്ള ബന്ധത്തിൽ പരിശുദ്ധാത്മാവിൻെറ പ്രവർത്തനം 1പത്രോസ് 3:18 -ലും കാണുവാൻ സാധിക്കും.

## 4. പരിശുദ്ധാത്മാവ് ക്രിസ്തുവിൻെറ പുനരുദ്ധാനത്തിൽ

→ ക്രിസ്തുവിൻെറ പുനരുദ്ധാനത്തിൽ ത്രിത്വത്തിലെ ഒരോ അംഗങ്ങൾക്കും പ്രത്യേക പങ്ക് ഉണ്ടായിരുന്നു.

- പിതാവാം ദൈവത്തിൻെറ ശക്തിയാൽ ക്രിസ്തുവിനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയർപ്പിക്കുകയും ചെയ്തു (എഫെ1:19-20);
- സ്വയം ഉയർത്തെഴുന്നേൽക്കുവാനുള്ള ശക്തി ഉണ്ട് (യോഹ.10:18);
- കർത്താവിൻെറ പുനരുദ്ധാനത്തിൽ പരിശുദ്ധാത്മാവ് ഉൾപ്പെട്ടിരുന്നു (റോമർ 1:4 ).

→ ക്രിസ്തുവിൻെറ പുനരുദ്ധാനത്തോടുള്ള ബന്ധത്തിൽ പരിശുദ്ധാത്മാവിൻെറ പ്രവർത്തനം മൂന്നു വേദഭാഗങ്ങളിലായി കാണുവാൻ സാധിക്കുന്നു. പരിശുദ്ധാത്മവിനെ തന്നെയാണോ അവിടെ പരാമർശിച്ചിരിക്കുന്നത് എന്നുള്ള പല വ്യാഖ്യാനങ്ങൾക്ക് അവയും ഇടയായിട്ടുണ്ട്.

- റോമർ 1:4 – "മരിച്ചിട്ട് ഉയർത്തെഴുന്നേൽക്കയാൽ വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച്..."
- റോമർ 8:11 – "യേശുവിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചവൻെറ ആത്മാവ്..."
- 1പത്രൊ.3:18 – ".... ജഡത്തിൽ മരണ ശിക്ഷ് ഏല്ക്കയും ആത്മാവിൽ ജീവിപ്പിക്കുകയും ചെയ്തു."

# പാഠം 11
## <u>പരിശുദ്ധാത്മാവ് രക്ഷയിൽ</u>

പാപത്തിൽ നിന്നും അതിൻെറ ശാപത്തിൽ നിന്നുമുള്ള വിടുതലാണ് രക്ഷ. മനുഷ്യൻെറ വീഴ്ചക്ക് രക്ഷ അനിവാര്യമായിരുന്നു. രക്ഷ ദേഹം, ദേഹി, ആത്മാവുമായും ഭൂത, വർത്തമാന, ഭാവി, കാലവുമായും ബന്ധപ്പെട്ടിരിക്കുന്നു. രക്ഷ പിതാവിനാലും പുത്രനാലും പരിശുദ്ധാത്മാവിനാലുമാണ് സാധ്യമാകുന്നത്. എല്ലാവരും രക്ഷിക്കപ്പെടണമെന്ന് ദൈവം ആഗ്രഹിക്കുന്നു (1തിമൊ.2:3-4). എന്തുകൊണ്ടെന്നാൽ എല്ലാവരും പാപം ചെയ്തു ദൈവതേജസ്സില്ലാത്തവരായി തീർന്നു (റോമ.3:23). രക്ഷയോടുള്ള ബന്ധത്തിൽ പരിശുദ്ധാത്മാവിൻെറ ഏഴുവിധത്തിലുള്ള പ്രവർത്തനങ്ങൾ കാണുവാൻ സാധിക്കും. രക്ഷയോടുള്ള ബന്ധത്തിലും ത്രിത്വം ഉൾപ്പെട്ടിരുന്നതായി കാണാം.

- നിത്യത മുതൽ പിതാവാം ദൈവത്തിൻെറ പദ്ധതിയിൽ ഉണ്ടായിരുന്നത് (അ.പ്രവർ.20:28)
- കാൽവറിക്രൂശിൽ പുത്രനാം ദൈവത്താൽ നിവർത്തിയാക്കപ്പെട്ടു (എഫെ.5:25,29).
- പെന്തെക്കോസ്തു നാളിൽ **പരിശുദ്ധാത്മാം ദൈവത്താൽ** നിറയപ്പെട്ടു. (അ.പ്രവർ.2:1–4)

<u>രക്ഷയോടുള്ള ബന്ധത്തിൽ പരിശുദ്ധാത്മാവിൻെറ പ്രവർത്തനത്തെ കുറിച്ചാണ് നാം ചിന്തിച്ചുകൊണ്ടിരിക്കുന്നത്. അവയെ ഏഴായി തിരിക്കാം.</u>

### 1. <u>ആത്മാവ് വിശുദ്ധീകരിക്കുന്നു</u>.

സുവിശേഷം കേൾക്കുവാൻ നമ്മെ ഒരുക്കുന്നത് പരിശുദ്ധാത്മാവാണ്. വീണ്ടെടുപ്പിനു മുൻപുള്ള വിശുദ്ധീകരണമായി ഇതിനെ കാണാം. സുവിശേഷകേൾവിയിലേക്ക് ആത്മാവ് നമ്മെ കൊണ്ടുവരുന്നു. രക്ഷയോടുള്ള ബന്ധത്തിൽ വിശുദ്ധീകരണം എന്നു പറയുമ്പോൾ വേർതിരിക്കുക എന്നാണ് – സുവിശേഷം കേൾക്കുന്നതിനായി ആത്മാവ് നമ്മെ വേർതിരുക്കുന്നു. ഒരു വ്യക്തി രക്ഷിക്കപ്പെടുന്നതിനു മുൻപേ തൻെറ ജീവിതത്തിൽ പരിശുദ്ധാത്മാവിൻെറ പ്രവർത്തനം ഉണ്ടാവുകയും, രക്ഷയ്ക്കായിട്ട് ലോകത്തിൽ നിന്നും തന്നെ വേർതിരിക്കുകയും ചെയ്യുന്നു. ‘‘പിതാവിൻെറ മുന്നറിവിനു ഒത്തവണ്ണം ആത്മാവിൻെറ വിശുദ്ധീകരണം പ്രാപിച്ച് അനുസരണം കാണിപ്പാനും യേശുക്രിസ്തുവിൻെറ രക്തത്താൽ തളിക്കപ്പെടുവാനുമായി...’’ എന്ന് 1പത്രൊ.1:1–ൽ കാണുന്നു. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരും ആത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ടവരുമാണ് തെസ്സലൊനിക്യയിലെ വിശ്വാസികളെന്ന് പൗലൊസ് അവരെ ഓർമ്മിപ്പിക്കുന്നു (2തെസ്സ.2:13). നിത്യതയിൽ ദൈവം നമ്മെ രക്ഷയ്ക്കായി തിരഞ്ഞെടുത്തു. തക്കസമയത്ത് പരിശുദ്ധാത്മാവ് നമ്മെ കർത്താവിനു വേണ്ടി വേർതിരിച്ചു.

### 2. <u>ആത്മാവ് പാപബോധം വരുത്തുന്നു</u>.

ആത്മാവ് പാപത്തെ കുറിച്ചും, നീതിയെ കുറിച്ചും, ന്യായവിധിയെ കുറിച്ചും ലോകത്തിനു ബോധം വരുത്തുന്നു (യോഹ.16:7, 8-11). സുവിശേഷം കേൾക്കുമ്പോൾ നമ്മുടെ മനസ്സിൽ പാപബോധം കൊണ്ടുവരുന്നത് പരിശുദ്ധാത്മാവാണ്. അതിനോട് ക്രിയാത്മകമായി പ്രതികരിക്കുമ്പോഴാണ് രക്ഷ സാധ്യമാകുന്നത്. ആത്മീകമായി ഒരു പാപി മരിച്ച അവസ്ഥയിലാണെന്ന് ആത്മാവ് ബോധ്യം വരുത്തുന്നു.

- പാപത്തെകുറിച്ച് – മനുഷ്യന് അവൻെറ പാപാവസ്ഥയെ കുറിച്ചും;
- നീതിയെ കുറിച്ച്– ക്രിസ്തുവിൻെറ നീതിയെ കുറിച്ചും;
- ന്യായവിധിയെ കുറിച്ച്– അവിശ്വാസികളുടെ മേൽ വരുന്ന ന്യായവിധിയെ കുറിച്ചും; പരിശുദ്ധാത്മാവ് ബോധം വരുത്തുന്നു.

### 3. <u>ആത്മാവ് ഏറ്റുപറയാൻ സഹായിക്കുന്നു</u>.

ഒരുവൻെറ ജീവിതത്തിലെ പാപം ഏറ്റുപറഞ്ഞു രക്ഷയിലേക്ക് വരുവാൻ പരിശുദ്ധാത്മാവ് സഹായിക്കുന്നു. ‘‘പരിശുദ്ധാത്മാവിനാൽ അല്ലാതെ യേശു കർത്താവ് എന്ന് പറയുവാൻ ആർക്കും കഴിയില’’ (1കൊരി.12:3). ‘‘യേശുവിനെ കർത്താവ് എന്നു വായ്കൊണ്ട് ഏറ്റുപറയുകയും ....’’ (റോമർ 10:9).

## 4. ആത്മാവ് വീണ്ടും ജീവിപ്പിക്കുന്നു

ഒരു പാപിയെ ക്രിസ്തുവിൽ വീണ്ടും ജീവിപ്പിക്കുന്നത് ദൈവാത്മാവാണ് (യോഹ.3:5). "...നിത്യജീവൻെറ അവകാശികളായി തീരേണ്ടതിനു പുനർജനനസ്നാനം കൊണ്ടും നമ്മുടെ രക്ഷിതാവായ യേശുക്രിസ്തുമൂലം നമ്മുടെമേൽ ധാരാളമായി പകർന്ന പരിശുദ്ധാത്മാവിൻെറ നവീകരണം കൊണ്ടും തന്നെ."(തിത്തൊ.3:5-7). പാപിയായ മനുഷ്യനിൽ ജീവൻ പകർന്നു നൽകുന്നതിനെ ഇതുകാണിക്കുന്നു. സുവിശേഷത്തോടുള്ള പ്രതികരണത്തെ തുടർന്ന് വീണ്ടുംജനനം സംഭവിക്കുന്നുവെങ്കിലും രണ്ടും ഒരേ സമയം നടക്കുന്ന പ്രക്രീയയാണ്. "ജീവിപ്പിക്കുന്നത് ആത്മാവ് ആകുന്നു" (യോഹ.6:63). പരിശുദ്ധാത്മാവിൻെറ നവീകരണത്താൽ നമുക്ക് നിത്യജീവൻ ലഭിക്കുവാൻ ഇടയായി (തീത്തോ.3:5).

- ദൈവേഷ്ടത്താലുള്ള വീണ്ടും ജനനം (യോഹ.1:13)
- ക്രിസ്തുവിൻെറ പ്രവർത്തിയാലുള്ള വീണ്ടും ജനനം (യോഹ.3:16)
- ദൈവവചനത്താലുള്ള വീണ്ടും ജനനം (1പത്രോ.1:23)
- പരിശുദ്ധാത്മാവിനാലുള്ള വീണ്ടും ജനനം (യോഹ. 3:3-7).

## 5. ആത്മാവ് വാസം ചെയ്യുന്നു.

രക്ഷിക്കപ്പെടുന്ന നിമിഷത്തിൽ ആത്മാവ് നമ്മിൽ വാസം ചെയ്യുന്നു (യോഹ.14:17; 1കൊരി.3:16). സുവിശേഷം അനുസരിക്കുന്നതിലൂടെ പരിശുദ്ധാത്മാവിൻെറ വാസം ഒരാളിൽ സാധ്യമാകുന്നു (അ.പ്രവർ. 5:32). പരിശുദ്ധാത്മാവിൻെറ മന്ദിരമാണ് നമ്മുടെ ശരീരം (1കൊരി.6:19). പരിശുദ്ധാത്മാവിൻെറ മറ്റെല്ലാ പ്രവർത്തനങ്ങൾക്കും അടിസ്ഥാനം ഇതാണ്.

- പരിശുദ്ധാത്മാവിൻെറ അധിവാസം ഈ സഭായുഗത്തിൻെറ പ്രത്യേകതയാണ്.
- പരിശുദ്ധാത്മാവിൻെറ വാസം സാർവ്വത്രികമാണ് (റോമർ .8:9 )
- പരിശുദ്ധാത്മാവിൻെറ വാസം സ്ഥിരമാണ് (യോഹ.14:16)
- പരിശുദ്ധാത്മാവിൻെറ വാസം നിബന്ധനകളില്ലാത്തതാണ്. രക്ഷിക്കപ്പെട്ട ഒരാളുടെ ആത്മീയ നിലവാരം കണക്കിടുന്നില്ല. ഉദാ:- കൊരിന്ത്യയിലെ വിശ്വാസികൾ.

## 6. ആത്മാവ് മുദ്രയിടുന്നു.

ക്രിസ്തുവിനെ സ്വീകരിക്കുന്നവനെ വാഗ്ദത്തത്തിൻെറ ആത്മാവിനാൽ മുദ്രയിടുന്നു (2കൊരി.1:22; എഫെ.1:13). വീണ്ടെടുപ്പിൻ നാളിനായി നമ്മെ മുദ്രയിട്ടിരിക്കുന്നു (എഫെ.4:30). കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ തന്നെ എല്ലാ വിശ്വാസികളേയും പരിശുദ്ധാത്മാവിനാൽ മുദ്രയിടുന്നു.

- പൂർത്തിയാക്കപ്പെട്ട ഒരു ഇടപാടിനെ ഇതു കാണിക്കുന്നു.
- ഉടമസ്ഥാവകാശത്തെയും അധികാരത്തേയും ഇതു കാണിക്കുന്നു
- സുരക്ഷിതത്വത്തെ ഇതു കാണിക്കുന്നു (യോഹ.10:28).

## 7. ആത്മാവ് അച്ചാരമാകുന്നു.

പരിശുദ്ധാത്മാവിനെ അച്ചാരമായി നൽകിയിരിക്കുന്നു (2കൊരി.1:22; 5:5). ഇത് മുൻകൂറായി നൽകപ്പെട്ടാതാണ്. (എഫെ.1:14) "അവകാശത്തിൻെറ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു." വിശ്വാസിക്കു നൽകുന്ന പരിശുദ്ധാത്മാവ് എന്ന ദാനം, സ്വർഗ്ഗീയ അനുഗ്രഹങ്ങളുടെ ഉറപ്പും വരുവാനുള്ള അനുഗ്രഹങ്ങളുടെ നിഴലുമാണ്. ഉറപ്പ് മുൻ കൂറായി ലഭിച്ച കടക്കാരാണ് നാമോരോരുത്തരും!!

ഭൂതം, വർത്തമാനം, ഭാവി കാലങ്ങളിൽ രക്ഷയോടുള്ള ബന്ധത്തിൽ ആവശ്യമുള്ളതെല്ലാം മുകളിൽ പറഞ്ഞിരിക്കുന്ന ഏഴ് കാര്യങ്ങളിൽ ഉൾകൊണ്ടിട്ടുണ്ട്. ഇങ്ങനെ പരിശുദ്ധാത്മാവിന് നമ്മുടെ രക്ഷയോടു ബന്ധപ്പെട്ടുള്ള ശുശ്രൂഷയും പങ്കും അത് പൂർത്തീകരിക്കുന്നതുവരെ ഉണ്ടെന്ന് മനസ്സിലാക്കാം. പുതിയനിയമത്തിൽ രക്ഷയെ മൂന്ന് കാലങ്ങളിലായി തിരിച്ചിട്ടുണ്ട് – ഭൂതം, വർത്തമാനം, ഭാവി. നാം വീണ്ടും ജനിച്ചതാണെങ്കിൽ, നാം പാപത്തിൻെറ *ശിക്ഷയിൽ* നിന്ന് രക്ഷ നേടികഴിഞ്ഞു. ഇന്ന് നാം പാപത്തിൻെറ *ശക്തിയിൽ* നിന്ന് രക്ഷനേടികൊണ്ടിരിക്കുന്നു. ഒരുന്നാൾ നമ്മുടെ കർത്താവ് മഹത്വത്തിൽ വരുമ്പോൾ, നാം പാപത്തിൻെറ *സാന്നിധ്യത്തിൽ* നിന്ന് രക്ഷനേടും.

# പാഠം 12
## പരിശുദ്ധാത്മ സ്നാനം

പരിശുദ്ധാത്മാവിൻെറ ശ്രേഷ്ഠമായ പ്രവർത്തനങ്ങളിൽ ഒന്നാണ് സഭായുഗത്തിൽ മാത്രം കാണുന്ന പരിശുദ്ധാത്മ സ്നാനം. ഇത് ധാരാളം വാദപ്രതിവാദങ്ങൾക്ക് ഇടയായിട്ടുള്ള ഒരു ഉപദേശ വിഷയമാണ്. ആത്മസ്നാനത്തെ കുറിച്ച് പ്രതിപാതിച്ചിരിക്കുന്നിടത്തെല്ലാം ജലസ്നാനത്തെയാണ് സൂചിപ്പിക്കുന്നതെന്ന് ചിലർ വിശ്വസിക്കുന്നു. ആത്മസ്നാനം എന്നത് പരിശുദ്ധാത്മാവിൻെറ രണ്ടാമത്തെ അനുഗ്രഹമായി ചിലർ കരുതുന്നു. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചവരെല്ലാവരും ക്രിസ്തുവിൻെറ ശരീരമായ സഭയോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്നു (1കൊരി. 12:13). പരിശുദ്ധാത്മസ്നാനത്താലാണ് സഭരൂപീകരിക്കപ്പെടുന്നത്. ആത്മസ്നാനം എന്നത് പരിശുദ്ധാത്മാവിൻെറ മറ്റ് ശുശ്രൂഷകളുമായി ആശയകുഴപ്പത്തിലാകാതിരിക്കുവാൻ ശ്രദ്ധിക്കണം.

**1. ആത്മസ്നാനത്തിൻെറ അർത്ഥം:** ഒരു വിശ്വാസിയെ ക്രിസ്തുവിൻെറ ശരീരമാകുന്ന സഭയോടു ചേർക്കുന്ന പരിശുദ്ധാത്മാവിൻെറ പ്രവർത്തനമാണ് ആത്മസ്നാനം. അതു മുഖാന്തരം വിശ്വാസി ക്രിസ്തുവിനോടും തൻെറ ശരീരത്തിലെ അംഗങ്ങളായ മറ്റ് വിശ്വാസികളോടും ഉള്ള ബന്ധത്തിലായി തീരുന്നു (1കൊരി.12:13). സ്നാനം എന്ന വാക്കിന് 'നിമജ്ഞനം' അഥവ 'മുഴുകൽ' എന്നാണ് അർത്ഥം. അതു ആത്മാവിലുള്ള നിമജ്ഞനത്തെ കാണിക്കുന്നു. വീണ്ടും ജനന സമയത്താണ് ആത്മസ്നാനം പ്രാപിക്കുന്നത് (തീത്തൊ.3:5). ഒരു പാപി കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന അവസരത്തിൽ ക്രിസ്തുവിൻെറ ശരീരത്തിലെ ഒരംഗമായി തീരുന്നു. ഇത് ഒരിക്കലായിട്ട് സംഭവിക്കുന്നതാണ്.

**2. ആത്മസ്നാനം തിരുവചനത്തിൽ:** ചിലർ പഠിപ്പിക്കുന്നതു പോലെ പരിശുദ്ധാത്മസ്നാനം ഒരുഅനുഭവമല്ല, എന്നാൽ വേദപുസ്തകം ഉറപ്പു തരുന്ന ഒരു ഉപദേശവിഷയമാണ്. മൂന്നു വ്യത്യസ്ത തലകെട്ടുകളിലായി പരിശുദ്ധാത്മസ്നാനത്തെ കുറിക്കുന്ന ഏഴ് പരാമർശങ്ങൾ വേദപുസ്തകത്തിലുണ്ട്. യോഹന്നാൻ സ്നാപകൻ ആത്മസ്നാനത്തെ കുറിച്ച് പ്രവചിച്ചിട്ടുണ്ട്, കർത്താവിനാൽ ഉറപ്പിക്കപ്പെട്ടു, പത്രോസിനാൽ പ്രഖ്യാപിക്കപ്പെട്ടു. പൗലൊസ് ആത്മസ്നാനം എന്തെന്ന് നിർവ്വചിച്ചിരിക്കുന്നു.

- **പ്രവചനപരമായി:** യോഹന്നാൻ സ്നാപകൻ പരിശുദ്ധാത്മസ്നാനത്തെ കുറിച്ച് പരാമർശിച്ചിരിക്കുന്നു (മത്താ. 3:11; മർക്കോ. 1:8; ലൂക്കോ.3:16; യോഹ.1.33;). നിങ്ങൾക്കോ ഇനി ഏറെ നാൾ കഴിയും മുമ്പെ പരിശുദ്ധാത്മാവ് കൊണ്ട് സ്നാനം ലഭിക്കും എന്ന് കർത്താവ് കല്പിച്ചിരുന്നു (പ്രവർ. 1: 5).
- **ചരിത്രപരമായി:** പെന്തെകൊസ്തു നാളിൽ ആത്മസ്നാനത്തെ കുറിച്ചുള്ള പ്രവചനം നിറവേറ്റപ്പെടാൻ ഇടയായി. അ.പ്രവർ.11:15-17-ൽ പത്രോസ് അത് പ്രസ്ഥാവിച്ചിരിക്കുന്നു. ചരിത്രപരമായി പെന്തെകൊസ്തു നാളിൽ ആരംഭിച്ച അത്മസ്നാനം സഭാരൂപീകരണത്തിന് കരണമായി.
- **ഉപദേശപരമായി:** ആത്മസ്നാനത്തിൻെറ ഉപദേശ വശങ്ങളെ പറ്റി പൗലൊസ് വിവരിച്ചിട്ടുണ്ട് (1കൊരി.12:13). "യെഹൂദന്മാരോ യവനന്മാരോ ദാസന്മാരോ സ്വതന്ത്രരോ നാം എല്ലാവരും ഏകശരീരമാകുമാറു ഒരേ ആത്മാവിൽ സ്നാനം ഏറ്റും..."

**3. ആത്മസ്നാനത്തിൻെറ പ്രത്യേകതകൾ:**

- യോഹന്നാൻ വെള്ളത്താൽ സ്നാനം കഴിപ്പിച്ചതുപോലെ, കർത്താവ് ആത്മാവിനാൽ സ്നാനം കഴിപ്പിക്കുന്നു.
- ഈ യുഗത്തിൽ മാത്രമാണ് ആത്മസ്നാനം ഉള്ളത്. പഴയ നിയമ പ്രവചനത്തിലോ, യേശുക്രിസ്തുവിൻെറ ജീവിതകാലത്തോ ആരും തെന്നെ ഇത് അനുഭവിച്ചിട്ടില്ല, പെന്തക്കൊസ്തുനാളിലാണ് ആത്മസ്നാനം സംഭവിച്ചത്. (അ.പ്രവർ. 1: 5).
- നാം എല്ലാവരും ഏകശരീരമാകുമാറു ഒരേ ആത്മാവിൽ സ്നാനം ഏറ്റും ...." (1കൊരി.12:13). എല്ലാവിശ്വാസികളും "പരിശുദ്ധാത്മാവിനാൽ സ്നാനം ഏറ്റവരാണ്. ആരുടേയും ആത്മീയ നിലവാരം അവിടെ കണക്കിടുന്നില്ല. ചിലർക്കുമാത്രം പ്രത്യേകമായി ലഭിക്കുന്ന ഒന്നല്ല ആത്മസ്നാനം.
- രക്ഷിക്കപ്പെടുന്ന സമയത്ത് സംഭവിക്കുന്നു. ഒരു വിശ്വാസിയുടെ ജീവിതത്തിൽ ആവർത്തിച്ചു വരുന്ന ഒന്നല്ല ആത്മസ്നാനം.
- ആത്മസ്നാനം എന്നത് ഒരു ദൈവീക പ്രവർത്തനമാണ്. കാത്തിരുന്ന് ആത്മാവിനെ പ്രാപിപ്പാനോ, പ്രാർത്ഥനയാലും യാചനയാലും കാത്തിരിക്കാനോ തിരുവചനത്തിലൊരിടത്തും പറയുന്നില്ല. ഒരു അവിശ്വാസിക്ക് ആത്മസ്നാനം പ്രാപിക്കാൻ കഴിയുന്നതല്ല.

## 4. ആത്മസ്നാനത്തെ കുറിച്ചുള്ള തെറ്റിധാരണകൾ:

- ആർ.എ. റ്റോറി, ഡി.എൽ. മൂഡി തുടങ്ങിയ ആത്മീയരായ ആളുക്കൾക്ക് പോലും ആത്മാസ്നാനം എന്ന ഉപദേശ വിഷയത്തിൽ ഇ ചില ആശയകുഴപ്പങ്ങൾ ഉണ്ട്.
- സഭയുടെ ആരംഭത്തെ കുറിച്ചുള്ള ആറിവില്ലായ്മ പലരേയും ആത്മസ്നാനത്തെ കുറിച്ച് തെറ്റിദ്ധാരണകൾക്ക് ഇടയാക്കുന്നു.
- രക്ഷയുടെ അനുഭവത്തിൽ നിന്നും വേറിട്ട ഒരു അനുഭവമാണ് ആത്മസ്നാനം എന്ന് ചിലർ കരുതുന്നു. ഒരാൾക്ക് കൂടുതൽ ആത്മീയ ശക്തിയും ഉറപ്പും ലഭിക്കുന്ന രണ്ടാമത്തെ അനുഭവമായി അവർ ആത്മസ്നാനത്തെ കാണുന്നു.
- രക്ഷയെ തുടർന്നുണ്ടാകുന്ന ഒരു അനുഭവമാണ് ആത്മസ്നാനം എന്ന് ചില കരിസ്മാറ്റിക്കുകാർ ചിന്തിക്കുന്നു. ആത്മസ്നാനത്തോടുകൂടി അന്യഭാഷയിൽ സംസാരിക്കാനുള്ള കഴിവ് ലഭിക്കും എന്ന് ചിലർ പഠിപ്പിക്കുന്നു. എല്ലാ വിശ്വാസികൾക്കും ആത്മാവിനാൽ സ്നാനം ലഭിക്കുന്നു (1കൊരി.12:13). എന്നാൽ എല്ലാ വിശ്വാസികൾക്കും ഭാഷാവരം ഇല്ല (1കൊരി.12: 29, 30).
- മത്താ.3:11 –ൽ കാണുന്ന തീയാലുള്ള സ്നാനം ആത്മസ്നാനമാണെന്ന് ചിലർ പഠിപ്പിക്കുന്നു. തീയാലുള്ള സ്നാനം എന്നാൽ അന്ത്യ ന്യായവിധിയെ കാണിക്കുന്നു, ഇതിൽ കർത്താവ് കോതമ്പിനെ പതിരിൽ നിന്നും വേർതിരിക്കുന്നു. എല്ലാ വിശ്വാസികൾക്കും ആത്മസ്നാനം ഉണ്ട്, എല്ലാ അവിശ്വാസികൾക്കും തീയാലുള്ള സ്നാനം ലഭിക്കും.

## 5. ആത്മസ്നാനം എന്തല്ല?

- **ആത്മസ്നാനവും പരിശുദ്ധാത്മവാസവും:** പരിശുദ്ധാത്മവാസം പഴയ നിയമ വിശ്വാസികളിൽ ഉണ്ടായിരുന്നു എങ്കിലും, അവർക്ക് ആത്മസ്നാനം ലഭിച്ചിരുന്നില്ല. ആത്മസ്നാനം ലഭിച്ചതു മുതൽ പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നു. ആത്മസ്നാനം ആവർത്തിക്കുന്നില്ല, അത് ഒരിക്കലായിട്ട് രക്ഷിക്കപ്പെടുന്ന അവസരത്തിൽ തന്നെ ലഭിക്കുന്നു. എന്നാൽ പരിശുദ്ധാത്മവാസം തുടരുന്നതാണ് (യോഹ. 14:17)
- **ആത്മസ്നാനവും ആത്മനിറവും:** ആത്മസ്നാനം എന്നാൽ നമുക്ക് ലഭിക്കുന്ന സ്ഥാനമാണ്. ആത്മനിറവ് നമ്മെ ശക്തീകരിക്കുന്നതാണ് (അ.പ്രവർ.4:31). ആത്മസ്നാനം അനുഭവിക്കാൻ സാധ്യമല്ല. എന്നാൽ ആത്മനിറവ് യഥാർത്ഥമായും അനുഭവിക്കാൻ സാധിക്കും.ആത്മസ്നാനം ഒരിക്കൽ മാത്രമാണെങ്കിൽ ആത്മ നിറവ് ആവർത്തിക്കുന്നു. സ്നാനത്തിനുള്ള കല്പനകൾ ഇല്ല, എന്നാൽ ആത്മാവിൽ നിറയണം എന്ന് പറഞ്ഞിട്ടുണ്ട് (എഫെ.5:15). ആത്മസ്നാനത്തിൻെറ ഫലമായി സഭ ആരംഭിച്ചു. ആത്മനിറവ് ആത്മഫലങ്ങളെ പുറപ്പെടുവിക്കുന്നു (ഗലാ.5:22)

## 6. ആത്മസ്നാനത്തിൻെറ ഫലങ്ങൾ:

- ആത്മസ്നാനം സഭ ആരംഭിക്കുവാൻ ഇടയായി. അത് നമ്മെ ക്രിസ്തുവിൻെറ ശരീരവുമായി ചേർക്കുന്നു (1കൊരി.12:13). ജല സ്നാനത്തിൽ വെള്ളത്തിൽ മുഴുകുന്നതുപോലെ ആത്മസ്നാനത്തിൽ ഒരു വിശ്വാസി ആത്മീയമായി ക്രിസ്തുവിൻെറ ശരീരത്തിൽ നിമജ്ഞനം ചെയ്യപ്പെടുന്നു. സഭ രൂപീകരിക്കപ്പെട്ടു.
- ആത്മസ്നാനത്താലുണ്ടാകുന്ന ഐക്യം കാണതക്കതാണ്. 1കൊരി.1.10; 12:24; എഫെ.4:3; ഫിലി.2.1-4. ആത്മവരങ്ങൾ ക്രിസ്തുവിൻെറ ശരീരമാകുന്ന സഭയുടെ പൊതുപ്രയോജനത്തിനായി ഉപയോഗിക്കണം എന്ന ആശയത്തിലാണ് പൗലൊസ് ഇത് എഴുതിയിരിക്കുന്നത്. (1കൊരി.12–14)
- ക്രിസ്തുവിൻെറ മരണത്തോടും പുനരുദ്ധാനത്തോടും നമ്മെ ഏകീഭവിപ്പിക്കുന്നു. അത്മസ്നാനം നമ്മെ ക്രിസ്തുവിൻെറ ശരീരത്തോടു ചേക്കുന്നതോടൊപ്പം മറ്റ് വിശ്വാസികളുമായി നമ്മെ ഐക്യപ്പെടുത്തുന്നു.
- ആത്മസ്നാനം ക്രിസ്തുവിനോടു കൂടെ ജീവൻെറ പുതുക്കത്തിൽ നടക്കേണ്ടതിന് നമ്മെ ജീവിപ്പിക്കുന്നു (റോമർ 6:4), പഴയ മനുഷ്യൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടു (റോമർ 6:6), പാപസംബന്ധമായി മരിച്ചവർ എന്ന് നമ്മെ തന്നെ എണ്ണുന്നു (റോമർ 6:11), നീതിക്കു ദാസന്മാരായി തീരുന്നു (റോമർ 6:18), ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിൻെറ അന്തം നിത്യജീവനും ആകുന്നു (റോമർ 6:22).

# പാഠം 13

# പരിശുദ്ധാത്മ അധിവാസം

(1കൊരി. 3:16; 6:19; റോമ.8:9)

പരിശുദ്ധാത്മ അധിവാസം എന്നത് പുതിയ നിയമത്തിലെ അടിസ്ഥാന ഉപദേശങ്ങളിലൊന്നാണ്. ഇത് പരിശുദ്ധാത്മാവ് പുതിയ നിയമ വിശ്വാസികളോടു ചെയ്യുന്ന എല്ലാ ശുശ്രൂഷകൾക്കും അധാരമായിരിക്കുന്നു. എല്ലാ വിശ്വസാസികൾക്കും ദൈവത്തിൽ നിന്നും ലഭിച്ചിരിക്കുന്ന ദാനമാണ് പരിശുദ്ധാത്മ അധിവാസം. മുഖപക്ഷം കൂടാതെ എല്ലാ വിശ്വാസികൾക്കും പരിശുദ്ധാത്മാവിനെ ദൈവം നൽകിയിരിക്കുന്നു (റോമ. 8:9,15,16; ഗലാ.3:2; എഫെ.1:13,14). ക്രിസ്തുവിലുള്ള എല്ലാ വിശ്വാസികളിലും പരിശുദ്ധാത്മാവ് അധിവസിക്കുന്നു. (യോഹ. 14:17; റോമ.8:9; 1കൊരി.6:19).

**1. വിവരണം:** തിരുവചനത്തിൽ വ്യക്തമായി പരാമർശിച്ചിരിക്കുന്ന ഒരു സത്യമാണ് പരിശുദ്ധാത്മ അധിവാസം.

→ **പ്രവചനപരമായ പരാമർശം:** നമ്മോടു കൂടെ എന്നേക്കും ഇരിക്കേണ്ടതിന് മറ്റൊരുകാര്യസ്ഥനെ അയക്കും എന്ന് കർത്താവ യേശുക്രിസ്തു പറഞ്ഞിട്ടുണ്ട് (യോഹ.14:16,17). പിതാവിൻെറ വാഗ്ദത്തം ലഭിക്കുന്നതിനു യെരുശലേമിൽ കാത്തിരിക്കണമെന്ന് കർത്താവ് ശിഷ്യന്മാരോട് കലിച്ചിട്ടുണ്ടായിരുന്നു (അ.പ്രവർ.1:4, 8)

→ **ചരിത്രപരമായ പരാമർശം:** അപ്പൊസ്തലപ്രവർത്തി രണ്ടാം അദ്ധ്യായത്തിൽ പെന്തെക്കൊസ്തു ദിവസം. 1:4, 5:32 കാണുക. പിതാവിൻെറ വാഗ്ദാനമായ പരിശുദ്ധാത്മാവിനെ ശിഷ്യന്മാർക്ക് അന്നേദിവസം ലഭിക്കുന്നു. പിന്നീട് പത്രോസ് അപ്പൊസ്തലൻ അത് ഉറപ്പിച്ചു തന്നിട്ടുണ്ട് (അ.പ്രവർ.5:32;2:38)

→ **ഉപദേശപരമായ പരാമർശം:** അപ്പൊസ്തലനായ പൗലോസ് ലേഖനങ്ങളിൽ രേഖപ്പെടുത്തി (1കൊരി.3:16; 2കൊരി.6:19; റോ.8:9). ഓരോ ദൈവപൈതലിനും ദൈവാത്മാവ് ഉണ്ടെന്ന് പൗലൊസ് വ്യക്തമാക്കുന്നു.

**2. നിർവ്വചനം:**

രക്ഷിക്കപ്പെടുന്ന നിമിഷം മുതൽ നിരന്തരമായി വിശ്വാസികളുടെ ആത്മീയ നിലവാരം കണക്കിലെടുക്കാതെ അവരിൽ സ്ഥിരമായി വസിച്ചുകൊണ്ട് പരിശുദ്ധാത്മാവ് ചെയ്യുന്ന നിരുപമമായ ഒരു വേലയാണ് പരിശുദ്ധാത്മ അധിവാസം (1കൊരി.6:19-10, 3:16). ഇത് സാർവ്വത്രികമാന് (റോമ.8:9; യൂദ 19). ഇത് ശാശ്വതമാണ് (യോഹ.14:16; എഫെ.4:30)

**3. വ്യത്യസ്തത:** പരിശുദ്ധാത്മ അധിവാസത്തിന് വിവിധ നിലകളിൽ പ്രത്യേകതകളുണ്ട്.

→ പുതിയനിയമത്തിൽ പരിശുദ്ധാത്മ അധിവാസം **വ്യത്യസ്തമാണ്**. പഴയനിയമത്തിൽ ദൈവം മനുഷ്യനോടുകൂടെ നടന്നു (ഏദൻ തൊട്ടത്തിൽ), സമാഗമന കൂടാരത്തിലും, ദൈവാലയത്തിലും ദൈവം വാസം ചെയ്തു. ജനങ്ങളുടെ ഇടയിൽ ഉണ്ടായിരുന്നു. അവരെ നയിച്ചു, പിറകിൽ നിന്ന് ശാസിച്ചു, എന്നാൽ പുതിയനിയമത്തിൽ ദൈവാത്മാവ് വിശ്വാസികളിൽ വാസം ചെയ്യുന്നു.

→ പരിശുദ്ധാത്മാവിൻെറ അധിവാസം പരിശുദ്ധാത്മാവിൻെറ മറ്റെല്ലാ ശുശ്രൂഷകൾക്കും **അടിസ്ഥാനമാണ്** (യോഹ.16:13; റോമ.8:15,16; ഗലാ.4). പരിശുദ്ധാത്മ അധിവാസമാണ് എല്ലാത്തിൻേറയും ആരംഭം.

→ പരിശുദ്ധാത്മ അധിവാസം **സാർവ്വത്രികമാണ്**. ക്രിസ്തു യേശുവിലുള്ള എല്ലാവിശ്വാസികളിലും പരിശുദ്ധാത്മാവ് അധിവസിക്കുന്നു. (യോഹ.14:17; റോമ.8:9; 1കൊരി.6:19).

→ പരിശുദ്ധാത്മാവിൻെറ അധിവാസം **സ്ഥിരമാണ്**. പരിശുദ്ധാത്മാവിൻെറ അധിവാസം രക്ഷിക്കപ്പെടുന്ന നിമിഷത്തിൽ തന്നെ ആരംഭിക്കുന്നു അത് ശാശ്വതമാണ്. പുതിയനിയമത്തിൽ പരിശുദ്ധാത്മാവ് ഒരു വിശ്വാസിയെ ഒരിക്കലും വിട്ടുപോകുന്നില്ല.

**4. <u>കാലപരിധി:</u>** എന്നാണ് ഒരു വിശ്വാസിയിൽ പരിശുദ്ധാത്മാവ് വാസം ആരംഭിക്കുന്നത്? എത്രനാൾ പരിശുദ്ധാത്മാവ് ഒരു വിശ്വാസിയോടൊപ്പം ഉണ്ടായിരിക്കും?

→ പഴയനിയമത്തിൽ പരിശുദ്ധാത്മാവ് വിശ്വാസികളോടൊപ്പം ഉണ്ടായിരുന്നു. എന്നാൽ അവരോടൊപ്പം സ്ഥിരമായി വസിച്ചിരുന്നില്ല. അതിന് ഒരു പരിധി ഉണ്ടായിരുന്നു. (1ശമു.16:14; സങ്കീ.51:11)

→ പുതിയനിയമത്തിൽ എല്ലാ വിശ്വാസികളിലും, വീണ്ടും ജനിക്കുന്ന അവസരത്തിൽ തന്നെ, പരിശുദ്ധാത്മാവ് വാസം ചെയ്യുന്നു (യോഹ.14:17; ഗലാ.3:2; റോമ.8:9,11). നമ്മെ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു (എഫെ.4:30). ഒരു വിശ്വാസിയിൽ പരിശുദ്ധാത്മാവ് സ്ഥിരമായി വസിക്കുന്നു (യോഹ.14:16- 17; എഫെ.2:13; റോമ.8:9; 1കൊരി.6:19)

→ അവൻ പാപം ചെയ്യുന്ന ജഢികനായ വിശ്വാസിയിൽ പോലും അധിവസിക്കുന്നു.ഭിന്നതകളും (1കൊരി.1), ദുർന്നടപ്പും (1കൊരി.5) വ്യവഹാരം (1കൊരി.6) തുടങ്ങിയവയുള്ള കൊരിന്ത്യസഭയിലെ വിശ്വാസികൾ ദൃഷ്ടാന്തമായിരിക്കുന്നു.

**5. <u>ആവശ്യം:</u>** പരിശുദ്ധാത്മ അധിവാസത്തിന് എന്താണ് ആവശ്യം?

→ യേശുക്രിസ്തുവിലുള്ള വിശ്വാസം മാത്രമാണ് പരിശുദ്ധാത്മ അധിവാസത്തിന് ആവശ്യമുള്ളത്. ക്രിസ്തുവിൽ വിശ്വസിക്കാത്തവരിൽ ദൈവാത്മാവ് വസിക്കുന്നില്ല (റോമ.8:9; 1കൊരി.12:13).

→ സുവിശേഷത്തോടുള്ള അനുസരണത്താലാണ് ഒരാളിൽ പരിശുദ്ധാത്മവാസം ഉണ്ടാകുന്നത് (അ.പ്രവർ.5:32; 2തെസ്സ.1:7,8)

→ രക്ഷിക്കപ്പെടാത്ത ഒരാൾക്ക് പരിശുദ്ധാത്മാവിൻെറ അധിവാസം അനുഭിക്കാൻ സാധ്യമല്ല. പരിശുദ്ധാത്മാവിൻെറ അഭാവം രക്ഷിക്കപ്പെടാത്ത അവസ്ഥയ്ക്ക് തെളിവാണ്.

**6. <u>വൈഷമ്യങ്ങൾ</u>:** അധിവാസത്തെ സംബന്ധിച്ച ചില വേദഭാഗങ്ങൾ മനസ്സിലാക്കുവാൻ പ്രയാസമുള്ളതാണ്.

→ പരിശുദ്ധാത്മാവ് ഒരു വിശ്വാസിയെ വിട്ടുപോകുമോ? പരിശുദ്ധാത്മാവ് ശൗലിനെ വിട്ടുപോയതായി കാണുന്നു (1ശമു.16:14), പരിശുദ്ധാത്മാവിനെ എടുക്കരുതേ എന്ന് ദാവിദ് പ്രാർത്ഥിക്കുന്നു (സങ്കീ.51:11). ഈ വേദഭാഗങ്ങൾ കാലക്രമത്തോടുള്ള ബന്ധത്തിൽ തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്. പുതിയനിയമ ക്രിപായുഗത്തിൽ അധിവാസം സമാനതകളില്ലാത്തതാണ്.

→ അനുസരണം അധിവാസത്തിന് ആവശ്യമാണോ? (അ.പ്രവർ.5:32) 'ദൈവം തന്നെ അനുസരിക്കുന്നവർക്കു നല്കിയ പരിശുദ്ധാത്മാവ്....". ക്രിസ്തു യേശുവിൽ വിശ്വസിക്കണം എന്ന കല്പനയോടുള്ള അനുസരണമാണ് ഇതിൻെറ പശ്ചാത്തലം. അ.പ്രവർ.6:7– കാണുക.

→ അധിവാസം രക്ഷയോടു അനുബന്ധിച്ചുള്ള ഒരു അനുഗ്രഹമാണോ? (19:1-6). അവർ യോഹന്നാൻ സ്നാപകൻെറ ശിഷ്യന്മാർ ആയിരുന്നു. യോഹന്നാൻെറ പ്രസംഗം കേട്ട അവർ ക്രിസ്തു വിശ്വാസികൾ ആയിതീർന്നിരുന്നില്ല. പൗലൊസ് വിവരിച്ചു കൊടുത്തപ്പോൾ മാത്രമാണ് അവർ വിശ്വാസികളായി തീർന്നത്.

**7. <u>ചുമതലകൾ</u>:** ത്രീയേക ദൈവം ഒരു വിശ്വാസിയിൽ വസിക്കുന്നു. (1യോഹ.4:12: കൊലൊ.1:27; 1കൊരി.3:16). എന്നുള്ളത് ഒരു വിശ്വാസിയുടെ ഉത്ത്രവാദിത്വം വർദ്ധിപ്പിക്കുന്നു.

→ പരിശുദ്ധാത്മ അധിവാസം ഒരു സഭയെ പൊതുവായും (1കൊരി. 6:19) വിശ്വാസിയെ വ്യക്തിയെന്ന (1കൊരി. 3:16,17; 6:19) നിലയിലും ദൈവത്തിൻെറ മന്ദിരമാക്കി തീർക്കുന്നു. ദൈവം നമ്മുടെ ഉള്ളിൽ വാസം ചെയ്യുന്നതിനാൽ നാം ഈ ലോകത്തു നിന്നുംവേർപ്പെട്ടവരാണ്. വിശുദ്ധജീവിതം നയിക്കുവാനുള്ള ചുമതല (ലേവ്യ.11:44;1പത്രോ.1:15)

→ 1കൊരി.6:19,20: നിങ്ങളുടെ ശരീരം മന്ദിരമാണ്... ...നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല... നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കുന്നു... ആകയാൽ നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. നന്ദിയുള്ള ഒരു ജീവിതം നയിക്കുവാനുള്ള ചുമതല.

→ അ.പ്രവർ.1:8 –ൽ ശക്തി എന്നും പരിശുദ്ധാത്മാവ് എന്നും ഒരുമിച്ചു പറഞ്ഞിരിക്കുന്നു. ... നിങ്ങൾ എൻെറ സാക്ഷികൾ ആകും.... സാക്ഷ്യ ജീവിതത്തിനായുള്ള ശക്തി. സാക്ഷ്യമുള്ള ഒരു ജീവിതം നയിക്കുവാനുള്ള ചുമതല.

# പാഠം 14

## ആത്മനിറവ് (എഫെ.5:18)

എല്ലാ വിശ്വാസികളും ആത്മാവിനാൽ നിറയുക എന്നുള്ളത് ദൈവകല്പനയാണ്. ഇത് വിട്ടുവീഴ്ചകളില്ലാതെ നിർബന്ധമായും ചെയ്യേണ്ടതാണ്. ആത്മാവിനാൽ നിറയുക എന്നാൽ പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുക എന്നുള്ളതാണു അർത്ഥമാക്കുന്നത്. ഒരു മദ്യപാനി മദ്യത്താൽ നിയന്ത്രിക്കപ്പെടുന്നതു പോലെ നാമും പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുന്നു. വിശ്വാസിയുടെ ജീവിതത്തിൽ ആത്മസ്നാനം ഒരിക്കലായി മാത്രം സംഭവിക്കുന്നു. എന്നാൽ ആത്മനിറവ് ആവർത്തിക്കപ്പെടുന്നു. രക്ഷയോടുള്ള ബന്ധത്തിൽ പരിശുദ്ധാത്മാവിന്റെ എല്ലാ പ്രവർത്തനങ്ങളും ആവർത്തിക്കപ്പെടുന്നില്ല. ഒരാൾ വിശ്വസിക്കുന്ന നിമിഷത്തിൽ തന്നെ എന്നേക്കുമായി ഒരിക്കലായി സംഭവിക്കുന്നു. എന്നാൽ ആത്മനിറവ് ആവർത്തിക്കുന്നതാണ്. നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും പരിശുദ്ധാത്മാവിന്റെ നിയന്ത്രണം ഉണ്ടായിരിക്കുന്നതാണ് ആത്മനിറവ് എന്നു പറയുന്നത്.

### 1. **ആത്മനിറവിന്റെ അർത്ഥം** (എഫെ.5:18):

ആത്മനിറവെന്നാൽ ആത്മാവിനാൽ നിയന്ത്രിക്കപ്പെടുക എന്നുള്ളതാണു. ഉദാ: 'കോപം നിറഞ്ഞവരായി'; (ലൂക്കോ.4:28); 'ഭയം നിറഞ്ഞവരായി' (ലൂക്കോ.5:26); 'അസൂയ നിറഞ്ഞവരായി' (അ.പ്രവർ. 13:45). നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ആത്മാവിന്റെ നിയന്ത്രണവും നടത്തിപ്പും പരിശുദ്ധാത്മാവിനെ ഭരമേൽപ്പിക്കുക എന്നാണ് ആത്മനിറവ് എന്നർത്ഥമാക്കുന്നത്. ഈ പ്രയോഗങ്ങൾ നാം സ്വയം നിറയപ്പെടുകയല്ല നിറയപ്പെടുവാൻ ആത്മാവിനെ അനുവദിക്കുകയാണ് ചെയ്യുന്നത് എന്ന് കാണിക്കുന്നു. പരിശുദ്ധാത്മനിറവ് ആത്മാവിന്റെ അളവിനെ അല്ല കാണിക്കുന്നത്. നമ്മിൽ ആത്മാവ് എത്ര ഉണ്ടെന്നുള്ളതല്ല, നാം ആത്മാവിൽ എത്രയായിരിക്കുന്നു എന്നുള്ളതാണ് ആത്മനിറവ് (യോഹ.3:34)

### 2. **ആത്മനിറവ് ഒരു കല്പന**:

ഒരു വിശ്വാസി വീണ്ടും ജനിക്കുവാനോ, പരിശുദ്ധാത്മാവിനാൽ അധിവസിക്കുവാനോ, സ്നാനപ്പെടുവാനോ, മുദ്രയിടപ്പെടുവാനോ, അഭിഷേകം ചെയ്യപ്പെടുവാനോ കല്പനയില്ല. എന്നാൽ, ആത്മാവിനാൽ നിറയണം എന്ന് ദൈവം കല്പിച്ചിട്ടുണ്ട്.

- → ആത്മാവ് നിറഞ്ഞവരായി തീരണം എന്നുള്ളത് ദൈവകൽപനയാണ് (എഫെ.5:18)
- → ഇത് ഒരു തിരഞ്ഞെടുപ്പല്ല, മറിച്ച് ഒരു കടപ്പാടാണ്.
- → ഈ കല്പന ബഹുവചനത്തിൽ പറഞ്ഞിരിക്കുന്നതിനാൽ, ഇത് എല്ലാവർക്കും ഉള്ളതാണ്. ചില പ്രത്യേക വ്യക്തികൾക്കുള്ളതല്ല. വീണ്ടും ജനിച്ച ഓരോരുത്തരും ആത്മാവിനാൽ നിറയപ്പെടേണ്ടതാണ്.

### 3. **ആത്മനിറവ് തുടർമാനമായി**:

രക്ഷയോടുള്ള ബന്ധത്തിൽ പരിശുദ്ധാത്മാവിന്റെ എല്ലാ പ്രവർത്തനങ്ങളും ആവർത്തിക്കപ്പെടുന്നില്ല. ഒരാൾ വിശ്വസിക്കുന്ന നിമിഷത്തിൽ തന്നെ ഏന്നേക്കുമായി ഒരിക്കലായി സംഭവിക്കുന്നു

- → ആത്മാവിൽ നിറവ് എന്നത് ചില പ്രത്യേക സന്ദർഭത്തിൽ മാത്രം അനുഭവിക്കുന്നതല്ല, അത് തുടർമാനമായിട്ടുള്ള അനുഭവമാണ്.
- → .ആത്മനിറവ് എന്നത് തുടർച്ചയായി നടക്കുന്ന ഒരനുഭവമാണ്. അപ്പൊസ്തലന്മാരുടെ ജീവിതത്തിൽ ഇത് കാണുവാൻ കഴിയും. (അ.പ്രവർ.2:4; 4:8; 4:31). സ്തെഫാനൊസ് കുറഞ്ഞത് രണ്ട് പ്രാവശ്യമെങ്കിലും ആത്മാവിൽ നിറഞ്ഞതായി കാണുന്നു ((അ.പ്രവർ.6:3; 7:55) "പൌലൊസ് പരിശുദ്ധാത്മപൂർണ്ണനായി" (അ.പ്ര. 9:17;13:9).
- → ഇതിൽ ഒരിടത്തു പോലും അത്മാവിൽ നിറയപ്പെട്ടവർക്ക് അത് നഷ്ടമായതായി കാണുന്നില്ല. ചില മേഖലകളിൽ ആത്മാവിന്റെ നിയന്ത്രണം ആവശ്യമായിവരുന്നു, അപ്പോഴൊക്കെ ആത്മാവിനാൽ നിറയപ്പെട്ടതായി എല്ലായിടത്തും കാണുവാൻ സാധിക്കുന്നു.

### 4. **ആത്മനിറവിന്റെ തടസ്സങ്ങൾ**: പാപം ആത്മനിറവിന് തടസ്സമായി നിൽക്കുന്നു.

- → ആത്മാവിനെ ദു:ഖിപ്പിക്കുന്നതും (എഫെ.4:30); കെടുക്കുന്നതും (1തെസ്സ.5:19)
- → പരിശുദ്ധാത്മാവിനോടു മറുത്തുനിൽക്കുന്നതും (അ.പ്രവർ. 7:51);
- → ആത്മാവിനെ നിന്ദിക്കുന്നതും (എബ്രാ.10:29)
- → ആത്മാവിനെ പരീക്ഷിക്കുന്നതും (അ.പ്ര.5:9), ആത്മ നിറവിന് തടസ്സമായി വരുന്ന കാര്യങ്ങളാണ്.

## 5. ആത്മനിറവിൻെറ വ്യവസ്ഥകൾ:

ആത്മാവിനാൽ നിറയപ്പെടുന്നതിന് കാത്തിരുന്നു പ്രാർത്ഥിക്കേണ്ട ആവശ്യമില്ല. ഇതൊരു പ്രത്യേക അനുഭവമല്ല.

→ ഒരു വ്യക്തി ആത്മാവിനാൽ നിറയപ്പെടുന്നതിന് ആദ്യമായി താൻ ആത്മാവിനെ പ്രാപിക്കേണ്ടത് (പരിശുദ്ധാത്മ അധിവാസം) ആവശ്യമാണ് (1കൊരി.2:12,14). വിശ്വാസികൾക്കു മാത്രമേ ആത്മാവിനാൽ നിറയപ്പെടുവാൻ സാധിക്കുകയുള്ളൂ.

→ ആത്മാവിനാൽ നിറയുന്നതിന് ചില വ്യവസ്ഥകൾ ഉണ്ട്. നാം നമ്മെ പൂർണ്ണമായി സമർപ്പിച്ചാൽ മാത്രമേ പരിശുദ്ധാത്മവിന് നമ്മെ പൂർണ്ണമായും നിയന്ത്രിക്കാൻ സാധിക്കുകയുള്ളൂ.

→ ദൈവകൽപനകൾ നാം അനുസരിക്കുന്നതിനാൽ നമ്മിൽ സ്വതന്ത്രമായി പ്രവർത്തിക്കാൻ പരിശുദ്ധാത്മാവിന് സാധിക്കുന്നു. ചുരുക്കത്തിൽ, ആത്മാവിനാൽ നിറയുന്നതിന് ആത്മാവിനെ അനുസരിച്ചു നടക്കുകയും (ഗലാ.5:16); വിശുദ്ധ ജീവിതം നയിക്കുകയും (എഫെ.4:30); ദൈവകൽപനകൾ അനുസരിക്കുകയുമാണ് വേണ്ടത് (1തെസ്സ്.5:19).

## 6. ആത്മനിറവിനെ കുറിച്ചുള്ള സംശയങ്ങൾ:

→ ആത്മനിറവ് എന്നാൽ പാപമില്ലാത്ത അവസ്ഥയല്ല (1യോഹ. 1:8,10)

→ ആത്മാവിനെ അധികമായി പ്രാപികുന്നതല്ല ആത്മനിറവ് എന്ന് പറയുന്നത്.

→ ആത്മനിറവ് എന്നാൽ അസാധാരണമായ അനുഭവങ്ങളല്ല. ചില പ്രത്യേക പ്രകടനങ്ങളിലൂടെയാണ് (ഉദാ: ചിരി, കുര, അന്യഭാഷ) ആത്മനിറവ് പ്രത്യക്ഷത്തിൽ കൊണ്ടുവരുന്നതെന്ന് ചിലർ പഠിപ്പിക്കുന്നു. വേദപുസ്തകം ഇത്തരം പഠിപ്പിക്കലുകളെ ന്യായീകരിക്കുന്നില്ല.

→ ആത്മനിറവ് എന്നാൽ ആത്മസ്നാനമല്ല (അ.പ്രവ.2). ആത്മസ്നാനത്തെ ആത്മനിറവായി ചില കരിസ്മാറ്റിക് ഗ്രൂപ്പുകൾ തെറ്റായി പഠിപ്പിക്കുന്നു. അന്യഭാഷ അതിൻെറ പ്രകടമായ തെളിവായി അവർ പഠിപ്പിക്കുന്നു.

→ ആത്മീയ പക്വത ആത്മനിറവിൻെറ അടയാളമല്ല. യോഹന്നാൻ സ്നാപകൻ അമ്മയുടെ ഉദരത്തിൽ വച്ചു തന്നെ ആത്മാവിനാൽ നിറയപ്പെട്ടു.

## 7. ആത്മനിറവിൻെറ ഫലങ്ങൾ:

ആത്മാവിനാൽ നിയന്ത്രിക്കപ്പെടുന്ന ജീവിതത്തിൽ ആത്മവിൻെറ ഫലം കാണുവാൻ സാധിക്കും (ഗലാ. 5:22, 23). ജീവിതത്തിൻെറ എല്ലാ തലങ്ങളിലും ക്രിസ്തുവിൻെറ സ്വഭാവം ദർശിക്കുവാൻ സാധിക്കും.

→ വ്യക്തിജീവിതത്തിൽ: സന്തോഷമുള്ളവർ (അ.പ്രവ.13:52; എഫെ.5:18-19) എല്ലായ്പ്പോഴുംസ്തോത്രം ചെയ്യുന്നവർ (എഫെ.5:20) കർത്താവായ യേശുക്രിസ്തുവിൻെറ നാമത്തിൽ എല്ലായ്പ്പോഴും എല്ലാത്തിനുവേണ്ടിയും സ്തോത്രം ചെയ്യും.

→ കുടുംബജീവിതത്തിൽ: ഭാര്യ ഭർത്തൃ ബന്ധത്തിൽ സ്നേഹവും കീഴ്പ്പെടലും (എഫെ.5:21-33), കുഞ്ഞുങ്ങൾക്ക് മാതാപിതാക്കളോടുള്ള അനുസരണവും ബഹുമാനവും, മക്കളെ കോപിപ്പിക്കാത്ത മാതാപിതാക്കൾ (എഫെ.6:1-4).

→ ശുശ്രൂഷാജീവിതത്തിൽ: ആത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീകഗീതങ്ങളാലും.....(എഫെ.5:19), ദൈവവചനം ധൈര്യത്തോടെ പ്രസ്താവിച്ചു (ലൂക്ക്.1:15-16; അ.പ്രവ.4:8,31;9:7-20)

→ സാമൂഹ്യജീവിതത്തിൽ: യജമാനനും ദാസനും തമ്മിലുള്ള ബന്ധത്തിൽ (എഫെ.6:5-9)

# പാഠം 15

# പരിശുദ്ധാത്മാഭിഷേകം

(2 കൊരി..1:21,22; 1യോഹ.2:20,27)

ആത്മാഭിഷേകത്തോളം തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ള പരിശുദ്ധാത്മാവിനെ സംബന്ധിച്ചുള്ള മറ്റു ഉപദേശവിഷയങ്ങൾ ഇല്ലെന്നുതന്നെ പറയാം. ക്രിസ്തു യേശുവിലുള്ള എല്ലാ വിശ്വാസികളും പരിശുദ്ധാത്മാവിനാൽ അഭിഷേകം പ്രാപിച്ചവരാണ് (2കൊരി.1:21,22; 1യോഹ.2,20,27). ക്രിസ്തു ദൈവത്തിൻെറ അഭിഷിക്തനാണ്. പഴയനിയമ പുരോഹിതന്മാരേയും, പ്രവാചകന്മാരേയും രാജാക്കന്മാരേയും അഭിഷേകം ചെയ്തിരുന്നു. എന്നാൽ പുതിയനിയമത്തിൽ ക്രിസ്തുവിനെ പുരോഹിതനായും, പ്രവാചകനായും, രാജാവായും വർണ്ണിച്ചിരിക്കുന്നു. ആ അഭിഷേകം ക്രിസ്തു യേശുവിലൂടെ നമുക്കും ലഭിച്ചിരിക്കുന്നു. അതിനാൽ എല്ലാ വിശ്വാസികളും പുരോഹിതന്മാരും പ്രവാചകന്മാരും, രാജാക്കന്മാരും ആകുന്നു.

## 1. പരിശുദ്ധാത്മാഭിഷേകത്തെ കുറിച്ചുള്ള തെറ്റിദ്ധാരണകൾ:

→ അഭിഷേകം എന്നുള്ളത് രണ്ടാമതായി ലഭിക്കുന്ന അനുഗ്രഹമല്ല.

→ കാത്തിരിപ്പിനാലോ, ഉപവാസത്താലോ, പ്രാർത്ഥനയാലോ ആത്മഭിഷേകം ലഭിക്കുന്നില്ല.

→ ആത്മാഭിഷേകത്തിന് പ്രത്യേകിച്ച് വ്യവസ്ഥകളൊന്നുമില്ല.

→ ചില പ്രത്യേക വ്യക്തികൾക്കല്ല, എല്ലാ വിശ്വാസികൾക്കും ആത്മാഭിഷേകം ലഭിക്കുന്നു.

→ അന്യഭാഷയിൽ സംസാരിക്കുന്നതിനുവേണ്ടിയല്ല ആത്മാവിനാൽ അഭിഷേകം ചെയ്യപ്പെടുന്നത്.

## 2. അഭിഷേകം എന്നാൽ എന്ത്?

→ വേദപുസ്തകത്തിൽ അഭിഷേകം എന്നാൽ ഒരു വ്യക്തിയേയോ ഒരു വസ്തുവിനേയോ പ്രത്യേക ഉപയോഗത്തിനു വേണ്ടി വിശുദ്ധീകരിച്ച് വേർതിരിക്കുന്നതാണ്. വസ്തുവിനേയോ, വ്യക്തിയേയോ അഭിഷേകം ചെയ്യാൻ സാധിക്കും. സമാഗമന കൂടാരത്തേയും അതിലുള്ള ഉപകരണങ്ങളേയും മോശെ അഭിഷേകം ചെയ്തിരുന്നു (പുറ.30:22)

→ പ്രത്യേക ഉദ്ദേശം നിറവേറ്റേണ്ടതിനായി ദൈവത്തിൻെറ പ്രത്യേക ശക്തി നമ്മിൽ പകരുന്നതോ ആത്മാവരങ്ങളോടോ ഉള്ള ബന്ധത്തിൽ വരുന്നതാണ് ആത്മാഭിഷേകം. (യെശ.16:13).

→ നാം വീണ്ടും ജനിച്ച് ക്രിസ്തുവിൻെറ ശരീരത്തിലെ അംഗങ്ങൾ ആകുമ്പോൾ, അഭിഷേകതൈലം ശിരസ്സിൽ നിന്ന് പദം വരെ ഒഴുകുന്നതു പോലെ (സങ്കീ.133:2) നാം തലയാകുന്ന ക്രിസ്തുവിൽ നിന്നും ആത്മാഭിഷേകം പ്രാപിക്കുന്നു.

→ പഴയനിയമത്തിൽ കുറച്ചുപേർ മാത്രമേ അഭിഷേകം പ്രാപിച്ചുള്ളു എങ്കിൽ, പുതിയനിയമത്തിൽ ക്രിസ്തു യേശുവിൽ വിശ്വസിച്ചവരെല്ലാവരും ദൈവത്താൽ അഭിഷേകം പ്രാപിക്കുന്നു (എബ്രാ.1:9; 2കൊരി.1:21)

## 3. എപ്പോഴാണ് പരിശുദ്ധാത്മാഭിഷേകം നടക്കുന്നത്?

→ ഒരാൾ രക്ഷിക്കപ്പെടുന്ന നിമിഷത്തിൽ തന്നെ പരിശുദ്ധാത്മാഭിഷേകം ലഭിക്കുന്നു. അത് ഒരിക്കലായിട്ട് സംഭവിക്കുന്നതാണ് (1യോഹ. 2:20,23,27).

→ പുരോഹിതൻ തൻെറ ശുശ്രൂഷയുടെ ആരംഭത്തിലും, രാഹാവ് തൻെറ വാഴ്ചയുടെ ആരംഭത്തിലും, പ്രവാചകൻ തൻെറ പ്രവർത്തനത്തിൻെറ ആരംഭത്തിലും അഭിഷേകം ചെയ്യപ്പെട്ടിരുന്നു.

→ പരിശുദ്ധാത്മാഭിഷേകവും ആത്മസ്നാനവും ഒരേ സമയം സംഭവിക്കുന്നു എന്നു പറയാം. രണ്ടും രക്ഷിക്കപ്പെടുന്ന നിമിഷത്തിൽ സംഭവിക്കുന്നു.

→ രക്ഷിക്കപ്പെട്ടതിനു ശേഷം കാത്തിരിപ്പിലൂടെ പ്രാപിക്കുന്നതല്ല ആത്മാഭിഷേകം.

## 4. എങ്ങനെയാണ് ആത്മാഭിഷേകം ലഭിക്കുന്നത്?

→ പഴയനിയമത്തിൽ പ്രവാചകന്മാരും (1രാജാ.19:16), പുരോഹിതന്മാരും (ലേവ്യ.8:12), രാജാക്ക്ന്മാരും (1ശമു.16:13) അഭിഷേകം ചെയ്യപ്പെട്ടിരുന്നു.

→ ദൈവീക വിധിപ്രകാരം തയ്യാറാക്കിയ എണ്ണ തലയിൽ ഒഴിച്ച് ഓരോരുത്തരേയും ദൈവത്തിൻെറ ശുശ്രൂഷയ്ക്കയി വേർതിരിക്കുന്ന ഒരു ചടങ്ങ് അന്ന് സാധാരണമായിരുന്നു.

→ അവനവൻ ആയിരിക്കുന്ന സ്ഥനത്തിനൊത്തവണ്ണം ഉത്തരവാദിത്വങ്ങൾ നിറവേറ്റാനുള്ള അവകാശവും ചുമതലയും അവർക്കുണ്ട് (പുറ.28:41; സംഖ്യ.3:2-3, സങ്കീ.28:8;105:15).

→ ദൈവത്താലാണ് ഒരോരുത്തരും അഭിഷിക്തരാകുന്നത്. അതിനെ ആർക്കും ചോദ്യം ചെയ്യാൻ സാധ്യമല്ല.

## 5. അഭിഷേകത്തിൻെറ അടയാളങ്ങൾ:

→ ആഥിധേയത്വത്തെ കാണിക്കുന്നതിന് ഇത് ചെയ്തിരുന്നു (ലൂക്ക്. 7:46)

→ ആദരവിൻെറ അടയാളമായിട്ടിരിക്കുന്നു(യോഹ.11:2)

→ സൗഖ്യമാക്കുന്നതിൻെറ അടയാളമായിട്ടിരിക്കുന്നു (മർ.6:13; യാക്കോ.5:14).

## 6. അഭിഷേകത്തിൻെറ രീതി:

→ പഴയനിയമത്തിൽ പുരോഹിതന്മാരേയും, പ്രവാചകന്മാരേയും, രാജാക്കന്മാരേയും അഭിഷേകം ചെയ്തിരുന്നതുപ്പോലെ, പുതിയനിയമത്തിൽ ക്രിസ്തുവിനെ പൗരോഹിതനയും, പ്രവാചകനായും, രാജാവായും വർണ്ണിച്ചിരുക്കുന്നു. അതിനാൽ ക്രിസ്തു ദൈവത്തിൻെറ അഭിഷിക്തനാണെന്ന് പറയാം. അതുകൊണ്ട് എല്ലാ വിശ്വാസികളും ക്രിസ്തു യേശുവിനാൽ അഭിഷേകം പ്രാപിച്ച് നാമും പുരോഹിതന്മാരും, പ്രവാചകന്മാരും, രാജാക്കന്മാരും ആയിതീർന്നിരിക്കുന്നു.

→ എന്നുമുതൽ നമ്മുടെ കർത്താവ് പുരോഹിതനും, പ്രാവാചകനും, രാജാവും ആകുന്നോ അന്നുമുതൽ താൻ അഭിഷിക്തനാണ് (ലൂക്ക്. 4:18; അ.പ്രവർ. 4:27; 10:38)

## 7. അഭിഷേകം ചെയ്യുന്നതിൻെറ ഉദ്ദേശം

→ വേർപാട് (യെശ.42:1)

→ ശുശ്രൂഷ യെശ.61:1

→ സുരക്ഷിതത്വം: (അഭിഷേകത്തിൻെറ ഉറവിടം ആട്ടിടയന്മാരിൽ നിന്നാണ്. പലതരം പ്രാണികൾ ആടിൻെറ രോമത്തിനിടയി കയറി തുടർന്ന് അതിൻെറ ചെവിക്കുള്ളിൽ എത്തുകയും അങ്ങനെ ആട് കൊല്ലപ്പെടുവാനും ഇടയാകുന്നു. പ്രാണികൾ ആടിൻെറ ചെവിക്കുള്ളിൽ കടക്കാതിരിക്കുന്നതിനു വേണ്ടി പണ്ടു കാലത്തെ ആട്ടിടയന്മാർ ആടിൻെറ തലയിൽ എണ്ണ ഒഴിക്കുക പതിവായിരുന്നു. അതുമുഖാന്തരം രോമം എണ്ണമയമുള്ളതായി പ്രാണികൾക്ക് ചെവിക്കുള്ളിൽ പ്രവേശിക്കാൻ സാധിക്കാതെയും അത് വഴുതിപോകാൻ ഇടയാകുകയും ചെയ്യുന്നു. ഇതിൽ നിന്നാണ് അനുഗ്രഹത്തിൻേറയും, സംരക്ഷണത്തിൻേറയും, ശക്തീകരിക്കുന്നതിൻേറയും അടയാളമായി അഭിഷേകത്തെ കാണുന്നത്.

# പാഠം 16
# പരിശുദ്ധാത്മാവിൻെറ മറ്റ് പ്രവർത്തനങ്ങൾ

ഒരു വിശ്വാസിയുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന് അനേകം പ്രവർത്തനങ്ങൾ ഉണ്ട്. ഒരു വിശ്വാസിയുടെ ജീവിതകാലം മുഴുവൻ പരിശുദ്ധാത്മാവ് നിരന്തരം പ്രവർത്തിച്ചു കൊണ്ടിരിക്കുകയും ഒരു സഹായിയായിരിക്കുകയും ചെയ്യുന്നു. ഒരു വിശ്വാസിയുടെ ജീവിതത്തിൽ പരിശുദ്ധാത്മാവ് പാപത്തെ കുറിച്ച് ബോധം വരുത്തുന്നു, മുദ്രയിടുന്നു, നയിക്കുന്നു, പഠിപ്പിക്കുന്നു എന്നിങ്ങനെ വിശ്വാസിയിൽ പരിശുദ്ധാത്മാവിൻെറ പങ്ക് അവർണ്ണനീയമാണ്.

## 1. പരിശുദ്ധാത്മാവ് മുദ്രയിടുന്നു (2കൊരി.1.22; എഫെ.1:13;4:30)

**പ്രാധാന്യം**

- ത്രിയേക ദൈവത്തിൻെറ ഇടപെടൽ (എഫെ.1:13-14;2കൊരി.1.22)
- രക്ഷിക്കപ്പെടുന്ന നിമിഷം തന്നെ ആത്മാവിനാൽ മുദ്രയിടപ്പെടുന്നു. (അ.പ്രവർ. 2:28; ഗലാ.3:14)
- പരിശുദ്ധാത്മാവിൻെറ ഈ പ്രവർത്തനമാണ് രക്ഷയുടെ ഭദ്രതയുടെ അടിസ്ഥാനം

**പ്രത്യേകത:** ഒരു വിശ്വാസി പരിശുദ്ധാത്മാവിനാൽ മുദ്രയിടപ്പെടുന്നതിലൂടെ മൂന്നു കാര്യങ്ങൾ ഉറപ്പിക്കപ്പെടുന്നു:

- **അവകാശം** (ഉടമസ്ഥത): ഒരു വ്യക്തിയിൽ പരിശുദ്ധാത്മാവിൻെറ സാന്നിധ്യം അവൻ ദൈവത്തിൻെറ സ്വന്തം ആണെന്നതിന് തെളിവാണ്.
- **പൂർണ്ണത** (പൂർത്തീകരിച്ച ഇടപാട്): പണ്ട് കാലങ്ങളിൽ മുദ്രയിടലിലൂടെ ഒരു ഇടപാട് ഉറപ്പിച്ചിരുന്നു. ഉദാ:- മോതിരം ഉപയോഗിച്ചുള്ള മുദ്രയിടൽ.
- **സംരക്ഷണം**

**ഉദ്ദേശം:** വീണ്ടെടുപ്പു നാളിനായിട്ട് ഒരു വിശ്വാസിയെ മുദ്രയിട്ടിരിക്കുന്നു.

- അവനാലല്ലോ നിങ്ങൾക്കു വീണ്ടെടുപ്പുനാളിനായി മുദ്രയിട്ടിരിക്കുന്നത്" (എഫെ.4:30)
- നമ്മുടെ രക്ഷയുടെ അച്ചാരമാണ് പരിശുദ്ധാത്മാവ് (എഫെ.1:14)
- വിശ്വാസിയുടെ നിത്യത ഉറപ്പുവരുത്തുന്നതിന് (എഫെ.2:8; യോഹ.10:28,29; ഫിലി.1:6; റോമ.8:23)

## 2. പരിശുദ്ധാത്മാവ് ഉപദേശിക്കുന്നു (1കൊരി.2:10 13; യോഹ.14:26; 16:13)

**ഉപദേശത്തിൻെറ ആവശ്യം**

- പരിശുദ്ധാത്മ സഹായത്താലല്ലതെ സത്യങ്ങൾ മനസ്സിലാക്കുവാൻ കഴിയുകയില്ല. (എഫെ.4:18)
- വേദപുസ്തകം ദൈവീകമാണ്. ദൈവീക സഹായം കൂടാതെ സത്യം മനസ്സിലാക്കുവാൻ സാധ്യമല്ല.
- ദൈവവചനം ദൈവാത്മാവിനാൽ എഴുതപ്പെടുകയും ആത്മാവ് തന്നെ അത് നമുക്കു വെളിപ്പെടുത്തി തരികയും ചെയ്യുന്നു. (യോഹ.14:26)

**ഉപദേശത്തിൻെറ രീതി**

- നമ്മിൽ വസിക്കുന്ന അഭിഷേകം നമുക്ക് സകലവും ഉപദേശിച്ചു തരുന്നു (1യോഹ.2:27).
- പരിശുദ്ധാത്മാവ് സകലവും നമുക്ക് പ്രകാശിപ്പിച്ചു തരുന്നു (1കൊരി.2.13)
- പുതിയ ഒരു വെളിപ്പാട് തരുന്നു എന്നല്ല; പ്രകാശനം എന്നാൽ മനസ്സിലാക്കി തരുന്നു എന്നാണ്.

**ഉപദേശത്തിൻെറ ഫലം**

- ആത്മാവ് സകലവും ഉപദശിച്ചു തരികയും സകല സത്യത്തിലും വഴിനടത്തുകയും ചെയ്യുന്നു (യോഹ.16:13).
- ക്രിസ്തു മഹത്വപ്പെടുവാൻ ഇടയാകുന്നു (യോഹ.16:14).

## 3. പരിശുദ്ധാത്മാവ് വിശുദ്ധീകരിക്കുന്നു. (2തെസ്സ.2:13)

**വിശുദ്ധീകരണത്തിന്റെ അർത്ഥം**

- വേർപ്പെടുക എന്നാണ് വിശുദ്ധീകരണം എന്നതിന്റെ അർത്ഥം, വിശുദ്ധൻ, വിശുദ്ധി എന്ന ഒരേ അർത്ഥമാണ്.
- വിശുദ്ധീകരണത്തിന് മൂന്ന് ഘടകങ്ങൾ ഉണ്ട്. ഭൂതം, വർത്തമാനം, ഭാവി കാലങ്ങൾ- സ്ഥാനീയം വിശുദ്ധി, വിശുദ്ധിയിൽ വളരുക, പൂർണ്ണമായ വിശുദ്ധി..
- സ്ഥാനീയമായ വിശുദ്ധി നമ്മുടെ കർത്താവ് കലവറി കുരിശിൽ തികച്ച പ്രവർത്തിയുടെ അടിസ്ഥാനത്തിലാണ്.രക്ഷിക്കപ്പെടുന്ന അവസരത്തിൽ നാം സ്ഥാനീയമായി വിശുദ്ധീകരിക്കപ്പെട്ടു.
- നമ്മെ വിശുദ്ധീകരിച്ചുകൊണ്ടിരിക്കുന്ന പ്രവർത്തിയാണ് പരിശുദ്ധാത്മാവ് ഇന്ന് പരിശുദ്ധാത്മാവ് ചെയ്തുകൊണ്ടിരിക്കുന്നത്.
- പിതാവാം ദൈവം നമ്മെ ശുദ്ധീകരിച്ചു പുത്രന്റെ മുൻപാകെ നിറുത്തുമ്പോൾ നാം പൂർണ്ണ വിശുദ്ധി പ്രാപിക്കുന്നു.

**വിശുദ്ധീകരണത്തിന്റെ പ്രക്രീയ**

- നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കുന്നതിന് ദൈവാത്മാവിന് നാം കീഴ്പെട്ടിരിക്കേണ്ടത് ആവശ്യമാണ്. ദൈവാത്മാവ് നമ്മിൽ പ്രവർത്തിക്കുന്നതിന് നാം അനുവദിച്ചു കൊടുക്കണം.
- ആത്മാവിന്റെ വിശുദ്ധി പ്രാപിച്ച് അനുസരണം കാണികുവാനും... (1പത്രോ.1:2)
- നമ്മെ വിശുദ്ധിയിൽ തികഞ്ഞവരാക്കുന്നതിന് പ്രധാന പങ്ക് പരിശുദ്ധാത്മാവിനാണ്.
- ആത്മാവിനാലാണ് ശരീരത്തിന്റെ പ്രവർത്തികളെ മരിപ്പിക്കാൻ നമുക്ക് സാധിക്കുന്നത് (റോമ.8:13)

**വിശുദ്ധീകരണത്തിന്റെ ലക്ഷ്യം**

- നാം തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു ക്രിസ്തുവിന്റെ പ്രതിമയായി രൂപന്തരം പ്രാപിക്കും. (2കൊരി.3:18)

## 4. പരിശുദ്ധാത്മാവ് പക്ഷവാദം ചെയ്യുന്നു (റോമ.8:26,27)

**പക്ഷവാദത്തിന്റെ ഉദ്ദേശം.**

- നമ്മുടെ ബലഹീനതയ്ക്കു പരിശുദ്ധാത്മാവിന്റെ തുണ ആവശ്യമാണ്.
- നാം രക്ഷിക്കപെട്ടാലും നമ്മുടെ മർത്യശരീരത്തിലായിരിക്കുമ്പോൾ നാം ബലഹീനരാണ്.
- നമ്മുടെ പ്രാർത്ഥനാ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ സഹായം ആവശ്യമാണ്.

**പക്ഷവാദത്തിന്റെ രീതി**

- പ്രാർത്ഥിക്കുമ്പോൾ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ ആത്മാവ് നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. ഒരു വിശ്വാസിയുടെ അപേക്ഷകൾ ദൈവസന്നിധിയിൽ എത്തിക്കുവാൻ പരിശുദ്ധാത്മാവ് സഹായിക്കുന്നു.
- മറ്റൊരു തരത്തിൽ പറഞ്ഞാൽ, പരിശുദ്ധാത്മാവ് നമുക്കുവേണ്ടി ദൈവസന്നിധിയിൽ അപേക്ഷിക്കയത്രേ ചെയ്യുന്നത്.
- ഇത് ചിലർ ആത്മാവിൽ പ്രാർത്ഥിക്കുന്നു എന്ന് അവകാശപ്പെടുന്നതു പോലെയുള്ള ഉച്ചാരണങ്ങളല്ല.

**പക്ഷവാദത്തിന്റെ ലക്ഷ്യം**

- ആത്മാവിന്റെ ചിന്ത ഇന്നതെന്ന് ദൈവം അറിയുന്നു. അതുകൊണ്ട് ആത്മാവിന്റെ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങൾ ദൈവം അറിയുന്നു.
- ദൈവഹിതപ്രകാരം നമുക്കുവേണ്ടി ആത്മാവ് പക്ഷവാദം ചെയ്യുന്നതാണ് ഈ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങൾ.

# പാഠം 17

## ആത്മാവിൻെറ ഫലം (ഗലാ.5:22-23)

ആത്മാവിൻെറ കൂട്ടായ്മയിൽ നാം നടക്കുന്നു എങ്കിൽ ആത്മാവിൻെറ ഫലം നമ്മിൽ നിന്നും പുറപ്പെടും. ആത്മാവിനാൽ നിറഞ്ഞുള്ള ജീവിതം ആത്മഫലത്തെ ഉളവാക്കും. നമ്മെ ക്രിസ്തുവിനോടു ഏകീഭവിപ്പിക്കുക എന്നതാണ് ആത്മാവിൻെറ ഇപ്പോഴത്തെ പ്രവർത്തനം. ആത്മാവിൻെറ ഫലത്തിൽ ക്രിസ്തുവിൻെറ സ്വഭാവം കാണുവാൻ സാധിക്കുന്നു. ആത്മാവിൻെറ നിയന്ത്രണത്തിലുള്ള ജീവിതത്തിന് തെളിവാണ് ആത്മഫലം. ഒരു വിശ്വാസിയുടെ മാനസാന്തര ജീവിതത്തെ ഇത് വെളിപ്പെടുത്തുന്നു. ആത്മാവ് നമ്മെ കാലക്രമേണ ക്രിസ്തുവിൻെറ രൂപത്തോട് അനുരൂപപ്പെടുത്തുകയും തുടർന്ന് ക്രിസ്തുവിൻെറ സ്വഭാവം നമ്മിലൂടെ പ്രതിഫലിക്കുകയും ചെയ്യുന്നതാണ് ആത്മഫലം

## 1. ആത്മഫലത്തിന് വിപരീതമായിട്ടുള്ളത് (19-21)

ജഡത്തിൻെറ പ്രവർത്തികളും (5:19), ആത്മാവിൻെറ ഫലവും(5:22) വിരോധമായിട്ടിരിക്കുന്നു. ഒരു വിശ്വാസിയിൽ രണ്ടുതരം പ്രമാണങ്ങളുണ്ട്, ജഡവും ആത്മാവും. ഒന്ന് ഒന്നിനോട് വിരുദ്ധമായിരിക്കുന്നു. ഗലാ.5:19-ൽ ജഡത്തിൻെറ പ്രവർത്തികൾ കാണുവാൻ കഴിയും. അവയെ മൂന്നായി തിരിക്കാം:

- **ധാർമ്മിക പാപങ്ങൾ** – ദുർന്നടപ്പ്, ദുഷ്കാമം, അശുദ്ധി, പക.
- **മതപരമായ പാപങ്ങൾ**– വിഗ്രഹാരാധന, ആഭിചാരം.
- **സാമൂഹ്യ പാപങ്ങൾ** – ജഡത്തിൻെറ മറ്റുള്ള പ്രവർത്തികളൊക്കെ ഇതിൽപ്പെടുന്നു. 'മുതലായവ' എന്ന പ്രയോഗം ജഡത്തിൻെറ പ്രവർത്തികളുടെ പട്ടിക അവസാനിക്കുന്നില്ല എന്ന് കാണിക്കുന്നു.

→ ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല. ഇങ്ങനെയുള്ളവർക്ക് അവകാശം ഇല്ല എന്ന് വ്യക്തമാകുന്നു. അവർ ഇസ്മായേല്യ സന്തതികളാണ്. ഇസ്ഹാക്കിൻേറതല്ല.

→ പ്രവർത്തികൾ എന്നത് ബഹുവചനത്തിലും ഫലം എന്നത് ഏകവചനത്തിലും ആണെന്ന് കാണാം. ഒരാളിൽ തന്നെ ജഡത്തിൻെറ എല്ലാ പ്രവർത്തികളും കാണുന്നില്ല എന്ന് മനസ്സിലാക്കാം..

→ ജീവനില്ലാത്ത വസ്തുക്കൾക്കും പ്രവർത്തിയിലേർപ്പെടാൻ സാധിക്കും. ജഡത്തിൻെറ പ്രവർത്തികൾ നിർജ്ജീവമാണ്. എന്നാൽ ഫലത്തെ കുറിച്ച് ചിന്തിക്കുകയാണെങ്കിൽ, ഒരു ഫലത്തിനുള്ളിൽ അതിൻെറ വിത്ത് ഉള്ളതിനാൽ അതിൻേറതായ ഫലം പുറപ്പെടുവിക്കാൻ സാധിക്കും.

→ പ്രവർത്തിക്ക് കഷ്ടവും പ്രയാസവും ഉണ്ട്. എന്നാൽ ഫലത്തിനുള്ളിൽ തന്നെ ജീവൻ വസിക്കുന്നു. പ്രവർത്തി ശ്രമകരമാണ് എന്നാൽ ഫലം സ്വമേധയ അതിനുള്ളിൽനിന്നും വരുന്നതാണ്.

→ ഒന്നാമത്തേത് മാനുഷികമായിട്ടുള്ളതും. എന്നാൽ രണ്ടാമത്തേത് ദൈവീകമായതും ആണ്.

## 2. ആത്മഫലത്തിൻെറ പ്രത്യേകതകൾ

→ നമുക്ക് ഇഷ്ടമുള്ളത് തിരഞ്ഞെടുക്കുവാൻ തക്കവണ്ണം ഇത് പലതരത്തിലുള്ള ഫലങ്ങളല്ല. മറിച്ച് ആത്മാവിൻെറ ഫലം എന്നാൽ ഒൻപത് ഗുണങ്ങളുള്ള ഒറ്റ ഫലമാണ്. ആത്മാവിൽ നടക്കുന്ന ഒരാളിൽ ഈ ഗുണവിശേഷങ്ങൾ കാണുവാൻ സാധിക്കും.

→ ഇത് വിഭജിക്കാനകാത്ത ഫലമാണ്.ഇതിനുള്ളിൽ ജീവൻ മറഞ്ഞിരിക്കുന്നു. ഏകവചനത്തിലാകയാൽ എല്ലാ ഗുണങ്ങളും എല്ലാ വിശ്വാസികളുടേയും ജീവിതത്തിൽ കാണുവാൻ കഴിയും.

→ മരങ്ങളും ചെടികളും പോലെ ജീവനുള്ളവ മാത്രമേ ഫലം പുറപ്പെടുവിക്കുകയുള്ള. മനുഷ്യനിൽ നിന്നുണ്ടാകുന്ന ജീവനുള്ള ഫലങ്ങളാണ് കുഞ്ഞുങ്ങൾ.

→ പരിശുദ്ധാത്മാവിൻെറ ഒന്നായിട്ടുള്ള സ്വഭാവസവിശേഷതയാണ് ആത്മാവിൻെറ ഫലം എന്ന ഏകവചന രൂപം കാണിക്കുന്നത്. സ്നേഹം, സന്തോഷം, സമാധാനം എന്നിവ വെവ്വേറെ ആയിട്ടല്ല, ഓരോന്നും ഒന്നിനോടൊന്ന് ബന്ധപ്പെട്ടിരിക്കുന്നതാണ്.ആത്മഫലത്തിൻെറ ഒൻപത് ഗുണങ്ങളും ഒന്നോടോന്ന് ബന്ധപ്പെട്ടിരിക്കുന്നു.

→ ജഡത്തിൻെറ പ്രവർത്തികൾ അന്യോന്യം ശത്രുത്വം ഉള്ളതാണ്. എന്നാൽ ആത്മഫലം പരിശുദ്ധാത്മാവിൻെറ നിയന്ത്രണത്താൽ സ്വമേധയാ ഉള്ളതും ഒന്നിനോടൊന്ന് ചേർന്ന് നിൽക്കുന്നതുമാണ്.

→ ആത്മാവിനാൽ നിറയപ്പെടുന്ന ഒരു വ്യക്തി എപ്പോഴും ആത്മഫലങ്ങളുടെ ഒൻപത് ഗുണവിശേഷങ്ങളും തൻെറ ജീവിതത്തിൽ പ്രദർശിപ്പിക്കുന്ന ആളായിരിക്കും.

→ ഒരു കുലയിൽ ഒൻപത് മുന്തിരിപഴങ്ങൾ തൂങ്ങുന്നതുപോലെയാണ് ആത്മാവിനാൽ നിറയപ്പെട്ടജീവിതം.

## 3. ആത്മഫലത്തിനുള്ള ഉപാധികൾ

→ ആത്മാവിൽ നടക്കുക: ആത്മാവിൽ നടക്കുന്ന ഒരു വ്യക്തിക്ക് ആത്മഫലം പുറപ്പെടുവിക്കാൻ കഴിയും.

→ കൂട്ടായ്മയിൽ നടക്കുക: ദൈവാത്മാവിൻെറ കൂട്ടായ്മയിൽ നടക്കുന്ന ഒരു വ്യക്തിക്ക് ആത്മാവിൻെറ ഫലങ്ങൾ ഉളവാക്കുവാൻ കഴിയും. പരിശുദ്ധാത്മാവിൻെറ സഹായത്താലല്ലാതെ ഒരു ക്രിസ്ത്യാനിക്ക് ആത്മഫലം പുറപ്പെടുവിക്കാൻ സാധ്യമല്ല.

## 5. ആത്മഫലത്തിൻെറ ഘടകങ്ങൾ: ആത്മഫലത്തെ മൂന്ന് തരത്തിൽ തിരിക്കാം.

- ദൈവത്തോടുള്ള ബന്ധത്തിൽ (സ്നേഹം, സന്തോഷം, സമാധാനം) ഇവ മൂന്നും ദൈവത്തോടുള്ള ബന്ധത്തിൽ നമ്മുടെ സ്വഭാവത്തെ കാണിക്കുന്നു.
- മനുഷ്യരോടുള്ള ബന്ധത്തിൽ (ദീർഘക്ഷമ,, സൗമ്യത്, പരോപകാരം) മനുഷ്യരോടുള്ള ബന്ധത്തിൽ നമ്മുടെ സ്വഭാവം എങ്ങനെ ആയിരിക്കണം എന്ന് ഇത് കാണിക്കുന്നു.
- സ്വയത്തോടുള്ള ബന്ധത്തിൽ (വിശ്വാസം,

1. **സ്നേഹം** – സ്നേഹം ഒന്നാമതായി വരുന്നു (1കൊർ.13:13). നമ്മുടെ ഹൃദയങ്ങളിൽ ദൈവം നൽകിയിരിക്കുന്ന ദുവ്യമായ സ്നേഹമാണ് ഇത് (റോ.5:5). ഉപാധികളില്ലാത്ത, അതിരില്ലാത്ത ദൈവസ്നേഹം.
2. **സന്തോഷം** – ആനന്ദത്തിൻെറ ഒരവസ്ഥയാണ് സന്തോഷം എന്ന് പറയുന്നത്. ആത്മാവിനാൽ നിറയപ്പെട്ട ഒരു വിശ്വാസി സാഹചര്യങ്ങളാൽ ബാധിക്കപ്പെടാതെ സന്തോഷത്തിൽ ജീവിക്കുന്നു (റോമർ 8:28; ഹബ. 3:18). സന്തോഷം എന്ന് പറയുന്നത് ആഹ്ലാദമല്ല. ആഹ്ലാദം സാഹചര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു.
3. **സമാധാന**ം – ശാന്തതയുടെ അവസ്ഥയാണ് സമാധാനം (1കൊരി.16:11). ആത്മാവിൻെറ സമാധാനത്തിൽ ജീവിക്കുന്ന ഒരു വ്യക്തി ആശങ്കകളിൽ നിന്നും മാനസിക പീഢകളിൽ നിന്നും സ്വാതന്ത്ര്യം ലഭിച്ചവരായിരിക്കും (റോമർ 15:13). സമാധാനത്തിൻെറ ഗ്രീക്ക് പദത്തിൻെറ അർത്ഥം ഒന്നിച്ച് ബന്ധിക്കുക എന്നാണ് (ഫിലി.4:6-7).
4. **ദീർഘക്ഷമ** – ഇത് സഹിഷ്ണുതയേയും ക്ഷമയേയും കാണിക്കുന്നു. അന്യായമായി വിധിക്കപ്പെടുമ്പോഴും പ്രതികാരമില്ലാത്ത സഹിഷ്ണുത (എഫെ4:2; കൊലൊ.3:12).
5. **ദയ** – നന്മയേയും സഹായത്തേയും ഇത് കാണിക്കുന്നു. മനസ്സലിവിനെ പ്രവർത്തിൽ കൊണ്ടു വരുന്നതാണ് ദയ (റോ.2:4; എഫെ.2:7)
6. **പരോപകാരം** - ധാർമ്മികതയാണ് പരോപകാരം. മറ്റൊരാളോട് ചെയ്യുന്ന ക്രിപയോടുകൂടിയ പ്രവർത്തിയാണ് (റോമർ 15:14; എഫെ.5:8-10). ബർന്നബാസ് ഒരു നല്ല മനുഷ്യനായിരുന്നു (അ.പ്ര.11:24)
7. **വിശ്വസ്തത** - വിശ്വസിക്കാനും ആശ്രയിക്കാനും സാധ്യമാകുന്ന ഒരു ഗുണവിശേഷമാണ് വിശ്വസ്തത.
8. **സൗമ്യത**- സൗമ്യനായ ഒരു വ്യക്തി പ്രതാപശാലി ആയിരിക്കും. മോശെ ശക്തിയുള്ള ഒരു നേതാവായിരുന്നെങ്കിലും സൗമ്യനായ ഒരു വ്യക്തിയായിരുന്നു. 'ഞാൻ സൗമ്യനാകയാൽ' എന്ന് യേശുക്രിസ്തു പറിഞ്ഞിട്ടുണ്ട്. (മത്താ.11:28,29).
9. **ഇന്ദ്രീയജയ**ം - സ്വയനിയന്ത്രണത്തെ കാണിക്കുന്നു. ആത്മാവിനാൽ നിറയപ്പെട്ട ഒരു വ്യക്തിക്ക് തൻെറ ആഗ്രഹങ്ങളെ സ്വയം നിയന്ത്രിക്കാൻ സാധിക്കും. ഒരു വ്യക്തിയുടേയോ വസ്തുവിൻേറയോ മേലുള്ള അധികാരമാണ് ഇന്ദ്രീയജയം

## 6. ആത്മഫലത്തിൻെറ ലക്ഷണം

→ ഈ ഒൻപത് ഗുണങ്ങളുടേയും പൂർണ്ണത കർത്താവായ യേശുക്രിസ്തുവിൽ കാണുന്നു.

→ ഈ ഗുണങ്ങൾ നമ്മിൽ വർദ്ധിക്കുമ്പോൾ നാം ക്രിസ്തുവിൻെറ സ്വഭാവം നമ്മിൽ ഉളവാകുന്നു.

→ ദൈവവിളിയുടെ ആത്യന്തികമായ ഉദ്ദേശമാണിത്. ഇതിൻെറ പൂർത്തീകരണത്തിനായി ആത്മാവ് ഒരു വിശ്വാസിയിൽ നിരന്തരം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

# പാഠം 18

## പരിശുദ്ധാത്മ വരങ്ങൾ (കൃപാ വരങ്ങൾ)

(1 കൊരി.. 12:4 – 11; റോമ.. 12:6–8; എഫെ. 4:10,11; 1 പത്രോ.4:10,11)

വളരെയധികം തെറ്റിധരിക്കപ്പെട്ട വിഷയമാണു കൃപാവരങ്ങൾ. സഭയെ സജ്ജീകരിക്കുവാനും ആത്മീയോന്നതിയിലെത്തിക്കുവാനുമായി ദൈവം കൃപാവരങ്ങൾ നൽകിയിരിക്കുന്നു. (എഫെ.4:12). വിശ്വാസികൾ അഭിഷേകം പ്രാപിച്ചവരാണു. (2കൊരി. 1:21;1യോഹ.2:20; 2:27). ഇത് നമ്മെ രാജാക്കന്മാരെന്നും, പ്രവാചകന്മാരെന്നും, പുരോഹിതന്മാരെന്നുമുള്ള പദവിയിലേക്കെത്തിക്കുന്നു. അവനെ ശുശ്രൂഷിക്കുവാൻ വേണ്ടിയാണു കർത്താവ് നമ്മെ രക്ഷിച്ചത്. ശുശ്രൂഷയ്ക്ക് നമ്മെ സജ്ജീകരിക്കുന്നത് പരിശുദ്ധാത്മ വരങ്ങളാണ്. ശുശ്രൂഷക്കായി ദൈവം നൽകിയ കഴിവായിട്ട് കൃപാവരങ്ങളെ നിർവചിക്കാവുന്നതാണ്. ഇതിൽ ആത്മവരമുള്ള മനുഷ്യരും (എഫെ.4:11). ആത്മവരങ്ങളും ഉൾപ്പെടുന്നു. (1കൊരി.12:7–11;റോമ.12:6–8). പരിശുദ്ധാത്മാവിൻെറ സഹായത്താൽ ചെയ്യുന്ന എല്ലാ ശുശ്രൂഷകളും കൃപാവരങ്ങളല്ല. മറിച്ച് ആത്മാവിൻെറ പ്രകാശനമാണ് കൃപാവരങ്ങൾ (1കൊരി.12:7). ആത്മഫലം ഉള്ളിൽനിന്നും പുറപ്പെടുന്നു. കൃപാവരം പുറമെ പ്രകാശിക്കുന്നു.

### 1. കൃപാവരത്തിൻെറ വിവരണം:

→ പുതിയനിയമത്തിൽ ഏകദേശം 4 ഭാഗങ്ങളിൽ കൃപാവരങ്ങളെ പറ്റി പരാമർശിച്ചിട്ടുണ്ട് (1.കൊരി.12:4–11; റോമ 12:6–8; എഫെ. 4:11; 1 പത്രോ. 4:10,11)

→ കൃപാവരങ്ങളെ കുറിച്ചുള്ള ഉപദേശം പ്രധാനമായും പൗലൊസിൻേറതാണു.

→ ഇതിനു പുറമെ പത്രോസിൻെറ ലേഖനത്തിൽ ഒരു ഭാഗത്തു കൂടി ഇത് കാണാം.

→ ഏകദേശം 20 കൃപാവരങ്ങളെ ഈ നാലു വേദഭാഗങ്ങളിൽ കൂടി നമ്മുക്ക് ദർശിക്കുവാൻ കഴിയും.

→ 1 കൊരിന്ത്യർ 12–ൽ ദാതാവ് പരിശുദ്ധാത്മാവാണു (7 മുതൽ 11 വരെയുള്ള വാക്യത്തിൽ പരിശുദ്ധാത്മാവെന്ന പദം 7 പ്രാവശ്യം കാണുന്നു.);

→ എഫെസ്യർ 4–ൽ ദാതാവ് പുത്രനാണു. (8 മുതൽ 11 വരെയുള്ള വാക്യത്തിൽ “അവൻ” എന്നു 7 പ്രാവശ്യം പറഞ്ഞിരിക്കുന്നു);

→ റോമർ 12–ൽ ദാതാവ് പിതാവായ ദൈവം തന്നെയാണു.

### 2. കൃപാവരങ്ങളുടെ നിർവ്വചനം

→ “കരിസ്മ” എന്ന ഗ്രീക്കു പദമാണു കൃപാവരങ്ങൾക്ക് ഉപയോഗിച്ചിരിക്കുന്നത്.

→ അതായത് കൃപയുടെ വരങ്ങളാണു കൃപാവരങ്ങൾ.

→ ഫലപ്രദമായി, ശുശ്രൂഷ ചെയ്യേണ്ടതിനു ദൈവം നൽകിയ കഴിവുകളാണു കൃപാവരങ്ങൾ.

→ പരിശുദ്ധാത്മ നിയന്ത്രണത്തിൽ ദൈവസഭയുടെ ആത്മിക വർദ്ധനക്കായ് പരിശുദ്ധാത്മാവ് നൽകുന്ന കഴിവുകൾ കൃപാവരങ്ങളാണു.

→ ഇത് ജന്മസഹജമായ പ്രാഗത്ഭ്യം (താലന്തുകൾ) അല്ല.

→ മത്തായി 7: 22, 23–ൽ പറഞ്ഞിരിക്കുന്നതു പോലെ താലന്തുകൾ ഒരുപക്ഷേ ഡൂപ്ലിക്കേറ്റാവാം.

### 3. കൃപാവരത്തിൻെറ പ്രത്യേകതകൾ: ആത്മാവിൻെറ ഫലത്തിൽ നിന്നും, താലന്തിൽ നിന്നും, ആത്മീകതയിൽ നിന്നും കൃപാവരങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

→ കൃപാവരങ്ങൾ എന്നാൽ ആത്മാവിൻെറ ദാനങ്ങൾ എന്ന അർത്ഥത്തിലല്ല പിന്നെയോ അ. പ്ര. 2:38 പറഞ്ഞിരിക്കുന്നതു പോലെ പരിശുദ്ധാത്മാവെന്ന ദാനം തന്നെയാണു ലഭിക്കുന്നത്.

→ ആത്മവരങ്ങൾ എന്നാൽ ആത്മാവിൻെറ ഫലങ്ങൾ അല്ല, പിന്നെയോ പരിശുദ്ധാത്മാവിൻെറ അധിവാസം മൂലമുണ്ടാകുന്ന ഫലങ്ങളാണു. (ഗലാ. 4: 22)

→ ആത്മവരങ്ങൾ എല്ലായ്പ്പോഴും ആത്മീയതയുടെ ലക്ഷണമായിരിക്കണമെന്നില്ല. ഉദാ. കൊരിന്തിലുണ്ടായിരുന്നവർ (1 കൊരി. 1:7; 3:1)

→ ആത്മവരങ്ങൾ സ്വഭാവികമായ താലന്തുകൾ അല്ല. താലന്തുകൾ സ്വഭാവികമായിട്ടുള്ളതും, ജന്മനാ ലഭിക്കുന്നതും, പാരമ്പര്യവും, നേടിയെടുക്കാവുന്നതും ആകുന്നു. എന്നാൽ ദൈവകൃപയാൽ സ്വഭാവീക താലന്തുകളെ ആത്മാവ് ദൃഢീകരിക്കുന്നു.

| <u>സ്വഭാവീക താലന്തുകൾ</u> | <u>ആത്മവരങ്ങൾ</u> |
|---|---|
| • ദൈവം മാതാപിതാക്കളിൽ കൂടി ദൈവം നൽകുന്നു. | മാതാപിതാക്കളിൽ നിന്നും സ്വതന്ത്രപരമായി ദൈവംനൽകുന്നു |
| • ജന്മനാ ലഭ്യമാകുന്നു | നമ്മുടെമാനസാന്തരത്തിൽകൂടി ലഭ്യമാകുന്നു. |
| • മാനവരാശിക്കായിക്ക് പൊതുവായി ഉപകരിക്കുന്നു | വിശിഷ്യാ ദൈവസഭക്ക് (ശരീരത്തി) ഉപകരിക്കുന്നു. |

## 4. <u>കൃപാവരത്തിൻെറ വിതരണം</u>

- <u>ആരു നൽകുന്നു</u>: പിതാവ് (റോമ.12:3), പുത്രൻ (എഫെ.4:7,11), പരിശുദ്ധാത്മാവ് (1കൊരി. 12: 7–11)
- <u>ആർക്ക് നൽകുന്നു</u>: ഒരോരുത്തർക്കും (1 കൊരി. 12:7; 1 പത്രൊ. 4:10), ഒരു ദാനം പോലും ലഭിക്കാത്തതായി ആരും തന്നെയില്ല. ഒരോ ക്രിസ്ത്യാനിയും വിവിധങ്ങളായ ദാനങ്ങളുടെ ഗുണഭോക്താക്കളാണു. (1 കൊരി. 12: 7,13)
- <u>എന്തിനു നൽകുന്നു</u>: "പൊതുപ്രയോജനത്തിനായി" (1 കൊരി 12:7) സഭയുടെ ആത്മീയോന്നതിക്കും, സജ്ജീകരണത്തിനുമായി നൽകുന്നു. (എഫെ 4:12)
- <u>എങ്ങനെ നൽകുന്നു</u>: "താൻ ഇച്ഛിക്കും പോലെ" (1കൊരി.12:11) "ലഭിച്ച കൃപയ്ക്ക് ഒത്തവണ്ണം"(റോമ. 12:6)
- <u>എന്നു വരെ</u>: "എല്ലാവരും, വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനവും ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രസ്തുവിൻെറ സമ്പൂർണ്ണതയായ അളവും പ്രാപിക്കുവോളം"(എഫെ. 4:12) കനാനിൽ പ്രവേശിക്കുവോളം യിസ്രായേൽ മക്കൾക്ക് മന്ന ലഭിച്ചു. അതുപോലെ ക്രസ്തുവിൻെറ സമ്പൂർണ്ണ അളവ് പ്രാപിക്കുവോളം കൃപാവരങ്ങൾ ഒരോ വിശ്വാസിക്കും നൽകപ്പെടുന്നു. (എഫെ.4:12,13). കൃപാവരങ്ങൾ യഥാ സ്ഥാനത്വത്തിന്നായുള്ള ശുശ്രൂഷയുടെ വേലക്കും ക്രസ്തുവിൻെറ ശരീരത്തിൻെറ ആത്മീക വർദ്ധനക്കുമായി അവൻെറ വരവോളം നൽകപ്പെടുന്നു (1 കൊരി.1:7; 14:2).

## 5. <u>കൃപാവരത്തിൻെറ വൈവിധ്യം</u>

→ ആത്മവരങ്ങൾ വിവിധമായിട്ടുണ്ട് (1പത്രോ. 4:10). വിഭിന്നങ്ങളായിട്ടുണ്ട് (1കൊരി. 12:6) വിവിധങ്ങളായ കൃപാവരങ്ങളുടെ നല്ല ഗൃഹവിചാരകന്മാരായി സൂക്ഷിക്കപ്പെടുന്നു.

→ കൃപാവരങ്ങളെ രണ്ടായി തിരിക്കാം – > താത്ക്കാലീക വരങ്ങളും, സ്ഥായിയായ വരങ്ങളും.

→ സ്ഥായിയായ വരങ്ങൾ സഭയുടെ ഉന്നതിക്കുവേണ്ടിയും താത്ക്കാലീക വരങ്ങൾ ദൈവവചനത്തിൻെറ

→ സ്ഥിരീകരണത്തിനുമായി നൽകപ്പെടുന്നു.

→ ഇതിനെ രണ്ടായിതിരിക്കാം – > ഭാഷാവരങ്ങളും, ശുശ്രൂഷാവരങ്ങളും

→ ആത്മനിറവുള്ള വ്യക്തികളും, ദാനങ്ങളും ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. വീണ്ടും ഇതിനെ അടിസ്ഥാനപരവും, സ്ഥിരമായുള്ളതുമായി തിരിക്കാം.

→ പഠനോദ്ദേശത്തിനായി ക്രിപാവരങ്ങളെ ശുശ്രൂക്ഷാവരങ്ങൾ (എഫെ.4:11), അടയാളവരങ്ങൾ (1 കൊരി. 12:7 – 11), പ്രബോധനവരങ്ങൾ (റോമ. 12: 6 – 8) എന്നീനിലയിൽ മൂന്നായി തിരിക്കാം.

| **ശുശ്രൂക്ഷാവരങ്ങൾ** (എഫെ.4:11) | **അടയാളവരങ്ങൾ** (1കൊരി.12:7–11) | **പ്രബോധനവരങ്ങൾ** (റോ.12:6–8) |
|---|---|---|
| 1) അപ്പൊസ്തലന്മാർ | 1) ജ്ഞാനവരം | 1) പ്രവചന വരം |
| 2) പ്രവാചകന്മാർ | 2) പരിജ്ഞാനത്തിന്റെ വരം | 2) സഹായിക്കാനുള്ള വരം |
| 3) സുവിശേഷകന്മാർ | 3) വിശ്വാസത്തിന്റെ വരം | 3) പഠിപ്പിക്കനുള്ള വരം |
| 4)ഇടയന്മാരും ഉപദേഷ്ടാക്കന്മാരും. | 4) രോഗശാന്തികളുടെ വരം | 4) പ്രബോധിപ്പിക്കുവാനുള്ളവരം |
| | 5) വീര്യ പ്രവർത്തികളുടെ വരം | 5) കൊടുക്കുവാനുള്ള വരം |
| | 6) പ്രവചനവരം | 6) നയിക്കുവാനുള്ളവരം |
| | 7)ആത്മാക്കളെവിവേചിക്കാനുള്ള വരം | 7) ദയകാണിക്കുവാനുള്ള വരം |
| | 8) ഭാഷാ വരം | |
| | 9) ഭാഷകളുടെ വ്യാഖ്യാനവരം | |

## 6. കൃപാവരങ്ങളുടെ കണ്ടെത്തൽ

വീണ്ടും ജനനത്തോടെയാണു കൃപാവരങ്ങൾ ലഭിക്കുന്നത്. വീണ്ടും ജനിച്ച ഉടനെ ലഭിക്കുന്നു എന്ന് ഇതിനു അർത്ഥമില്ല. പരിശിലന കാലയളവിനു ശേഷം ശുശ്രൂഷാ രംഗം ആരംഭിക്കും. പഴയനിയമത്തിൽ ഇത് ലേവ്യരോടുള്ള ബന്ധത്തിലും, പിന്നെ മോശെ, യോശുവ, ഏലിശാ, പൗലോസ്, തീമൊഥെയൊസ് അതുപോലെ മറ്റു ചിലരോടുള്ള ബന്ധത്തിലും കാണപ്പെടുന്നു.

-> കൃപാവരങ്ങളെ വാഞ്ചിക്കുക (1 കൊരി. 14:1, 12:31) , ദൈവത്തോട് ചേർന്ന് നടക്കുക.

-> ദൈവം നൽകിയിട്ടുള്ള കഴിവുകൾ പരിശോധിക്കുക – പഴയകാല വിജയങ്ങളെ പരിശോധിച്ച് ദൈവഭക്തരായ മുതിർന്നവരിൽ നിന്നും ഉപദ്ദേശങ്ങൾ സ്വീകരിക്കുക.

-> ലഭിച്ചിരിക്കുന്ന കൃപാവരങ്ങളിൽ വിശ്വസ്തരായിരിക്കുക (2 തിമൊ. 1:6)

## 7. കൃപാവരങ്ങളുടെ ലക്ഷ്യം

എല്ലാറ്റിലും ദൈവം യേശുക്രിസ്തുമൂലം മഹത്വപ്പെടുവാൻ ഇടവരട്ടെ (1 പത്രൊ. 4:11). രക്ഷയോടുള്ള ബന്ധത്തിലും കൃപാവരങ്ങളോടുള്ള ബന്ധത്തിലും നാം നന്ദിയും വിനയവും ഉള്ളവരായി നിലകൊള്ളേണ്ടതാണു. വിവിധങ്ങളായ ദൈവകൃപയുടെ ഗൃഹവിചാരകന്മാരാണു നാം. അതുകൊണ്ടു നാം വിശ്വസ്തരായ ഗൃഹവിചാരകന്മാരായിരിക്കേണം (1കൊരി. 4:2). കൃപാവരങ്ങളുടെ ലക്ഷ്യം.

-> പാപികളുടെ മാനസാന്തരം (1 കൊരി. 14:24, 25)

-> വിശ്വാസികളുടെ ആത്മീകവർദ്ധന (1 കൊരി. 14:12, 26; എഫെ. 4:12)

-> എല്ലാറ്റിലും ദൈവനാമം മഹിമപ്പെടണം. (1 പത്രൊ. 4:11)

<u>പ്രായോഗികം</u> : ഒരോരുത്തനു വരം ലഭിച്ചപോലെ വിവിധമായുള്ള ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അതിനെകൊണ്ടു ശുശ്രൂഷചെയ്യേണ്ടതിനു വേണ്ടി (1പത്രോ. 4: 10, 1 ചൊരി. 9:16,17).

# പാഠം 19

## ശുശ്രൂഷാവരങ്ങൾ (എഫെ.4: 7-13)

സ്വർഗ്ഗാരോഹണം ചെയ്ത ക്രിസ്തു സഭയ്ക്ക് ദാനങ്ങൾ നൽകി. കൃപാവരങ്ങൾ വ്യക്തികൾക്ക് മാത്രമല്ല സഭക്കും കൂടെയുള്ളതാണു. സഭ ക്രിസ്തുവിനു അവകാശപ്പെട്ടതാണു. ക്രിസ്തുവാണു സഭയുടെ സ്ഥാപകനും (മത്താ. 16:18) അടിസ്ഥാനവും (1കൊരി.3:11) പണിയുന്നവനും (മത്താ.16:18). ക്രിസ്തു സഭയെ സ്നേഹിക്കുകയും, പോറ്റിപുലർത്തുകയും ചെയ്യുന്നു (എഫെ.5:25,29). ഇതിൽ ദാനങ്ങളും ഉൾപ്പെട്ടിരിക്കുന്നു (4:12,13). അതിൽ തന്നെ ആത്മീക വരങ്ങളും, കൃപയുള്ള പുരുഷന്മാരും ഉൾപ്പെടുന്നു (എഫെ 4:7:11). അവരാരെന്നാൽ അപ്പൊസ്തലന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ-ഉപദ്ദേഷ്ടാക്കന്മാർ എന്നിവരാണു. ഇവരെ രണ്ടായി തിരിക്കാം, അടിസ്ഥാനപരവും (അപ്പൊസ്തലന്മാർ, പ്രവാചകന്മാർ) സ്ഥിരമായുട്ടുള്ളവരും (സുവിശേഷകന്മാർ, ഉപദ്ദേഷ്ടാക്കന്മാരായ ഇടയന്മാർ).

1. **<u>അപ്പോസ്തലന്മാർ</u>**: <u>അപ്പോസ്തലൻ എന്ന വാക്കിനർത്ഥം "അയയ്ക്കപ്പെട്ടവൻ</u>" എന്നാണു. ദൗത്യത്തിനായി അയയ്ക്കപ്പെട്ടവർ. സന്ദേശവാഹകൻ എന്നും ഈ പദത്തിനർത്ഥമുണ്ട് (2 കൊരി 8:23; ഫിലെ. 2:25)

-> <u>നാലു വിധത്തിൽ ഉപയോഗിച്ചിരിക്കുന്നു</u>:

- <u>കർത്താവിനെ സംബന്ധിച്ച്</u> (എബ്രാ. 3:1) പാപികൾക്കു വേണ്ടി മരിക്കുന്നതിനായി വന്നു.
- <u>ശിഷ്യന്മാരെ സംബന്ധിച്ച്</u> (ലൂക്കോ. 6:13, മർക്കോ. 3: 13-14). കർത്താവു തന്നെ നിയോഗിച്ചവർ.
- <u>അപ്പൊസ്തലനായ പൗലോസ്സ്</u> (ഗലാ.1:15-17; 2കൊരി.11:5) ജാതികൾക്കായി നിയോഗിക്കപ്പെട്ടവൻ.
- <u>വിശാലമായി ചിന്തിച്ചാൽ</u>: ബർന്നബാസ് (അ.പ്ര.14:4) യാക്കോബ് (ഗലാ.1:19)അന്ത്രൊനിക്കൊസും യുനീക്കയും (റോമ. 16:7)

-> <u>ഒരു അപ്പൊസ്തലനുവേണ്ട യോഗ്യതകൾ</u>

- സ്വർഗ്ഗീയമായ നിയമനം (ലൂക്കൊ. 6:13; 1 കൊരി. 12:11; ഗല. 1:1)
- ക്രിസ്തുവിൻെറ പുനരുത്ഥാനത്തിനു സാക്ഷികൾ ആയിരിക്കണം (അ.പ്ര. 1:22; 4:33; 1 കൊരി. .9:1)
- സന്ദേശത്തെ ഉറപ്പിക്കുവാൻ വേണ്ടി (എബ്ര 2:4) അത്ഭുതം ചെയ്യാൻ അധികാരം ലഭിച്ചവരായിരിക്കണം (അ.പ്ര. 5:12; 2 കൊരി. 12:12)

-> <u>അപ്പൊസ്തലന്മാർക്ക് മൂന്നുതരത്തിരുള്ള ശുശ്രൂഷകൾ ഉണ്ടായിരുന്നു.</u>

- സഭക്ക് അടിസ്ഥാനം ഇടുക (എഫെ. 2:20; 1 കൊരി. 3:11). അപ്പൊസ്ഥലന്മാർ പഠിപ്പിച്ച ഉപദേശമാണു അടിസ്ത്ഥാനം എന്നത്.
- ദൈവത്തിൽ നിന്നു വെളിപ്പാടുകളെ പ്രാപിക്കുകയും അതു പ്രാകാശിപ്പിച്ചു കൊടുക്കുകയും ചെയ്യുക (അ.പ്ര. 11:28; എഫെ. 3:5)
- അത്ഭുതങ്ങൾ ചെയ്യുകൊണ്ടു ദൈവവചനത്തെ ഉറപ്പിക്കുകയും ചെയ്യുക. (എബ്ര. 2:2-4)

-> <u>അപ്പൊസ്തലന്മാരുടെ പിന്തുടർച്ച എന്നത് വചനവിരുദ്ധം ആണു.</u>

- ഇനി ഒരു അടിസ്ഥാനത്തിൻെറ ആവിശ്യം ഇല്ല - ഒരു മൂലക്കല്ല്, ഒരു അടിസ്ഥാനം. സഭയെ ഒരു മന്ദിരത്തോടാണു ഉപമിച്ചിരിക്കുന്നതു. യേശു തന്നെയാണു പ്രധാന മൂലക്കല്ല്. അപ്പൊസ്തലന്മാരും പ്രവാചകന്മാരും അടിസ്ഥാനമാണു. (എഫെ. 2:20; 1 കൊരി. 3:11) ഇതിൽ പന്ത്രണ്ടുപേരെ പരിമിതപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. (എഫെ. 4:11)
- നിഷ്കർഷമായി പറഞ്ഞാൽ ഇന്ന് ആരും തന്നെ അപ്പൊസ്തലനായി യോഗ്യതപ്പെട്ടിട്ടില്ല
- ഒന്നാമതായി അപ്പൊസ്തലന്മാർ, രണ്ടാമതായി പ്രവാചകന്മാർ, മൂന്നാമതായി ഉപദേഷ്ടാക്കന്മാർ (1 കൊരി. 12:28)
- പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു എന്നു യേശു പറഞ്ഞു (യോഹ. 20:21)
- ഇന്ന് അനേകം കള്ളപ്രവാചകന്മാർ ഉണ്ട്. (2 കൊരി. 11:13, വെളി. 2:2)

## 2. <u>പ്രവാചകന്മാർ</u>

- ദൈവത്തിൻെറ വക്താവാണു പ്രവാചകൻ (പുറ. 7:1-2) പ്രവാചകന്മാരിൽ കൂടെയാണു ദൈവം മുൻപ് സംസംസാരിച്ചു കൊണ്ടിരുന്നത്.
- 'യഹോവ ഇപ്രകാരം അരുളിചെയ്യുന്നു' എന്ന് പറഞ്ഞ് അത് വെളിപ്പെടുത്തികൊണ്ടിരുന്നു (1രാജാ. 20:13).
- ദൈവത്തിനു വേണ്ടി സംസാരിക്കുന്ന വ്യക്തിയായിരുന്നു പ്രവാചകൻ.
- ലഭിച്ച വെളിപ്പാടുകൾ മറ്റുള്ളവർക്ക് പകർന്നുകൊടുക്കുക. (എഫെ. 3:5) പ്രവചനം ഒരിക്കലും മനുഷ്യൻെറ ഇഷ്ടത്താൽ വന്നതല്ല,
- ദൈവകൽപ്നയാൽ മനുഷ്യർ പരിശുദ്ധത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ. (2 പത്രോ. 1:21)
- പുതിയനിയമ പ്രവാചകൻ എന്നാൽ ദൈവവചനം പ്രസ്താവിക്കുന്നവരത്രെ (അ.പ്ര.11:28;എഫെ. 3:5)
- പുതിയനിയമത്തിൻെറ ആരംഭത്തിൽ എല്ലാ വിശ്വാസികൾക്കും തിരുവചനം ലഭിച്ചിരുന്നില്ല. ദൈവം മർമ്മങ്ങളും ജ്ഞാനങ്ങളും വെളിപ്പെടുത്തി കൊടുത്തുകൊണ്ടിരുന്നു. (1 കൊരി. 13:2)
- ഇന്ന് പ്രാവാചക ശിശ്രൂഷ എന്നാൽ ദൈവ വചനത്തെ എടുത്തു പറയുക എന്നാണു. ഒരു പ്രവാചകൻ എന്നാൽ മുൻക്കൂട്ടി പറയുന്നവനോ എടുത്തു പറയുന്നവനോ ആണു.
- അപ്പൊസ്ഥലന്മാരും പ്രവാചകന്മാരും അടിസ്ഥാനപരമായിട്ടുള്ളതാണു. അതുകൊണ്ടു കുറച്ചു നാൾ ഉണ്ടായിരുന്നതും ഇന്ന് നിലവിലില്ലാത്തതും ആകുന്നു ( എഫെ. 2:20,3:5; 1കൊരി.13: 8- 10).
- ഇന്ന് വെളിപാടുകൾ ഇല്ല എന്നാൽ പ്രകാശനം മാത്രമാണുള്ളത്.
- കള്ള പ്രാവാചന്മാരെപറ്റി തിരുവചനത്തിൽ വളരെ താക്കീത് നൽകിയിട്ടുണ്ട്. (1യോഹ. 4:1; മത്താ. 7:15; 24:11)

## 2. <u>**സുവിശേഷകന്മാർ**</u>: സുവിശേഷം പ്രസംഗിക്കുന്നവരാണു സുവിശേഷകന്മാർ.

- സുവിശേഷകൻ എന്ന് പുതിയനിയമത്തിൽ അറിയപ്പെട്ടിരുന്നത് ഫിലിപ്പോസിനെ മാത്രമാണു (അ.പ്ര. 21:8).
- തിമൊഥെയൊസിനോട് സുവിശേഷകൻെറ പ്രവർത്തി ചെയ്യുവാൻ പറഞ്ഞിട്ടുണ്ട്. ( 2 തിമൊ. 4:5)
- ക്രിസ്തുവിങ്കലേക്ക് ആത്മാക്കളെ നേടുന്നതിനു ദൈവം സാധാരണയായി ഉപയോഗിച്ചു വരുന്നവരാണു സുവിശേഷകന്മാർ.
- സുവിശേഷ വാഹികർ. വിവിധ സ്ഥലങ്ങളിൽ സഞ്ചരിച്ച് സു-വിശേഷം ഘോഷിക്കുന്നവർ.
- വിളിയേക്കുറിച്ചുള്ള ഉത്തമ ബോധ്യം ഈ ദൗത്യത്തിനു ആവിശ്യമാണു.
- എല്ലാവരും സാക്ഷികളാണു. എന്നാൽ ചിലർ സുവിശേഷകന്മാരാണു (അ.പ്ര. 21:8)
- അവരുടെ പേരുപോലെ തന്നെ നല്ല വിശേഷം വിളംബരം ചെയ്യു കൊണ്ടു ദൈവകൃപയുടെ സുവിശേഷം പ്രസംഗിക്കുന്നവരാണു സുവിശേഷകന്മാർ.
- അവർ ആടുകളെ കൊണ്ടുവരുന്നു.
- സുവിശേഷകൻ സഭക്ക് വേണ്ടിയുള്ളവണാണു. സ്വതന്ത്ര സുവിശേഷകന്മാർ എന്നൊന്നില്ല. അത് വചനവിരുദ്ധവും അനാരോഗ്യപരവുമാണു.

## 5. ഇടയന്മാരും ഉപദേഷ്ടാക്കന്മാരും

ഇടയന്മാർ ഉപദേഷ്ടാക്കന്മാർ എന്നത് ഒരേ പദവിയെ സൂചിപ്പിക്കുന്നു. ഉപദേഷ്ടാക്കന്മാരുടെ മുൻപിൽ 'ചിലർ' എന്ന പദം ഉപയോഗിക്കാതിരിക്കുന്നത് ആ കാരണത്താലായിരിക്കാം. രണ്ട് പ്രവർത്തികളുള്ള ഒരു പദവി - പരിപാലിക്കുകയും പഠിപ്പിക്കുകയും.

- മൂപ്പന്മാർ / ഇടയന്മാർ എന്നതിനു മൂന്ന് വാക്കുകൾ ഉപയോഗിച്ചിരിക്കുന്നു.

  (1) **"പ്രെസ്ബിറ്റർ"** എന്നാൽ മൂപ്പന്മാർ എന്നർത്ഥം (അ.പ്ര. 14:23) - പരിചയസമ്പന്നതയെ കാണിക്കുന്നു.
  (2) **"എപ്പിസ്ക്കോപ്പ്"** എന്നാൽ സഭയെ മേയിക്കുന്നവർ എന്നാണു. (അ.പ്ര 20:28) - സ്ഥാനത്തെ കാണിക്കുന്നു.
  (3) **"പൊയ്മെൻ"** എന്നാൽ ഇടയൻ എന്നർത്ഥം (അ.പ്ര. 20:28) - പ്രവർത്തനത്തെ കാണിക്കുന്നു. (റോമ. 12:7; 1 തിമൊ. 3:2)

- ഇടയന്മാർ പാലിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. ഉപദേഷ്ടാക്കന്മാർ കൂട്ടത്തെ പോഷിപ്പിക്കുന്നു. രണ്ട് കടമകളും ബന്ധപ്പെട്ടിട്ടുള്ളതാണു.

- സഭയുടെ നടത്തിപ്പും സംരക്ഷണവും കർത്താവാണു ഏറ്റെടുത്ത് നടത്തുന്നത്. ഇത് ദൈവീകമാണു. ജനാധിപത്യമല്ല. തിരെഞ്ഞെടുക്കപ്പെട്ടവരിലൂടെ കർത്താവ് തൻെറ സഭയെ ഭരിക്കുന്നു (അ.പ്ര. 20:28)

- **<u>ബഹുത്വം</u>**: ഒരു മൂപ്പൻ എന്നതിലുപരിയായി മൂപ്പന്മാർ എന്നാണു പുതിയനിയമത്തിൽ രേഖപ്പെടുത്തി യിരിക്കുന്നത്. (അ.പ്ര. 14:23; തീത്തൊ. 1:5; യാക്കോ. 5:14) യേശു ക്രിസ്തു സഭയുടെ തലയാണു. അത് തനിക്ക് വേണ്ടി മാത്രം വേർതിരിച്ചുവച്ചിരിക്കുന്നു.

- **<u>സ്ഥലം</u>**: മൂപ്പന്മാരുടെ ഉത്തരവാദിത്തം പ്രാദേശികമാണു. (1 പത്രൊ. 5:2; അ.പ്ര. 20:28). എന്നാൽ സുവിശേഷകന്മാർക്ക് ദൗത്യം "ലോകമെങ്ങും" സുവിശേഷം വ്യാപിപ്പിക്കുക എന്നതാണു. എല്ലാ പ്രാദേശിക സഭകളും സ്വയം ഭരണാധികാരമുള്ളതാണു. ഒരു ബിഷപ്പിൻെറയൊ അല്ലങ്കിൽ ഒരു ഇടയൻെറയൊ ഭരണം ഒരു സഭയിലോ അല്ലങ്കിൽ സഭകളിലോ ഉള്ളത് പുതിയ നിയമ വിരുദ്ധമാണു.

- മൂപ്പന്മാരെ പ്രാദേശിക സഭകളിൽ നിയോഗിക്കുന്നത് പരിശുദ്ധാത്മാവിൻെറ പ്രവർത്തനമാണു (അ.പ്ര. 20:28). കൃപാവരങ്ങളെ ജ്വലിപ്പിക്കുന്നവരെ മാത്രമെ ഇതിനായി എഴുന്നേൽപ്പിക്കുകയുള്ളു (അ.പ്ര. 14:23; തീത്തോ 1:15).

- അദ്ധ്യക്ഷസ്ഥാനം കാംക്ഷിക്കുന്നു എങ്കിൽ നല്ല വേല ആഗ്രഹിക്കുന്നു. (1 തിമൊ.3:1-7) അത് സ്വാർത്ഥമല്ല പിന്നെയോ ആത്മീകമാണു.

- **മൂപ്പന്മാരുടെ യോഗ്യത**. മൂപ്പന്മാരുടെ യോഗ്യതകളെ പറ്റി 1തിമൊ. 3: 1-7;തീത്തോ. 1: 5-9 പറഞ്ഞിരിക്കുന്നു. ആത്മീക യോഗ്യതയാണു എറ്റവും പ്രധാനം. എന്നാൽ ഒരു പുരുഷനു ഇതിൽ പരമായി എന്തെങ്കിലും യോഗ്യതകളുണ്ടെങ്കിൽ അതായത് സാമൂഹികമായ, സാമ്പത്തീകമായ, വിദ്യാഭ്യാസ സംബന്ധമായ യോഗ്യതകൾ ഇതിൻെറ മാറ്റ് കൂട്ടും. നയിക്കുന്നർ എല്ലാനിലയിലും മാതൃക കാട്ടണം (1കൊരി.11:1,2 തിമൊ. 3:10,11; 1തിമൊ. 4:12)

- പ്രാദേശികമായിട്ടുള്ള നേതൃത്വത്തിൻെറ **ഉത്തരവാദിത്തങ്ങൾ**

  (1) <u>നയിക്കുക</u> - ആട്ടിൻകൂട്ടത്തെ പോഷിപ്പിക്കുക (1 പത്രൊ 5: 1 - 3, അ.പ്ര. 20:28)
  (2) <u>നിരീക്ഷിക്കുക</u> - (എബ്രാ. 13: 17)
  (3) <u>നടത്തുക</u> (എബ്രാ. 13:7) മാതൃകയുള്ളവരായിരിക്കുക (1 പത്രൊ. 5:3)
  (4) <u>ഭരിക്കുക</u> (എബ്രാ.13 : 7, 17, 24)
  (5) <u>അദ്ധ്വാനിക്കുക</u> (1 തെസ്സ്. 5:12)
  (6) <u>പ്രാർത്ഥിക്കുക</u> (യാക്കോ. 5:14)
  (7) <u>കാര്യസ്ഥനായിരിക്കുക</u> (എബ്രാ. 13:17) കണക്ക് ബോധിപ്പിക്കേണ്ടവരാണു.

# പാഠം 20

## <u>പ്രബോധനവരങ്ങൾ</u> (റോമ. 12: 6–8)

എല്ലാ വിശ്വാസികൾക്കും തൻെറ ഹിതപ്രകാരം ദൈവം കൃപാവരങ്ങൾ നൽകുന്നു (1 കൊരി. 12: 7, 12:11). ദൈവമഹത്വത്തിനായി എല്ലാം ഉതകേണ്ടത് ആവിശ്യമാണു (1പത്രൊ.4:11). ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അതിനെകൊണ്ട് അന്യോന്യം ശുശ്രൂഷിപ്പിൻ (1പത്രൊ.4:10). നാം കണ്ടതു പോലെ കൃപാവരങ്ങളെ മൂന്നായി തിരിക്കാം. ശുശ്രൂഷാവരങ്ങൾ ( എഫെ.4:11), അടയാളവരങ്ങൾ (1 കൊരി.12:7–11), പ്രബോധനവരങ്ങൾ (റോമ.12:6–8). ദാനങ്ങളെ നൽകുന്നതിൽ ത്രിത്വം ഉൾപ്പെട്ടിരിക്കുന്നു. എല്ലാ വരങ്ങളും പിതാവിൽനിന്നുള്ളതും (യാക്കോ.1:17) പുത്രനാൽ നൽകപ്പെടുന്നതും (എഫെ.4:11), പരിശുദ്ധാത്മാവിനാൽ നിർവ്വഹിക്കപ്പെടുന്നതും ആകുന്നു (1കൊരി.12:11). 1 കൊരി.12–ൽ ദാതാവു പരിശുദ്ധാത്മാവാണു. എഫെസ്യർ 4–ൽ ദാതാവു പുത്രനും, റോമർ 12–ൽ ദാതാവ് പിതാവായ ദൈവവുമാണു. പ്രബോധന വരങ്ങൾ സഭായുഗത്തിൽ സ്ഥിരമായി സഭക്ക് നൽകിയിട്ടുള്ള വരങ്ങളാണു. സംസാരിക്കുവാനും, ശുശ്രൂഷിക്കുവാനുമുള്ള വരങ്ങൾ ഇതിൽ ഉൽപ്പെടുന്നു. വിശുദ്ധന്മാരുടെ സജ്ജീകരണത്തിനും, ശുശ്രൂഷയുടെ ഉത്തേജനത്തിനും, ശരീരമാകുന്ന സഭയുടെ കെട്ടുപണിക്കും ഇത് സഹായകമാകുന്നു. “കരിസ്മാ” എന്ന പദമാണു ഇതിനുപയോഗിച്ചിരിക്കുന്നത്. ഇതിൻെറ അർത്ഥം കൃപാദാനം എന്നാണു.
<u>ഏഴ് വരങ്ങൾ ഈ പട്ടികയിൽ ഉൽപ്പെടുന്നു.</u>

### 1. <u>പ്രവചന വരം</u>

- അക്ഷരാർത്ഥത്തിൽ “പ്രൊഫെറ്റിയ” എന്നാൽ “എടുത്ത് പറയുക” എന്നാണർത്ഥം. അല്ലാതെ മറഞ്ഞ് കിടക്കുന്നതോ, അമാനുഷികമോ, ഭാവിപ്രവചനം എന്നോ ഇതിനർത്ഥമില്ല.
- 1 കൊരി. 12: 8 – 12–ൽ കാണുന്ന പ്രവചനം മുൻപിലുള്ള കാര്യങ്ങൾ പറയുക എന്ന നിലയിൽ മനസ്സിലാക്കാം. എന്നാൽ ഇവിടെ ഈ പട്ടികയിൽ പറഞ്ഞിരിക്കുന്ന വരങ്ങൾ സ്ഥിരമായുള്ളാതും, ദൈവീക വെളിപ്പെടുത്തലുകൾ ആയതുകൊണ്ടും ഇവിടെ പറഞ്ഞിരിക്കുന്ന പ്രവചനം വചനം ഏടുത്ത് പറയുക എന്നാണു.
- ഇന്ന് മുൻ കൂട്ടി പറയുന്നവരല്ല, പിന്നെയോ വചനം എടുത്ത് പറയുന്നവരാണു ഉള്ളത്.
- പ്രവചനത്തെ “എടുത്ത് പറയുക” എന്ന നിലയിലാണു 1 കൊരി. 14:3, 1പത്രൊ. 4:11, 1കൊരി. 14: 24,25 എന്നീ ഭാഗങ്ങളിൽ കാണുന്നത്.
- സത്യത്തെ പ്രഘോഷിക്കുവാൻ വരം ലഭിച്ചവനാണു ഇവിടെ പറഞ്ഞിരിക്കുന്ന പ്രവാചകൻ.

### 2. <u>സഹായിക്കുവാനുള്ള വരം</u>

- ’ഡയക്കൊനിയ’ എന്നാൽ ശിശ്രൂഷ എന്നാണർത്ഥം.
- ദാസൻ എന്നോ, പരിചാരകനെന്നോ, സ്ഥാനപതിയെന്നോ ആണു ഇതിനർത്ഥം (ലൂക്കോ. 22:26,27; അ.പ്ര. 20:35; 1 കൊരി. 12:28).
- ഈ വരം ലഭിച്ചവർ കൂടുതലായി പിൻപിൽ നിന്നും പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നു.
- ഈ വരത്തോടുകൂടെ ദാസ്യ മനോഭാവവും വിനയവും, സമർപ്പണവും ലഭിക്കുന്നു.
- നമ്മുടെ കർത്താവു തന്നെയാണു ഉത്തമ മാതൃക ( മത്താ. 20:28, യോഹ. 16:5)

### 3. <u>പഠിപ്പിക്കുവാനുള്ള വരം</u>

- വേദപുസ്തക സത്യങ്ങളെ വ്യക്തമായും, കൃത്യമായും മനസ്സിലാക്കുകയും പറഞ്ഞുകൊടുക്കുകയും ചെയ്യുവാനുള്ള ദൈവീക ദാനമായ കഴിവാണു ഈ വരം.
- ദൈവവചനം വ്യാഖ്യാനിക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യുന്നതിനു ദൈവവചനം മനസ്സിലാക്കുകയും, വിശദമായി പഠിക്കുകയും ചെയ്യേണ്ടത് ആവശ്യമാണു.
- വളരെ ഉത്തരവാദിത്തം നിറഞ്ഞ ഒരു വരമാണു ഇത്. (യാക്കോ. 3:1)
- ഉദാ. അകിലാവും പ്രിസ്കില്ലയും (അ.പ്ര. 18:26), പൗലൊസ് (അ.പ്ര. 19:8–10), തിമൊഥെയൊസ് (1തിമൊ 1:11,13; 6:2) ദൈവഭക്തിയുള്ള സഹോദരിമാർ (തീത്തൊ. 2:2–4).
- യേശുക്രസ്തുവാണു പ്രധാനദ്ധ്യാപകൻ (മത്താ. 4: 23; 7 : 28, 29)

## 4. പ്രബോധിപ്പിക്കാനുള്ള വരം

- “പാരാക്ലിയോ” എന്ന പദത്തിനു വളരെ വിപുലമായ അർത്ഥമാണുള്ളത്. “പാരാ” എന്നും ക്ലിയൊ” എന്നുമുള്ള മിശ്രിത പദങ്ങളൂടെ അർത്ഥം “പക്ഷം ചേരുവാൻ വിളിക്കപ്പെടുക’ എന്നാണു.
- ഉപദേശം, പ്രോത്സാഹിപ്പിക്കൽ, മുന്നറിയിപ്പുകൾ, ഉറപ്പിക്കൽ, ശക്തിപ്പെടുത്തൽ, ആശ്വാസിപ്പിക്കൽ, അപേക്ഷ - തുടങ്ങിയ ആശയങ്ങൾ ഇതിൽ ഉണ്ട്.
- യേശുക്രിസ്തുവിനേയും (1യോഹ.2:1) പരിശുദ്ധാത്മാവിനേയും (യോഹ.14:16;15:26) പരാമർശിക്കുന്ന ‘പാരാക്ലീറ്റോസ്’ എന്ന വാക്ക് ഇതിനു വളരെ സാമ്യമുണ്ട്.
- അ. പ്ര. 4:36–ൽ ബർന്നബാസ് എന്ന് മറുപേരുള്ള യോസേഫിനെ നാം കാണാണു. ബർന്നബാസ് (പ്രബോധനപുത്രൻ), യോസേഫ് (അവൻ ഇനിയും ചേർക്കും) എന്നർത്ഥം. ക്രിസ്തീയ ഗുണങ്ങൾ നമ്മിൽ ചേർന്നില്ലെങ്കിൽ നല്ല ആശ്വാസകരായിരിപ്പാൻ നമ്മുക്ക് സാധ്യമല്ല.

## 5. കൊടുക്കുവാനുള്ള വരം

- കൃപാവരങ്ങളിൽപെടുന്ന ഒന്നാണു കൊടുക്കുവാനുള്ള വരം. നമ്മുക്കുള്ളത് മറ്റുള്ളവർക്ക് പങ്കുവെക്കുക അല്ലങ്കിൽ പകർന്നു കൊടുക്കുക എന്നാണു ഇതിനർത്ഥം.
- ’വിശ്വാസികൾ എങ്ങനെ തങ്ങളുടെ പണം വിനയോഗിക്കുന്നു എന്നത് ആത്മീക പക്വതയുടെ ഒരു അളവു കോലാണു’ (ജോൺ മക്കാർതർ)
- പണമുണ്ടായിരിക്കുക എന്നത് അതിൽ തന്നെ തെറ്റല്ല. ധനികനായിരിക്കുക എന്നത് ഒരു പാപമായി തിരുവചനം പഠിപ്പിക്കുന്നില്ല. പഴയ നിയമ വിശ്വാസികളിൽ ചിലർ ഉദാ. അബ്രാഹാം, ഇയ്യോബ്, ശലോമോൻ ഇതിയായവർ വളരെ ധനികരായിരുന്നു എന്ന് കാണുവാൻ കഴിയും.
- ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ (1 തിമൊ.6:10) ഉദാ. ദേമാസ് (2 തിമൊ.4:10) ഇത് ത്യാഗമനോഭാവത്തോട് കൊടുക്കേണ്ടതാണു (ലൂക്കൊ. 3:8,11;19:8; എഫെ.4:28; 1 തെസ്സ്. 2:28).
- കൊടുക്കുന്നതും കൊടുക്കുവാനുള്ള വരവും യേശു വേർതിരിച്ച് കണിക്കുന്നു (ലൂക്കൊ. 21:1–4) ധനവാന്മാർ സമൃദ്ധിയിൽ നിന്നും കൊടുക്കുന്നു എന്നാൽ ദരിദ്രയായ വിധവ ഇല്ലായ്മയിൽ നിന്നും തനിക്കുള്ള ഉപജീവനം ഒക്കെയും ഇടുന്നതിലൂടെ കൊടുക്കുവാനുള്ള വരത്തെ പ്രദർശിപ്പിക്കുന്നു.
- മനസ്സോടെ (2കൊരി. 8:3,11,12), സന്തോഷത്തോടെ (2 കൊരി. 9:7; അ.പ്ര. 20:35), ക്രമാനുഗതമായി (1 കൊരി. 16:2), യാഗോചിതമായി (2 കൊരി. 8:2).

## 6. നയിക്കുവാനുള്ള വരം

- മുൻപിൽ നിൽക്കുക അല്ലെങ്കിൽ നയിക്കുക എന്നുള്ളതാണു ഈ വരത്തിൻെറ അർത്ഥം.
- പുതിയ നിയമത്തിൽ ഭരണപരമായ അധികാരികൾക്ക് വേണ്ടി ഈ വാക്ക് ഉപയോഗിച്ചിട്ടില്ല. കുടുംബത്തെ നയിക്കുക (1 തീമൊ.3:4,5,12), സഭയെ നയിക്കുക (1 തീമൊ. 5:7)
- അ.പ്ര. 27:11ലും വെളി. 18:17 തുടങ്ങിയ സ്ഥലങ്ങളിൽ ഇതേ വാക്ക് ഉപയോഗിച്ചിരിക്കുന്നത് ഒരു പൈലറ്റിനോടും ഒരു കപ്പിത്താനോടും ചേർത്ത് ചിന്തിക്കാവുന്നതാണു.
- കാര്യക്ഷമമായി കാര്യങ്ങൾ നടത്തികൊണ്ടുപോകുക എന്നുള്ളത് ദൈവം ചിലർക്ക് ൽകിയിരിക്കുന്ന പ്രത്യേക കൃപാവരമാണു.

## 7. ദയ കാണിക്കുവാനുള്ള വരം

- ”ഏലീഓ“ എന്നത് മറ്റ് വ്യക്തികളോടു സഹതാപം തോന്നുകയും അവരെ സാഹായിക്കുവാനുള്ള മനസ്സും പ്രാപ്തിയും ഉണ്ടായിരിക്കുക എന്നുള്ളതാണു.
- ദയ ഇത് പ്രവൃത്തി പദത്തിൽ കൊണ്ടുവരുന്ന സഹതാപമനോഭാവമാണു.
- മഹാപുരോഹിതൻ ഓരോ ഗോത്രങ്ങളുടെയും പേർ തൻെറ മാർ പതക്കത്തിലും തോൾചട്ടയിലും വഹിക്കുമായിരുന്നു. കരുണയിൽ നിന്നും ഉടലെടുക്കുന്ന പ്രവൃത്തിയായിരുന്നു കർത്താവിനു ഉണ്ടായിരുന്നത്. നാമും ദയയുള്ളവർ ആയിരിക്കേണം (കൊരി. 3:12)
- എല്ലാവിശ്വാസികളും ദൈവത്തിൽ നിന്നും ദയലഭിച്ചവരാണു. അതിനാൽ നാമും മറ്റുള്ളവരോട് ദയ കാണിക്കണം. എന്നാൽ ചിലർക്ക് ദയ കാണിക്കുവാനുള്ള വരം ലഭിച്ചവരാണു.
- യേശു പുരുഷാരത്തെ ഇടയനില്ലാത്ത ആടുകളെ പോലെ കുഴഞ്ഞവരും ചിന്നിയവരുമായി കണ്ടിട്ട് മനസ്സലിഞ്ഞു (മത്താ. 9:36), സൗഖ്യം ആവിശ്യമുള്ള വലിയ പുരുഷാരത്തെ കണ്ട് മനസ്സലിഞ്ഞു (മത്താ. 14:14), വിശന്നിരിക്കുന്നവരെ കണ്ടിട്ട് മനസ്സലിഞ്ഞു (മത്താ. 15:32)

# പാഠം 21

## അടയാളവരങ്ങൾ (1 കൊരി. 12 : 7-11)

1 കൊരി 12: 7-11, അടയാളവരങ്ങളുടെ പട്ടിക നൽകുന്നു. അവയെ പ്രത്യക്ഷവരങ്ങൾ എന്നറിയപ്പെടുന്നു. അവയെ അടിസ്ഥാനവരങ്ങൾ അല്ലെങ്കിൽ താത്കാലികവരങ്ങൾ എന്നും വിളിക്കാം. വരങ്ങളെ കുറിച്ചുള്ള മൂന്നു വേദഭാഗങ്ങളിലും (1 കൊരി.12:7-11, റോമ.12:6-8, എഫെ.4:11) വച്ച് ആദ്യം എഴുതിയത് 1 കൊരിന്ത്യരാണു (എഡി. 56), റോമർ 12 (എഡി. 57), എഫെസ്യർ 4 (എഡി. 60-61ൽ). ഈ വരങ്ങളെ ദുരുപയോഗം ചെയ്യതുകൊണ്ട് 1 കൊരി. 12 മുതൽ 14 വരെയുള്ള അദ്ധ്യായത്തിൽ പൗലോസ് അവരെ തിരുത്തുന്നതായി കാണാം. ദൈവ ശക്തിക്കെതിരായോ അത്ഭുതങ്ങൾക്കെതിരായോ ഒരു തർക്കവുമില്ല. എല്ലാ യഥാർത്ഥ ക്രിസ്തു ഭക്തരും അവരുടെ ജീവിതത്തിൽ ദൈവത്തിൻെറ അത്ഭുതങ്ങൾ അനുഭവിക്കുന്നവരണു,

### 1. അടയാളവരങ്ങളുടെ പശ്ചാത്തലം

- കൊരിന്ത്യസഭയിൽ പല മൂഢ മതങ്ങളും ജാതീയ ആചാരങ്ങളും സ്വാധീനിച്ചിരുന്നു (1കൊരി. 12:2).
- അപ്പോസ്തോല യുഗത്തിൽ പരിശുദ്ധാത്മാവ് വളരെ അത്ഭുതങ്ങൾ ചെയ്യു പോന്നു. പരിശുദ്ധാത്മാവിൻെറഅത്ഭുതങ്ങളും ലോകത്തിൻെറ അത്ഭുതങ്ങളും തമ്മിൽ കൊരിന്ത്യർക്ക് ചില ആശയകുഴപ്പം ഉണ്ടായിരുന്നു.
- ലേഖനങ്ങളിൽ വച്ച് ആദ്യം എഴുതപ്പെട്ടത് 1 കൊരിന്ത്യരാണു. ചുരുങ്ങിയ കാലയളവിൽ തന്നെ സാത്താൻ ഉപദേശങ്ങളേയും അടയാളങ്ങളെയും കുറിച്ച് വിശ്വാസികളെ ആശയക്കുഴപ്പത്തിലാക്കി.
- ദൈവീക പദ്ധതിയിൽ ആത്മവരങ്ങൾക്ക് വളരെ പ്രാധാന്യം ഉള്ളതു കൊണ്ട് സാത്താൻ അതിൽതന്നെ കൃത്രിമം കാട്ടി. കൊരിന്ത്യസഭയിലെ എറ്റവും വലിയ പ്രശ്നം പൊതുയോഗത്തിൽ സ്ത്രീകളുടെ റോളിൽ, കർത്യമേശ മുതലായവയിൽ ക്രമസമാധാന ലംഘനമായിരുന്നു.
- ചിലർ ആത്മവരങ്ങളെ ദുരുപയോഗം ചെയ്യു. 12-13 അദ്ധ്യായങ്ങളിൽ പൗലോസ് അവരെ തിരുത്തുന്നു. അവർ ആത്മവരങ്ങളെ കുറിച്ച് അറിവില്ലാത്തവരായിരുന്നു (12:1) അവർക്ക് യഥാർത്ഥ ജ്ഞാനം ഈ വിഷയത്തിൽ ഉണ്ടായിരിക്കണം എന്ന് പൗലോസ് ആഗ്രഹിച്ചു. അധികം കൃപാവരങ്ങൾ അവർക്കുണ്ടായിരുന്നു (1:7), അത് എങ്ങനെ വിനയോഗിക്കണം എന്ന് അവർക്ക് അറിയില്ലായിരുന്നു (7:1).

### 2. അടയാളവരങ്ങൾ എന്നാൽ എന്ത്?

- ദൈവവചനത്തെ ഉറപ്പിക്കുന്നതിനു വേണ്ടിയാണു അടയാളങ്ങളും അത്ഭുതങ്ങളും ഉപയോഗിച്ച് വന്നിരുന്നത്.
- അടയാളങ്ങൾ ഒരു സൂചനയാണു, ചിലതിനെ തെളിയിക്കുന്നതിനു വേണ്ടി. തിരുവചനത്തിൽ മൂന്ന് പ്രത്യേക സാഹചര്യങ്ങളിൽ പ്രത്യേക ഉദ്ദേശത്തോടു കൂടി മാത്രമാണു ദൈവം അത്ഭുതം കാട്ടിയത്.
  - <u>മോശയുടെ കാലഘട്ടത്തിൽ</u>: ദൈവം നൽകിയ നേതാവാണു മോശെ എന്ന് തെളിയിക്കാൻ വേണ്ടി.
  - <u>ഏലിയാവിൻെറയും ഏലിശയുടെയും കാലത്ത്</u>: ദൈവത്തോടുള്ള മറുതലിപ്പിൽ നിന്നും അവരെ മടക്കി കൊണ്ടുവരേണ്ടതിനു വേണ്ടി.
  - <u>യേശുക്രിസ്തുവിൻെറയും അപ്പൊസ്തലന്മാരുടെയും കാലഘട്ടത്തിൽ</u>: യേശു ക്രിസ്തു മശിഹയാണെന്നും അപ്പോസ്തലന്മാർ ദൈവത്തിൻെറ സന്ദേശമാണു നൽകുന്നതെന്നും കാണിക്കുവാൻ വേണ്ടി.
- വചനത്തെ ഉറപ്പിക്കുന്നതിനാണു അടയാളങ്ങളും അത്ഭുതങ്ങളും നടന്നുകൊണ്ടിരുന്നത് (എബ്രാ. 2:3-4).
- അടയാളങ്ങൾ അവിശ്വാസികൾക്കുള്ളതാണു (1കൊരി.14:22) പ്രത്യേകിച്ച് അവിശ്വാസികളായ യഹൂദന്മാർക്ക് (14:21). ദൈവീക വെളിപ്പെടുത്തലുകളുടെ ഒരു വഴിധാരയാണിത് (14:2) എന്തുകൊണ്ടെന്നാൽ എഴുതപ്പെട്ട ദൈവീക വെളിപ്പാടുകൾ അന്ന് അപൂർണമായിരുന്നു.

### 3. അടയാളവരങ്ങളെ കുറിച്ചുള്ള ആശയ കുഴപ്പം

- ക്രിസ്തീയലോകത്തിൽ അടയാളവരങ്ങളെ കുറിച്ച് വളരെയധികം ആശയകുഴപ്പങ്ങളും തർക്കങ്ങളും നടന്നുകൊണ്ടിരിക്കുന്നു.
- പലരും തെറ്റായ ഉപദേശങ്ങളാൽ തെറ്റിപോകുവാനും വഞ്ചിക്കപ്പെടുവാനും ഇടയായിട്ടുണ്ട്.
- ഇന്നും ഇത് നിലനിക്കുന്നുവോ അതോ നിന്നുപോയൊ എന്നതാണു തർക്കവിഷയം.
- ദൈവത്തിനു ഇന്നും അത്ഭുതങ്ങൾ പ്രവൃത്തിക്കുവാൻ ശക്തിയുണ്ടോ എന്നല്ല പിന്നെയോ അടയാളങ്ങളും അത്ഭുതങ്ങളും തൻെറ ശക്തിയാൽ പ്രത്യേക വ്യക്തികളിലൂടെയാണോ ഇന്ന് നിർവഹിക്കുന്നത് എന്നതാണു.

## 4. <u>അടയാളവരങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നത്</u>

1. **<u>ജ്ഞാനവരം:</u>** ദൈവീകൊദേശങ്ങളെ കുറിച്ചുള്ള വ്യക്തമായ ഉൾക്കാഴ്ച്ചയും അറിവും. സാഹചര്യങ്ങളെ കുറിച്ചുള്ള ആത്മീകമായ അറിവും അത് മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുവാനുള്ള കഴിവുമാണു. ആ കാലങ്ങളിൽ മാർഗ നിർദ്ദേശത്തിനായി പുതിയനിയമം എഴുതപ്പെട്ടുകിട്ടിയിട്ടില്ലായിരുന്നു എന്നാൽ അങ്ങനെയുള്ള സാഹചര്യങ്ങളെ നേരിടുവാൻ ദൈവം പ്രത്യേക ജ്ഞാനം കൊടുത്തിട്ടുണ്ടായിരുന്നു.

2. **<u>പരിജ്ഞാനവരം</u>:** മറഞ്ഞിരിക്കുന്ന കാര്യങ്ങളെ മനസ്സിലാക്കാനുള്ള കഴിവ്. പ്രത്യേകമായ ജ്ഞാനം. ഉദാ. പത്രോസ് – അ.പ്ര. 5:1-11. ജ്ഞാന വാക്ക് – തിരുവചനത്തിൽ എഴുതപ്പെട്ടിട്ടില്ലെങ്കിലും ദൈവത്തിൻെറ മനസ്സറിഞ്ഞ് അത് പറയുക. ദൈവീകമായി ലഭിക്കുന്ന ഒന്നാണു ജ്ഞാനം അല്ലാതെ പഠനത്തിൽ കൂടി ലഭിക്കുന്നതല്ല ഇത്.

3. **<u>വിശ്വസിക്കുവാനുള്ള വരം</u>:** റോമ. 5 : 1-ൽ പറഞ്ഞിരിക്കുന്നതു പോലെ രക്ഷിക്കുന്ന വരമല്ലയിത്, ജീവിക്കുന്ന വിശ്വാസവുമല്ല – ഗലാ. 5 : 6. താങ്കൾക്കുവേണ്ടി ദൈവം പ്രത്യേകമായി ചെയ്യും എന്ന് അചഞ്ചലമായി വിശ്വസിക്കുന്ന ഒരു കഴിവാണു ഇത്. നിങ്ങളുടെ നിമിത്തം ചെയ്യുന്ന ഒരു അത്ഭുതം. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ദൈവം നിങ്ങൾക്ക് വേണ്ടി മലയെ മാറ്റുക, ശത്രുക്കളോടു യുദ്ധം ചെയ്തു ജയിക്കുക, ശിംശോനു ലഭിച്ചവണ്ണം പ്രാർത്ഥിക്കുമ്പോൾ ഫെലിസ്ത്ത്യ മന്ദിരത്തിലെ രണ്ട് പ്രധാന തൂണുകളെ പിഴുതുമാറ്റുൻ കഴിയുക എന്നൊക്കെയാണു.

4. **<u>രോഗശാന്തി വരം</u>:** ആദ്യകാല സഭ കടന്നു പോയ കാലഘട്ടം എന്നു പറയുന്നത് അത്ഭുത രോഗശാന്തി അധികമുള്ള സമയമായിരുന്നു. ഒരു യഹൂദൻ രോഗിയായാൽ, ഒരു വൈദ്യൻെറ അരികിൽ പോകുന്നതിനേക്കാളും ഒരു റബ്ബിയുടെ അരികിൽ പോകുവാൻ ആഗ്രഹിക്കുമായിരുന്നു. “സൗഖ്യങ്ങൾ” എന്ന ബഹുവചനമാണു ഇവിടെ പറഞ്ഞിരിക്കുന്നത്. സുവിശേഷങ്ങളിലും അപ്പോസ്തല പ്രവൃത്തിയിലും അത് നിറഞ്ഞു കാണാം. അന്ന് അത് ദൈവവചനത്തിൻെറ ആധികാരിതക്ക് ആവിശ്യമായിരുന്നു. എന്നാൽ ഇന്ന് ഈ വരം നിലനിൽക്കുന്നില്ല. കാലങ്ങൾ കഴിഞ്ഞപ്പോൾ ഈ വരം ക്ഷയിച്ച് പോയി. പൗലോസിൻെറ കാലത്തിൽ തന്നെ ഈ വരം മറഞ്ഞുപോയിരുന്നു.

   പൗലോസിൻെറ ശരീരത്തിൽ മുള്ളുകൾ കുത്തുന്നതുപോലെ എന്തോ ഉണ്ടായിരുന്നു. തിമൊഥെയൊസ്സിനു അസ്വസ്ഥമായ വയറായിരുന്നു. ത്രൊഫിമസിൻെറ അസുഖം, എഫൊപ്രൊഡിത്തൊസിൻെറ രോഗം, മുതലായവ അപ്പോസ്തല ശക്തിയാൽ നീക്കം ചെയ്തില്ല. ഒരു വ്യക്തി രോഗിയാണെങ്കിൽ അവൻ മൂപ്പന്മാരുടെ അരികെ വരികയും അവർ അവനെ എണ്ണപൂശുകയും ചെയ്ത് പോന്നു (യാക്കോ. 5:14). പ്രാർത്ഥനയുടെ ഫലമായി ദൈവം ഇന്നും സൗഖ്യം നൽകുന്നുണ്ട്. അവൻ ‘യഹോവ റാഫയാണു’ (പുറ. 15: 26-27)

5. **<u>അത്ഭുതങ്ങൾ ചെയ്യുവാനുള്ള വരം:</u>** അമാനുഷികമായ ശക്തിയാൽ അത്ഭുതങ്ങൾ ചെയ്യുവാനുള്ള കഴിവാണിത്. അത്ഭുതപ്രവൃത്തി ദൈവം താനാഗ്രഹിക്കുന്ന വിധം ചെയ്യുവൻ ശക്തനാണു. യേശുവും തൻെറ മുപ്പതു വയസ്സിനുള്ളിൽ എന്തെങ്കിലും അത്ഭുതം ചെയ്തതായി പറഞ്ഞിട്ടില്ല (യോഹ. 2:11). മനുഷ്യരുടെ മനസ്സിൽ അത്ഭുതങ്ങൾ ഉളവാക്കികൊണ്ട് ദൈവീകവെളിപ്പാടുകളിലേക്ക് ചൂണ്ടുന്ന അടയാളങ്ങളാണു ഇത്. പുതിയനിയമത്തിൽ അപ്പൊസ്തലന്മാരോടുള്ള ബന്ധത്തിൽ മാത്രമാണു അത്ഭുതങ്ങൾ നടന്നിട്ടുള്ളത്. അപ്പൊസ്തലന്മാരുടെ പ്രവർത്തനത്തെ ഉറപ്പിക്കുന്നതായിരുന്നു അത്ഭുതങ്ങൾ. വെള്ളം വീഞ്ഞാക്കി (യോഹ. 2), അയ്യായിരം പേരെ പോഷിപ്പിച്ചു. തബീഥയെ ഉയർപ്പിച്ചു (അ. പ്ര. 9:40) ഏലിമാസിനെ അന്ധത ബാധിച്ചു (അ.പ്ര. 13:11), യൂത്തിക്കോസിനെ ഉയർപ്പിച്ചു (അ.പ്ര. 20:10) ദൈവം ഇന്നും അത്ഭുതങ്ങൾ ചെയ്യുന്നുണ്ട്, എന്നാൽ അത്ഭുതം ചെയ്യുവാനുള്ള വരം ഇന്നില്ല.

6. **<u>പ്രവചന വരം</u>**: ദൈവീക വെളിപ്പാടുകൾ നേരിട്ട് പ്രാപിച്ച് പകർന്നുകൊടുക്കുന്ന ആളാണു പ്രവാചകൻ. അടിസ്ഥാനപരമായി, പ്രവാചകനു ദൈവീക വെളിപ്പടുകൾ നേരിട്ട് ലഭിക്കുകയും അത് മറ്റുള്ളവർക്ക് പകർന്നുകൊടുക്കുകയും ചെയ്യുന്നു. നേരത്തേ വെളിപ്പെട്ടു കിട്ടിയത് നൽകികൊടുക്കുകയാണു ഒരു അദ്ധ്യാപകൻ ചെയ്യുന്നത്. 2 പത്രൊ. 2 : 1-ൽ പറഞ്ഞിരിക്കുന്നതു പോലെ അദ്ധ്യാപകർ പ്രവാചകന്മാർക്ക് ബദലായി നിൽക്കുന്നു. പുതിയ വെളിപ്പെടുത്തലുകൾക്ക് മാത്രമാണു പ്രവചനം ഇന്ന് ആവിശ്യമായിരിക്കുന്നത്. പുതിയ നിയമത്തിൻെറ പൂർത്തീകരണത്തോടുകൂടി പ്രവചന വരം നിന്നു പോയി, ഇന്ന് ഇതിൻെറ ആവശ്യം ഇല്ല. പ്രവചന വരം നിന്നു പോകും എന്നും എന്നാൽ സ്നേഹം നിലനിൽക്കും എന്നും 1 കൊരി. 13 : 8-ൽ കാണുന്നു.

7. **<u>വിവേചന വരം</u>**: കേൾക്കുന്ന സന്ദേശം പരിശുദ്ധാത്മാവിനാൽ ദൈവത്തിൽ നിന്നും ലഭിക്കുന്നതോ അല്ലയോ എന്ന് വിവേചിക്കുവാനുള്ള കഴിവാണിത്. അ. പ്ര. 16:16-18 ഇതിനു ഉദാഹരണം കാണുന്നു.

8. **<u>ഭാഷാ വരം</u>**: പ്രസംഗകനു അറിയാത്ത ഒരു ഭാഷ ദൈവം നൽകിയ കഴിവുപയോഗിച്ച് പറയുക, അതേസമയം തന്നെ കേൾവിക്കാരനു അത് മനസ്സിലാകുക എന്നതാണു ഭാഷാ വരം. ജാതികളെ ദൈവസഭയോടു ചേർക്കുന്നതിനു വേണ്ടി, വിശ്വാസികൾക്കല്ല പിന്നെയോ അവിശ്വാസികൾക്ക് ഒരു അടയാളമായി നൽകിയിട്ടുള്ളതാണു ഭാഷാവരം. (1 കൊരി. 14 : 22)

9. **<u>വ്യാഖ്യാന വരം:</u>** അന്യഭാഷക്കാരൻ പറയുന്നത് പരിഭാഷപ്പെടുത്തുവാനുള്ള കഴിവ്. അന്യഭാഷയെ പ്രത്യേക പരിശീലനം ഇല്ലാതെ തന്നെ ദൈവീകമായ കഴിവിനാൽ മനസ്സിലാക്കി അതു മറ്റ് വിശ്വാസികൾക്ക് പകർന്ന് കൊടുക്കുവാനുള്ള പ്രാപ്തിയെയാണു വ്യാഖ്യാന വരം എന്നു പറയുന്നത്.

## 5. <u>അടയാളവരങ്ങളുടെ അവസാനം</u>

- മോശെ അനേക അത്ഭുതങ്ങൾ ചെയ്തു എന്നിരുന്നാൽ തന്നെയും പഴയ നിയമം മുഴുവനും അത് നില നിന്നില്ല.
- തിരുവചനം എഴുതി പൂർത്തീകരിക്കപ്പെട്ടു, ഇനി പുതിയ വെളിപ്പാടുകളുടെ ആവശ്യം ഇല്ല.
- തിരുവചനം ആധികാരീകമായിട്ടുള്ളതാണു, അതുകൊണ്ട് പുതിയ അടയാളങ്ങളുടെ ആവശ്യം ഇല്ല.
- വചനത്തെ ഉറപ്പിക്കുന്നതിനു വേണ്ടിയാണു അടയാളങ്ങൾ നൽകിയിരുന്നത് (മത്താ. 16:17-18). അത് സ്ഥിരീകരിക്കപ്പെട്ടതാണു (മത്താ. 16 : 20; എബ്രാ. 2 : 3 - 4). അതു ചൂണ്ടുപലക മാത്രമായിരുന്നു. ഇന്ന് അതുകൊണ്ട് അടയാളങ്ങളുടെ ആവിശ്യം ഇല്ല.
- അടയാള വരങ്ങൾ വചനത്തെ ഉറപ്പിക്കുന്നതിനു വേണ്ടി മാത്രമാണുള്ളത് (മത്താ.16:17-18,16:20, എബ്രാ. 2:3-4).
- കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിനു ശേഷം അടയാളവരങ്ങളെ കുറിച്ചുള്ള പരാമർശം ഒന്നും തന്നെ കാണുന്നില്ല.
- ആദ്യനൂറ്റാണ്ടിൽ തന്നെ അടയാളവരങ്ങളുടെ ഉപയോഗം അവസാനിച്ചിരുന്നു. പൗലോസ് ത്രൊഫിമസിനേയും, തിമൊഥെയൊസിനേയും സൗഖ്യപ്പെടുത്തിയതായി കാണുന്നില്ല.
- തിരുവചനപൂർത്തീകരണത്തോടു കൂടി പ്രത്യേക വെളിപ്പെടുത്തലുകളുടെ അവസാനം ഉണ്ടായി (1 കൊരി, 13:8-10)
- ഈ ഒൻപത് വരങ്ങളും ഇന്ന് നിലവിലില്ല.

*“പൂർണ്ണമായത്” എന്ന് പറഞ്ഞിരിക്കുന്നത് ദൈവവചനമാണു. ചിലർ ചിന്തിക്കും പോലെ യേശുക്രിസ്തുവിൻെറ രണ്ടാം വരവല്ല. അലിംഗമായ പദമാണു “പൂർണ്ണമായത്” എന്നതിനു ഉപയോഗിച്ചിരിക്കുന്നത് - അതുകൊണ്ടു ഇത് ഒരു വ്യക്തിയല്ല. പ്രവചനത്തിൻെറയും, ഭാഷയുടെയും, പരിജ്ഞാനത്തിൻെറയും ഭാഗമാണിത്. ആദ്യകാലങ്ങളിൽ വെളിപ്പാടുകൾ ജനങ്ങൾക്ക് നൽകുന്ന ഒരുപാധിമാത്രമായിരുന്നു. എന്ന് ഭാഗീകമായത് പൂർത്തീകരിക്കപ്പെട്ടുവോ അന്ന് തിരുവചനം ആത്യന്തികമായി നൽകപ്പെട്ടു.*

# പാഠം 22
# കൃപാവരങ്ങളെ എങ്ങനെ കണ്ടെത്താം?

കൃപാവരങ്ങളെ കുറിച്ചു വലിയ ആശയകുഴപ്പം നിലനിൽക്കുന്നുണ്ട്. കൃപാവരങ്ങൾ നിലനിൽക്കുന്നു എന്നതിനെ കുറിച്ചുപോലും അറിവില്ലാത്തവരാണു ചിലർ. മാത്രമല്ല ഇതിനു പ്രാധാന്യവും കൊടുക്കുന്നില്ല. കൃപാവരങ്ങളെ ദുർവിനയോഗം ചെയ്യുകയോ അലക്ഷ്യമാക്കുകയോ ചെയ്യാറുണ്ട്. ആദിമസഭക്ക് വേണ്ടി മാത്രമാണിത് നകിയതെന്നും അതുകൊണ്ട് ഇന്നുള്ള ശുശ്രൂഷകളിൽ സ്ഥാനാമില്ലെന്നും ചിലർ വിശ്വസിക്കുന്നു. വരങ്ങളല്ല, പക്വതയാണു ആവിശ്യം എന്നും ചിലർ ചിന്തിക്കുന്നു. കൃപാവരങ്ങളെ കുറിച്ച് ബോദ്ധ്യമില്ലെങ്കിൽ നിങ്ങൾ ശുശ്രൂഷ ആരംഭിക്കരുത് എന്നും ചിലർ പറയുന്നു. അവൻെറ ഹിതപ്രകാരം സഭയിലെ ഒരോ വിശ്വാസികളേയും സജ്ജീകരിക്കുന്നതിനും, ആത്മീയോന്നതിയിലെത്തിക്കുന്നതിനും വേണ്ടി ത്രീയേക ദൈവം നൽകിയിട്ടുള്ളതാണു കൃപാവരങ്ങൾ എന്ന് നാം കാണുകയുണ്ടായി (1 കൊരി.12:7-13, റോമ,12:3-6, എഫെ. 4:12;1പത്രോ. 4:10). താഴെ കൊടുത്തിരിക്കുന്ന അഞ്ച് സൂചികയിൽകൂടി എങ്ങനെ ഒരു വ്യക്തി തനിക്കു ലഭിച്ച കൃപാവരങ്ങളെ കണ്ടുപിടിക്കാം എന്ന് വെളിപ്പെടുത്തുന്നു.

## 1. കൃപാവരങ്ങളെ വേർതിരിച്ചറിയുക

- പൊതുവെയുള്ള കൽപനകളല്ല കൃപാവരങ്ങൾ. ആത്മാവിൻെറ ഫലമല്ല കൃപാവരങ്ങൾ. വരങ്ങൾ പ്രാപ്തിയെ കാണിക്കുന്നു, ഫലങ്ങൾ നമ്മെ തന്നെ വെളിപ്പെടുത്തും. ആത്മീകതയുടെ ലക്ഷണമല്ല കൃപാവരങ്ങൾ.
- എല്ലാ ക്രിസ്തീയ ജീവിതങ്ങളിലും മൂന്നു തരത്തിലുള്ള വരങ്ങളാണുള്ളത്.
  - ജന്മസിദ്ധമായ കഴിവുകൾ: ജന്മനാ ലഭിക്കുന്നത് (സംഗീതം, ഭാഷവിഷയമായ താലന്ത്, യാന്ത്രീകമായ അഭിരുചി മുതലായവ)
  - ആർജ്ജിച്ചെടുക്കുന്ന കഴിവുകൾ: പ്രവ്യത്തി പഥത്തിലൂടെ ആർജ്ജിച്ചെടുക്കുന്ന കഴിവുകൾ അതായത് സംസാരം, എഴുത്ത്, പഠനം, ഭരണപരമായ അഭിരുചി.
  - കൃപാവരങ്ങൾ: വീണ്ടും ജനിക്കുന്ന സമയത്തു തന്നെ ആത്മവരങ്ങൾ ലഭിക്കുന്നു. എന്നാൽ ഈ സമയത്ത് തന്നെ കൃപാവരങ്ങൾ ഉപയോഗിച്ച് തുടങ്ങണമെന്നില്ല.
    - ഉദാ. ഒന്നാം മാസം മുതൽ തന്നെ ലേവ്യരെ ശിശ്രൂഷക്കായി എണ്ണീയിരുന്നു (സംഖ്യ. 3:15) എന്നാൽ മുപ്പതാം വയസ്സിലാണു ശിശ്രൂഷ ആരംഭിക്കുന്നത് (സംഖ്യ. 4:3, 23, 30). 25 വയസ്സു മുതൽ അവരുടെ പരിശീലന കാലഘട്ടമാണു. (സംഖ്യ. 8:24).
    - മോശെയുടെ കീഴിൽ യോശുവ (പുറ.33:11); ഏലിയാവിൻെറ കീഴിൽ ഏലിശ (2രാജ. 3:11)
    - അ.പ്ര. 9ൽ പൗലോസിൻെറ മാനസാന്തരം, പിന്നീട് ശിശ്രൂഷക്ക് വേണ്ടിയുള്ള പരിശീലനം. 13-ാം അദ്ധ്യായത്തിലാണു തൻെറ നിയമനം കാണുന്നത്.

## 2. കൃപാവരങ്ങളെ വാഞ്ചിക്കുക (1 കൊരി. 14:1, 12:31)

- നമ്മുടെ സ്വാർത്ഥതക്ക് വേണ്ടിയല്ല പിന്നെയോ ക്രസ്തു സഭയുടെ ആവശ്യം മനസ്സിലാക്കി ആഗ്രഹിക്കുക. അദ്ധ്യക്ഷസ്ഥാനം കാംഷിക്കുന്നു എങ്കിൽ നല്ല വേല ആഗ്രഹിക്കുന്നു (1 തിമോ. 3:1). അത് സ്വാർത്ഥതയല്ല നേരെമറിച്ച് ആത്മീകതയാണു.
- കൃപാവരങ്ങൾ ദൈവീകമായതു കൊണ്ട് നാം അതിനായി ആഗ്രഹിക്കണം. ദൈവത്താലും (റോമ. 12:3), പുത്രനാലും (എഫെ.4:7,11), പരിശുദ്ധാത്മാവാം ദൈവത്താലും നൽകപ്പെടുന്നതാണിത് (1 കൊരി. 12:7-11).
- താൻ ഇച്ഛരിക്കും പോലെ (1 കൊരി. 12:11) കൃപയ്ക്കൊത്തവണ്ണം നൽകുന്നു (റോമ. 12:6), ഒരോരുത്തർക്കും നൽകുന്നു (1 കൊരി. 12:7; 1പത്രൊ. 4:10)
- വരങ്ങൾ ഇല്ലാത്തതായി സഭയിൽ ആരും തന്നെയില്ല (1 പത്രൊ.4:10) എല്ലാ വിശ്വാസികളും ചില വരങ്ങളെങ്കിലും ലഭിച്ചവരായിട്ടാണുള്ളത് (1 കൊരി. 12: 7,13)
- ഒരാൾക്കുതന്നെ എല്ലാവരങ്ങളും ഒന്നിച്ച് നൽകപ്പെടുന്നില്ല, അങ്ങനെയായാൽ 1കൊരി. 12 പ്രകാരം ശരീരം എന്ന ഉപമാനത്തിനു അർത്ഥമില്ലാതെയാകും.
- വിവിധങ്ങളായ കൃപാവരങ്ങൾ നൽകിയിരിക്കുന്നു (എഫെ.4:11;1കൊരി.12:7-11; റോമ. 12:6-8; 1പത്രൊ. 4:11).
- ഒരോ വിശ്വാസികൾക്കും വിവിധങ്ങളായിട്ടുള്ള വരങ്ങളാനുള്ളത്. ശരീരം ഒരു അവയവം കൊണ്ടുമാത്രമല്ല മെനഞ്ഞിട്ടുള്ളത്, പല പ്രവ്യത്തി ചെയ്യുന്ന പല അവയവങ്ങൾ കൊണ്ടാണു. കൃത്യമായ ചുമതലകളുള്ള വിവിധ അവയവങ്ങളാൽ നിർമ്മിതമാണു ഒരോ ശരീരവും. (1 കൊരി. 12:14-20)

3. **<u>കൃപാവരങ്ങളെ കണ്ടെത്തുക:</u>** ഒരോ വിശ്വാസിയും അവരവരുടെ കൃപാവരങ്ങളെ കണ്ടെത്തേണ്ടതാണു. ചിലർ ചെയ്യാറുള്ളതു പോലെ കൃപാവരങ്ങളെ കണ്ടെത്താനായി കുറുക്കു വഴികൾ ഒന്നും തന്നെയില്ല. കൃപാവരങ്ങളെ കണ്ടെത്താനായുള്ള ചില വഴികൾ.

- <u>കഴുവുകൾ മനസ്സിലാക്കുക</u>
  ഏതെല്ലാം കഴുവുകളാണു ദൈവം നമ്മുക്ക് നൽകിയിട്ടുള്ളത് എന്ന് മനസ്സിലാക്കുക. തരാത്ത കഴുവുകൾ പ്രദർശിപ്പിക്കാനായി ദൈവം ഒരിക്കലും നമ്മിൽ നിന്നും ആഗ്രഹിക്കുന്നില്ല. രക്ഷിക്കപ്പെടുമ്പോൾ തന്നെ ഒന്നോ ഒന്നിലധികമോ വരങ്ങൾ ഒരോ വിശ്വാസിക്കും ദൈവം നൽകിയിട്ടുണ്ട്. ജനനത്തിൽ തന്നെ സ്വയസിദ്ധമായ കഴിവുകൾ ലഭിക്കുന്നതു പോലെ വീണ്ടും ജനനത്തിൽ കൃപാവരങ്ങൾ ലഭിക്കുന്നു.

- <u>കർത്താവിൻെറ വേലയിൽ ഉത്സുകരായിരിക്കുക</u>
  പ്രവർത്തനത്തിലൂടെ മാത്രമെ വരങ്ങൾ കണ്ടെത്തുവാനും വികസിപ്പിച്ചെടുക്കുവാനും സാധിക്കുകയുള്ളു. ഒരു വ്യക്തിക്ക് വരങ്ങൾ കണ്ടെത്തണമെന്നുണ്ടെങ്കിൽ ദൈവം നകിയിട്ടുള്ള സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തേണ്ടതാണു. ആ കൃത്യം നിർവ്വഹിക്കുന്നതിനു വേണ്ടി താത്പര്യമോ വ്യഗ്രതയോ ഉണ്ടോ എന്ന് പരിശോധിക്കുക (ഫിലി. 2:13). ചിലപ്പോൾ ദൈവം നമ്മുക്ക് വരങ്ങൾ നൽകിയിട്ടുണ്ടായിരിക്കാം എന്നാൽ അത് അഭ്യസിക്കുവാനുള്ള സമയം ആയിട്ടില്ലായിരിക്കാം.

- <u>അവസരങ്ങളെ പ്രയോജനപ്പെടുത്തുക</u>
  അവസരങ്ങൾ ലഭിക്കുന്നുവോ എന്ന് വീക്ഷിക്കുക. ദൈവം അവസരങ്ങൾ നൽകും. അത് വേണ്ടും വിധം പ്രയോജനപ്പെടുത്തുക. ദൈവത്തിനു വേണ്ടി നാം നമ്മുടെ വരങ്ങളെ അഭ്യസിക്കുമ്പോൾ അത് പൊതു പ്രയോജനത്തിനായി ഭവിക്കും. മറ്റുള്ളവർക്ക് പ്രയോജനമായി അത് ഭവിക്കുന്നില്ലെങ്കിൽ ആ വരം നാം അഭ്യസിക്കാതിരിക്കുന്നതാണു നല്ലത്.

- <u>മറ്റുള്ളവരോട് ആലോചന ചോദിക്കുക</u>
  മുതിർന്ന ആത്മീകരായ ആളുകളോട് ആലോചന ചോദിക്കുക. ആത്മീകമായി പക്വതവന്നിട്ടുള്ളവരുടെ ആലോചന സ്വീകരിക്കുക. സഭക്ക് നമ്മുടെ ആത്മീക വരങ്ങളെ തിരിച്ചറിയുവാൻ സാധിക്കും.

## 4. <u>കൃപാവരങ്ങളെ വളർത്തുക</u>

- ആത്മവരങ്ങളെ ഉപയോഗപ്പെടുത്തുവാൻ ദൈവം കൽപ്പിച്ചിട്ടൂണ്ട് (1 പത്രൊ. 4:10) "ശുശ്രൂഷിക്കുവിൻ". വരങ്ങളെ ഉപയോഗപ്പെടുത്തുക.
- സംസാരിക്കുവാൻ, പഠിപ്പിക്കുവാൻ, സാക്ഷ്യം പറയുവാൻ, സഹായിക്കുവാൻ, പ്രോത്സാഹിക്കുവാൻ ലഭിച്ചിരിക്കുന്ന അവസരങ്ങൾ നന്നായി പ്രയോജനപ്പെടുത്തുക.
- കൃപാവരങ്ങളെ ജ്വലിപ്പിക്കാൻ പൗലോസ് തിമൊഥെയോസിനോട് കൽപിച്ചിട്ടുണ്ട (2തിമൊ. 1:16)
- ജ്വാലയിലേക്ക് കാറ്റ് അടിപ്പിക്കുംപോലെ വരങ്ങളെ നാം വികസിപ്പിച്ചെടുക്കേണ്ടതാണു.
- പഠനത്തിൽ കൂടെയും, അഭ്യസനത്തിൽ കൂടെയും പരിശ്രമത്തിൽ കൂടെയും വരങ്ങളെ വികസിപ്പിച്ചെടുക്കുവാൻ സാധിക്കും.
- ദൈവകൃപയുടെ ഗൃഹവിചാരകന്മാരായിരിക്കുന്നതു കൊണ്ട് നാം വിശ്വസ്തരായിരിക്കേണ്ടതാണു.

## 5. <u>കൃപാവരം ഉപയോഗിക്കുക</u>

- സഭയുടെ ആത്മീയോന്നതിക്കായി, സജ്ജികരണത്തിനായി (എഫെ4:12) അതുപോലെ പൊതുപ്രയോജനത്തിനായിട്ടാണു കൃപാവങ്ങൾ നൽകിയിരിക്കുന്നത് (1 കൊരി. 12:7).
- സഭയുടെ കെട്ടുപണിക്കായി കൃപാവരങ്ങൾ നൽകിയിരിക്കുന്നു.
- ആത്മാവിൻെറ പ്രദർശനമാണു കൃപാവരങ്ങൾ (1 കൊരി. 12:7)
- "പൊതുപ്രയോജനത്തിനായി" നൽകിയിട്ടുള്ളതാണു കൃപാവരങ്ങൾ (1 കൊരി. 12)
- ദൈവഹിതപ്രകാരം കീഴ്പ്പെട്ടിരിക്കുക, ദൈവത്തിനു വേണ്ടി എന്തും ചെയ്യുവാൻ തയാറാകുക.
- ദൈവകൃപയുടെ നല്ല ഗൃഹവിചാരകനായിരിക്കുക. (1 പത്രൊ. 4:10; 1 കൊരി. 9: 16 , 17).

# പാഠം 23

## <u>പരിശുദ്ധാത്മവരം</u> - അന്യഭാഷ

ഇന്നത്തെ ക്രിസ്തീയ ലോകത്ത് വളരെയധികം തെറ്റിധാരണയ്ക്കും ആശയകുഴപ്പത്തിനും ഇടയാക്കുന്ന വിഷയമാണു അന്യഭാഷാവരം എന്ന പ്രതിഭാസം. സാത്താൻെറ വഞ്ചനയാലും കപടവരങ്ങളാലും ആയിരകണക്കിനാളുകൾ തെറ്റായി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ഈ വലിയ വിപത്തിൻെറ മദ്ധ്യത്തിൽ ദൈവവചനത്തിൽ തിരികെ പോയി അന്യഭാഷാവരങ്ങളോടുള്ള ബന്ധത്തിൽ വേദപുസ്തകം എന്തു പറയുന്നു എന്ന് നോക്കേണ്ടതായ ആവശ്യമുണ്ട്. അനുഭവമല്ല പിന്നെയോ തിരുവചനമാണിതിനാധാരം. ഇന്നും സഭകളിൽ ഈ വരം നിലനിൽക്കുന്നുവോ ഇല്ലയോ എന്നതാണു തർക്കവിഷയം. പഴയ നിയമത്തിൽ ഈ പ്രതിഭാസത്തെ പറ്റി എങ്ങും പരാമർശിച്ചിട്ടില്ല. അന്യഭാഷ വിഭാഗങ്ങളായ പെൻെറകോസ്റ്റൽ പ്രസ്ഥാനവും കരിസ്മാറ്റിക് പ്രസ്ഥാനവും പഠിപ്പിക്കുന്നത് എന്തെന്നാൽ ഒരു വ്യക്തി മാനസാന്തരപ്പെട്ടു വരുമ്പോൾ ആദ്യം ലഭിക്കുന്നത് ശക്തിയല്ല ജീവനാണു, മാനസാന്തരത്തിനു ശേഷം തുടർമാനമായി വരുന്ന ചില അനുഭവത്തിൽ നിന്നും ഉടലെടുക്കുന്ന ഒരു ശക്തിയുടെ അനന്തര ഫലമാണു അന്യഭാഷ. അതുകൊണ്ട് വളരെ കൃപയോടും, ശ്രദ്ധയോടും, പ്രത്യേകമായും വേണം നാം ഈ വിഷയത്തിൽ ഇടപെടുവാൻ. പ്രാർത്ഥനയോടു കൂടി തിരുവചന വെളിച്ചത്തിൽ നമ്മുക്ക് ഈ വിഷയം വിചിന്തനം ചെയ്യാം.

### 1. <u>അന്യ ഭാഷ എന്നാൽ എന്ത്?</u>

1. **ദൈവം തന്നിട്ടിള്ള കഴിവാണിത്** : പറയുന്ന വ്യക്തിക്ക് അറിയാത്തതും എന്നാൽ കേൾക്കുന്നവർക്ക് മനസ്സിലാകുന്ന രീതിയിൽ ദൈവം തന്നിട്ടുള്ള കഴിവാണു ഭാഷാ വരം എന്നത് (1 കൊരി 12:7-11).

2. **ഇതൊരു ഭാഷയാണു:** ഭാഷ എന്നവാക്കിനു ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന "ഗ്ലോസ്സ" പുതിയ നിയമത്തിൽ 50 പ്രാവശ്യം പറഞ്ഞിട്ടുണ്ട്. യാക്കോബ് 3: 5 ൽ ഇത് ഭൗതീക അവയവമായ നാവിനെയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ ബാക്കിയുള്ള എല്ലാ ഭാഗങ്ങളിലും ഒരു ഭാഷയെ പറ്റിയാണു അർത്ഥമാക്കുന്നത്. മറിച്ച് വെറുമൊരു ശബ്ദമല്ലയിത്. പുതിയനിയമത്തിൽ ഇത് ഭാഷയാണു.

3. **ഇത് അന്യമായൊരു ഭാഷയല്ല:** ഇത് അന്യമായൊരു ഭാഷയല്ല നേരെമറിച്ച് നിലവിലുള്ള ഒരു ഭാഷയാണ് (അ.പ്ര. 2:4). ശോചനീയമായതും അതുപോലെ തന്നെ തെറ്റിദ്ധാരണ ഉളവാക്കുന്നതുമായ "അറിയപ്പെടാത്ത" എന്ന പദമാണു ഇംഗ്ലീഷ് ബൈബിളായ കെ ജെ വി-യിൽ കൊടുത്തിരിക്കുന്നത് (1 കൊരി. 14:2, 4, 5, 13, 39). ഇത് മൂലഗ്രന്ഥത്തിൽ നിന്നുള്ളതല്ലായികയാലാണു ഇറ്റാലിക്ക് അക്ഷരത്തിൽ കൊടുത്തിരിക്കുന്നത്.

4. **ഇത് കേവലം ആരവമൊ ശബ്ദമോ അല്ല:** യുക്തിഹീനമായ മനസ്സിലാകാത്ത ഭാഷയോ, അർത്ഥഹീനമായ ജൽപനമോ അല്ലയിത്. വളരെ ഉത്തേജിതമായി, വികാരധീതമായി, അമിത വികാരത്തിനുടമയായി, നിർവൃതിജനകമായി പൊട്ടിത്തെറിച്ച് ഉടലെടുക്കുന്ന വെറും ചില അപശബ്ദങ്ങളല്ല അന്യഭാഷ എന്നത്.

5. **ഇത് സ്വർഗ്ഗീയമായ ഭാഷയല്ല.** പൗലോസ് പറയുമ്പോലെ മനുഷ്യർക്ക് ഉച്ചരിച്ചുകൂടാത്തതും, പറഞ്ഞുകൂടത്തതുമായ ഭാഷയാണു സ്വർഗ്ഗീയഭാഷ (1 കൊരി 12:4, 1 കൊരി. 13:1). സ്വർഗ്ഗീയ ഭാഷ മനുഷർക്കല്ല സ്വർഗ്ഗീയവാസികൾക്കുള്ളതാണു.

### 2. <u>അന്യഭാഷയുടെ പരാമർശങ്ങൾ</u>: അന്യഭാഷയെ പറ്റി തിരുവചനത്തിൽ നിന്നുമുള്ള തെളിവുകൾ.

→ <u>തിരുവചനത്തിൽ മൂന്നു പുസ്തകങ്ങളിൽ മാത്രമെ അന്യഭാഷയെ പറ്റി പരാമർശിച്ചിട്ടിള്ളു.</u>

1. **<u>മർക്കൊ. 16:17</u>** : അപ്പൊസ്തൊല ശുശ്രൂഷയിൽ ഉപയോഗപ്പെടുന്ന ഒരു വരമാണു ഭാഷാവരമെന്നു യേശു മുൻ കൂടി പറഞ്ഞു.
2. **<u>അപ്പൊസ്തല പ്രവർത്തികൾ 2, 10 19</u>** അദ്ധ്യായങ്ങളിൽ: മൂന്നു വ്യത്യസ്ത ഗണത്തിൽ പെട്ടവർ അന്യഭാഷയിൽ സംസാരിച്ചതായി 3 ഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നു.
3. **<u>1 കൊരി 12,13,14:</u>** പൗലോസ് കൊരിന്ത്യരെ ഈ വരം ദുരുപയോഗപ്പെടുത്തുന്നതു മൂലം ശാസിക്കുന്നതായും അന്യഭാഷയിൽ സംസാരിക്കുന്നതിനു വേണ്ടി നിയമയും നിയന്ത്രണവും കൽപിക്കുന്നതായും കാണാം.

→ അപ്പൊസ്തൊല പ്രവൃത്തിയിൽ മാത്രമെ അന്യഭാഷയിൽ സംസാരിക്കുന്നത് നാം കാണുന്നുള്ളു, ആ മൂന്നു സംഭവങ്ങളിലും പുതിയ ഒരു കൂട്ടം വിശ്വാസികളെ സഭയോട് ചേർക്കുന്നതിനു വേണ്ടി ആയിരുന്നു. ഭൂമിയിൽ സഭ എന്നത് ഒരു പുതിയ വിഷയമായിരുന്നു. പുതിയതായി എന്തു വന്നാലും അത് അടയാളത്തോടെ ആയിരിക്കും വരുന്നത്.

1. **<u>അ.പ്ര. 2:1-11</u>**: യെരുശലേമിൽ വെച്ച് പെന്തക്കോസ്തു നാളിൽ അപ്പൊസ്തലന്മാരായ യെഹൂദന്മാർ മനുഷ്യവർഗ്ഗത്തിനു പാപവിമുക്തമാകുന്ന ദൈവീക പദ്ധതിയുടെ പുതിയ യുഗം ഉത്ഘാടനം ചെയ്യുകയായിരുന്നു. അന്നുലോകത്തിൽനിലവിലുള്ള മുഴുവൻ ജനങ്ങളുടെയും പ്രതിനിധികളായി ഏഷ്യ, ആഫ്രിക്ക, യൂറോപ്പ് എന്നീ സ്ഥലങ്ങളിലുള്ള 17 വിവിധ ഭാഷകൾ സംസാരിക്കുന്ന ജനമദ്ധ്യത്തിൽ ദൈവത്തിൻെറ അത്ഭുത പ്രവൃത്തിയുടെ വിളംബരം നടക്കുകയായിരുന്നു.

2. **<u>അ.പ്ര. 10:44-48</u>**: കൊർന്നല്യോസിൻെറ ഭവനത്തിൽ ജാതികൾ സംസാരിച്ചു. അന്യഭാഷയുടെ പ്രകടനം കൊർന്നല്യോസിൻെറ മാനസാന്തരം മൂലം ജാതികൾക്കു ദൈവവുമായുള്ള ബന്ധം ഉണ്ട് എന്ന് കാണിക്കാൻ വേണ്ടിയായിരുന്നു. കൊർന്നല്യോസ് പ്രതിനിധാനം ചെയ്യുന്നത് റോമാക്കാരെയാണു.

3. **<u>അ.പ്ര. 19:1-7</u>**: എഫെസൊസ്സിൽ പഴയ നിയമ വിശ്വാസികളായ യോഹന്നാൻെറ ശിഷ്യന്മാർ സംസാരിച്ചു. ലോകമെങ്ങും പോയി സുവിശേഷമറിയിക്കുക എന്ന നിലയിൽ ഉണ്ടായ ഒരു അന്യഭാഷയുടെ ആവിഷ്കരണമായിരുന്നു എഫെസൊസ്സിൽ ഉണ്ടായത്. യൂറോപ്പിൻെറയും ഏഷ്യയുടെയും മദ്ധ്യത്തിലാണു എഫെസൊസ്സ് സ്ഥിതി ചെയ്യുന്നത്.

## 3. <u>അന്യഭാഷയിൽ സംസാരിക്കുന്നതിൻെറ ഉദ്ദേശം</u>

1. <u>അന്യഭാഷ വരത്തിൻെറ പ്രാഥമികമായ ലക്ഷ്യം സുവുശേഷം പ്രസംഗിക്കുകയാണു</u>. വെളിപ്പെടുത്തുന്ന ഒരു വരമാണിത്. അന്യഭാഷയിൽ സംസാരിച്ചു എന്ന് രേഖപ്പിടുത്തിയിരിക്കുന്ന 3 ഭാഗത്തും (അ.പ്ര. 2, 10,19) സുവിശേഷം എത്തിക്കുവാൻ വേണ്ടിയായിരുന്നു സംഭവിച്ചതെന്ന് നമ്മുക്ക് കാണുവാൻ കഴിയും. ഇതിൻെറ ഉദ്ദേശം എന്നുള്ളത് സുവിശേഷം എത്തിക്കുക എന്നതാണു.
2. <u>അപ്പൊസ്തൊലന്മാരുടെ പ്രസംഗത്തെ ദൃഢീകരിക്കുക</u>: എന്നതായിരുന്നു അന്യഭാഷയുടെ രണ്ടാമത്തെ ഉദ്ദേശം. വെറുതെ സന്ദേശം എത്തിക്കുക എന്നതിലുപരിയായി <u>ഉറപ്പിക്കുവാനുള്ള</u> അടയാളം കൂടിയായിരുന്നു. അവർ പോയി പ്രസംഗിക്കുമ്പോൾ അടയാളവരത്തിൻെറ ഉദ്യമത്താൽ അതിനെ ദൃഢീകരിക്കുക കൂടിയായിരുന്നു. (എബ്രാ. 2:2-4)
3. <u>മൂന്നാമതായി ഇതൊരു അടയാളമായിരുന്നു</u>: പരിശുദ്ധാത്മാം ദൈവം എന്നത് അവിശ്വാസികളായ യഹൂദന്മാർക്ക് ഒരു അടയാളമായിരുന്നു - നിർണ്ണയത്തിൻെറ ഒരു ആടയാളം കൂടെയായിരുന്നു (1കൊരി. 14:21,22) ദൈവം ജാതികളുമായി ഇടപ്പെടുന്നതിൻെറ ഒരു ലക്ഷണം കൂടിയായിരുന്നു ഇത്.

## 4. <u>അന്യഭാഷയുടെ പ്രാധാന്യമില്ലായ്മ</u>

1. അന്യഭാഷാവരം പ്രാധാന്യം കുറഞ്ഞ വരങ്ങളിലൊന്നായിരുന്നു. (1കൊരി. 14:5). പൗലോസിനു പ്രീയമായിരുന്നത് ഭാഷകളുടെ പ്രവചനമായിരുന്നു. (14:4,5)
2. 1 കൊരി 12:30-ൽ എല്ലാവരം അന്യഭാഷയിൽ സംസാരിക്കരുത് എന്ന് പൗലോസ് ഉറപ്പിച്ച് പറയുന്നു.
3. സഭയിലുള്ള ഇതിൻെറ ഉപയോഗത്തിനു പൗലോസ് നിയന്ത്രണം കൽപിക്കുന്നതായും നിരുൽസാഹപ്പെടുത്തുന്നതായും കാണാം. വ്യാഖ്യാനിക്കുവാൻ കഴിയുന്നില്ലയെങ്കിൽ അന്യഭാഷയിൽ സംസാരിക്കരുത്. (14:18)
4. അന്യഭാഷ അവിശ്വാസികൾക്ക് അടയാളമായിരിക്കുന്നതു കൊണ്ട് വിശ്വാസികൾ അത് അന്വേഷിക്കേണ്ട ആവിശ്യം ഇല്ല (14:22)
5. പൗലോസിൻെറ എല്ലാ ലേഖനങ്ങളിലും വെച്ച് 1 കൊരിന്ത്യരിൽ മാത്രമേ അന്യഭാഷയെ കുറിച്ച് പരാമർശിച്ചിട്ടുള്ളു (എ.ഡി. 55). കൃപാവരങ്ങളെ പറ്റി പറഞ്ഞിരിക്കുന്ന മറ്റ് വേദഭാഗങ്ങളായ റോമർ (എ. ഡി 60) എഫെസ്യർ (എ.ഡി 65) ൽ ഒന്നും അന്യ ഭാഷയെ പറ്റി പറഞ്ഞിട്ടില്ലാത്തതുകോണ്ടു ഒന്നുകിൽ ഈ വരം നിന്നു പോയതായോ അല്ലയെങ്കിൽ അത്യന്താപേക്ഷിതമായ ഒരു വരം അല്ലാത്തതു കൊണ്ട് എടുത്ത് പറയാത്തതോ ആയിരിക്കാം

## 5. അന്യഭാഷ ഉപയോഗിക്കേണ്ട രീതി:

അന്യഭാഷയിൽ സംസാരിക്കുന്നതിനാവിശ്യമായ നിബന്ധനയും നിയന്ത്രണവും നൽകിയിരിക്കുന്നു. പൗലോസ് ഇതിനായി നാലു നിബന്ധനകൾ തീർച്ചയായും പാലിക്കേണ്ടതിനായി വെച്ചിരിക്കുന്നു എന്തുകൊണ്ടെന്നാൽ താൻ ഉപയോഗിച്ചിരിക്കുന്ന പദം "അവനെ അനുവദിക്കുക" എന്നത് ഒരു അപേക്ഷയോ അനുശാസനയോ അല്ലാത്തതുകൊണ്ട് ഒരു കൽപനയാണു.

1. രണ്ടു പേരോ ഏറിയാൽ മൂന്നു പേരോ മാത്രം അന്യഭാഷയിൽ സംസാരിക്കാവു (1കൊരി. 14:27). ഏല്ലാവരും സംസാരിക്കണം എന്നില്ല (1കൊരി 12:29:30). കൊരിന്ത്യ സഭയെ പോലെ ധാരാളം അംഗങ്ങളുള്ള സഭയിൽ അന്യഭാഷയിൽ സംസാരിക്കുന്നതിനു നിയന്ത്രണം ഉണ്ട്.
2. സംസാരിക്കുന്നവർ ക്രമമായി സംസാരിക്കണം (1കൊരി.14:27). അല്ലായെന്നുണ്ടെങ്കിൽ ക്രമം തെറ്റുകയും ആശയക്കുഴപ്പം ഉണ്ടാകുകയും ചെയ്യും.
3. വ്യാഖ്യാനി ഉണ്ടായിരിക്കണം (1കൊരി.14:27). വ്യാഖ്യാനിയില്ലെങ്കിൽ അന്യഭാഷക്കാരൻ മിണ്ടാതിരിക്കണം (1കൊരി. 14:28).
4. സ്ത്രീകൾ സഭായോഗങ്ങളിൽ മൗനമായിരിക്കുവാനല്ലാതെ അന്യഭാഷയിൽ സംസാരിക്കുവാൻ പാടുള്ളതല്ല (1കൊരി. 14: 34 – 36)

## 6. അന്യഭാഷ ഉപയോഗത്തിൻെറ തെറ്റിധാരണകൾ

1. പരിശുദ്ധാത്മാഭിഷേകത്തിൻെറ അടയാളമാണു അന്യഭാഷയിൽ സംസാരിക്കുക എന്നു പറയുന്നത് തികച്ചും തെറ്റാണു.
2. പരിശുദ്ധാത്മ സ്നാനത്തോടെ ചേർന്ന് അന്യഭാഷയിൽ സംസാരിക്കുന്നതിനെ കാണുന്നത് തെറ്റാണു. പരിശുദ്ധാത്മ സ്നാനം പ്രാപിച്ച എല്ലാവരും അന്യഭാഷയിൽ സംസാരിക്കണം എന്ന് പഠിപ്പിക്കുന്നത് വചന വിരുദ്ധമാണു.
3. 'ആത്മനിറവിൻെറ അടയാളമാണു അന്യഭാഷയിൽ സംസാരിക്കുക' എന്നു പറയുന്നത് തെറ്റാണു. എല്ലാവിശ്വാസികളും ആത്മാവിൽ നിറയണം (നിയന്ത്രിക്കപ്പെടണം) എന്നുള്ളത് ഒരു കൽപ്പനയാണു (എഫെ. 5: 18). എന്നാൽ ഒരിടത്തു പൊലും വിശ്വാസികൾ അന്യഭാഷയിൽ സംസാരിക്കണം എന്ന് കൽപനയായി പറഞ്ഞിട്ടില്ല.
4. പരിശുദ്ധാത്മാവിൻെറ ഫലമാണു അന്യഭാഷാ ഭാഷണം എന്നു പറയുന്നത് തികച്ചും തെറ്റാണു. ആത്മാവിൽ നിറയപ്പെടുന്നതു മൂലമാണു അത്മഫലങ്ങൾ പുറപ്പെടുവിക്കപ്പെടുന്നത് (ഗലാ. 5: 22,23).
5. ഒരുവൻെറ വിശ്വാസത്തിൻെറ അടയാളമാണു അന്യഭാഷയിൽ സംസാരിക്കുക എന്നുള്ളത് തെറ്റായ പഠിപ്പിക്കലാണു. നേരെമറിച്ച് അടയാളങ്ങളും, അടയാള വരങ്ങളും അന്വേഷിച്ചുപൊകുന്ന വ്യക്തിയിൽ വിശ്വാസത്തിൻെറ കുറവാണു കാണുന്നത് "അന്യഭാഷകൾ അടയാളമായിരിക്കുന്നത് വിശ്വാസികൾക്കല്ല അവിശ്വാസികൾക്കത്രെ".
6. അന്യഭാഷാവരത്തെ അന്വേഷിക്കുന്നത് തികച്ചും തെറ്റാണു. നാം ഇച്ഛിക്കുമ്പോലെയല്ല പിന്നെയോ താനിച്ഛിക്കും പോലെയാണു കൃപാവരങ്ങൾ നൽകുന്നത് (1 കൊരി 14:18).
7. സ്ത്രീകൾ അന്യഭാഷയിൽ സംസാരിക്കുന്നത് വചനവിരുദ്ധമാണു. "സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ... സ്ത്രീ സഭയിൽ സംസാരിക്കുന്നതു അനുചിതമല്ലോ (1കൊരി.14:34 – 36). എന്നാൽ ഇപ്രകാരമുള്ള പ്രസ്ഥാനങ്ങളിൽ പുരുഷന്മാരെക്കൾ കൂടുതൽ സ്ത്രീകൾ സംസാരിക്കുന്നു എന്നുള്ളത് ഏവർക്കും അറിവുള്ള കാര്യമാണു.
8. എല്ലാവരും അന്യഭാഷയിൽ സംസാരിക്കണം എന്നു പറയുന്നത് തെറ്റായകാര്യമാണു. പെന്തകൊസ്തു നാളിൽ മൂവായിരം പേർ രക്ഷിക്കപ്പെട്ടു എങ്കിലും എല്ലാവരും അന്യഭാഷയിൽ സംസാരിച്ചിരുന്നില്ല (അ.പ്ര. 2:38). കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനം പ്രതി സഭയോട് ചേർത്തുകൊണ്ടിരിക്കുന്നു (അ.പ്ര. 2:47). അയ്യായിരം പേർ കർത്താവിൽ വിശ്വസിച്ചു (അ.പ്ര. 4:4)

## 7. ഇന്ന് അന്യഭാഷവരം ഇല്ലാത്തത് എന്തുകൊണ്ട്?

1. ലക്ഷ്യം പൂർത്തികരിക്കപ്പെട്ടു.
   - → വചനം എഴുതികിട്ടിയിട്ടില്ലാതീരുന്ന നാളുകളിൽ സുവിശേഷം അറിയിക്കുവാൻ വേണ്ടി ചിലവെളിപ്പാടുകളായിരുന്നു ഇത്. അപ്പൊസ്തലപ്രവർത്തി 2ൽ പെന്തക്കോസ്ത് നാളിൽ, 10 ൽ കൊർന്നല്ല്യോസിൻെറ ഭവനത്തിൽ 19 ൽ എഫസോസ്സിൽ ഉണ്ടായിരുന്ന യോഹന്നാൻ സ്നാപകൻെറ ശിഷ്യന്മാർ.
   - → വചനത്തെ ഉറപ്പിക്കുവാൻ വേണ്ടിയായിരുന്നു. അന്യഭാഷയെന്നത് പുതിയ ഒരു യുഗപിറവിയുടെ അടയാളവും അപ്പോസ്തലന്മാരുടെ നിയോഗത്തിൻെറ ദൃഢികരണത്തിനുവേണ്ടിയും ആയിരുന്നു (എബ്ര. 2:3-4; 2 കൊരി. 12:12). അപ്പൊസ്തൊലന്മാരുടെ കാലത്തിനു ശേഷം ഈ അടയാളവും നീക്കപ്പെട്ടു. അടയാള വരം ദൈവവചനം ഉറപ്പിക്കേണ്ടതിനു വേണ്ടിയായിരുന്നു (മർക്കൊ. 16: 17 -18). ഇത് സ്ഥിരീകരിക്കപ്പെട്ടു കഴിഞ്ഞു (മർക്കൊ. 16:20; എബ്രാ. 2:3-4). 1 കൊരിന്ത്യരിൽ (എ.ഡി.55) മാത്രമാണു അന്യഭാഷയെ പറ്റി പറഞ്ഞിരിക്കുന്നത്. മറ്റ് ലേഖനങ്ങളിൽ പറഞ്ഞിരിക്കുന്ന കൃപാവരങ്ങളുടെ പട്ടികയിൽ അതായത് റോമർ (എ.ഡി. 60) എഫെസ്യർ (എ. ഡി. 65) ൽ അന്യഭാഷയെ പറ്റി പറഞ്ഞിട്ടില്ലാത്തതുകൊണ്ട് ഈ വരം മുൻപു തന്നെ നിലച്ചതായി ചിന്തിക്കാം.

2. ഇത് ഒരു അടയാള വരമാണു.
   - → അവിശ്വാസികളായ യിസ്രായേലിയർക്ക് ഒരു ആടയാളമായിരുന്നു അന്യഭാഷ എന്നത്. ദൈവം ജാതികൾക്ക് വേണ്ടി ഒരു പുതിയ പ്രവൃത്തിയെ വ്യാപിപ്പിച്ചതും, ആ ദൗത്യം പൂർത്തീകരിക്കപ്പെട്ടപ്പോൾ യിസ്രായേൽ ജനതക്കത് ബോദ്ധ്യമായതുകൊണ്ടും ഇനി അതാവർത്തിക്കേണ്ട കാര്യമില്ല.

3. മൂന്നാമതായി ഈ വരം നിന്നുപോകുമെന്നതിനു തിരുവചനത്തിൽ തെളിവുണ്ട്. (1 കൊരി. 13:8-10)
   - → അനുകമ്പയോടുകൂടിയ സ്നേഹം ഒരുനാളും ഉതിർന്നുപോകയില്ല. പ്രവചനവരമോ അതുനീങ്ങി പോകും, ഭാഷാവരമോ അതു നിന്നു പോകും, ജ്ഞാനമോ അത് നീങ്ങി പോകും (1 കൊരി 13:8). 13-ാം അദ്ധ്യായത്തിൻെറ പ്രതിപാദ്യം എന്നത് ഒരിക്കലും ഉതിർന്നുപോകാത്ത വലിയ സ്നേഹം എന്നതാണു. മൂന്നു ഗുണങ്ങൾ തുടർന്നുകൊണ്ടിരിക്കും - വിശ്വാസം, പ്രത്യാശ, സ്നേഹം (വാക്യം 13) ഇതിൻെറ നിലനിൽപ്പ് സ്ഥിരമാണു. വാക്യം 8 ൽ പ്രവചനങ്ങളും ജ്ഞാനങ്ങളും പ്രവൃത്തന രഹിതമാകും. "പ്രവചനവരമോ അതുനീങ്ങി പോകും, ഭാഷാവരമോ അതു നിന്നു പോകും, ജ്ഞാനമോ അത് നീങ്ങി പോകും". ഭാഷാവരങ്ങളുടെ വിരാമം എന്നാണു സംഭവിക്കുന്നത് എന്ന ചോദ്യത്തിനെക്കാളുപരിയായി ഭാഷാവരം നിന്നുപോകുന്നത് "പൂർണ്ണമായതെന്നാണു വരന്നുത്" എന്നാണു. ചിലർ ചിന്തിക്കും പോലെ കർത്താവിൻെറ രണ്ടാം വരവല്ല "പൂർണ്ണമായത് എന്നു പറയുന്നത്". "പൂർണ്ണമായത്" എന്നത് നപുംസകലിംഗത്തിൽ പറഞ്ഞിരിക്കുന്നതു കൊണ്ട് ഇത് വ്യക്തിയല്ല പിന്നെയൊ വസ്തുവാണു. സ്വർഗ്ഗീയമായ അവസ്ഥയല്ല "പൂർണ്ണമായത് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. എന്തുകൊണ്ടെന്നാൽ പൂർണ്ണമായത് വന്നു കഴിഞ്ഞും വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവ നിലനിൽക്കും. "പൂർണ്ണമായത്" എന്നു പറഞ്ഞിരിക്കുന്നത് ദൈവവചനത്തെയാണു. എന്നാൽ അംശമായി ലഭിച്ചിരുന്നത് പ്രവചനവും, അന്യഭാഷയും ജ്ഞാനവുമായിരുന്നു. ഇവ മൂന്നും വെളിപ്പാടുകളിൽ കൂടി ലഭിച്ചിരുന്നതും ഭാഗീകവുമായിരുന്നു. ആദ്യനൂറ്റാണ്ടിലെ ജനങ്ങൾക്ക് ഇപ്രകാരമായിരുന്നു ദൈവം വെളിപ്പാടുകൾ നൽകിയിരുന്നത്. ഈ അംശമായിരുന്നത് ഒന്നിച്ചുചേർക്കുമ്പോഴാണു പൂർണ്ണമായത് ഉണ്ടാകുന്നത്. അതാണു പൂർണ്ണമായി എഴുതികിട്ടിയ ദൈവവചനം. അതായത് ഇവിടെ പൂർണ്ണമായത് എന്നു പറയുന്നത് ദൈവീക വെളിപ്പാടുകളുടെ പൂർത്തീകരിക്കപ്പെട്ട അന്തിമരൂപമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. ആയതിനാൽ വെളിപ്പാടുകൾ നിന്നുപോയി എന്നാണു സഭ സാർവത്രീകമായി അംഗീകരിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യനു വേണ്ടിയുള്ള ദൈവീകവെളിപ്പാടുകൾ തിരുവചനത്തിലെ 66 പുസ്തകങ്ങളിലായി ഉൾകൊള്ളിക്കപ്പെട്ടിരിക്കുന്നു.

# പാഠം 24

## പരിശുദ്ധാത്മ ദാനം – പ്രദർശനം (പ്രസംഗശാസ്ത്രം)

കൃപാവരങ്ങൾ പൊതു പ്രയോജനത്തിനായി പ്രദർശിപ്പിക്കപ്പെടേണ്ടതാണു എന്ന് നാം കണ്ടു കഴിഞ്ഞു. (1കൊരി.12:7) കൃപാവരങ്ങളെ വികസിപ്പിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണു, "നിന്നിലുള്ള കൃപാവരത്തെ ജ്വലിപ്പിക്കുക" (1തിമൊ.1:16). ഏറ്റവും കുറഞ്ഞത് മൂന്നു കൃപാവരങ്ങൾ സംസാരവരങ്ങൾക്കുള്ളിൽ വരുന്നുണ്ട് – പ്രവചനവരം, പഠിപ്പിക്കുവാനുള്ളവരം, പ്രബോധനവരം (റോമ.12:6–8). ദൈവവചനം ശരിയായ രീതിയിലും ക്രമീകൃതമായും പ്രയോജനകരമായ നിലയിലും അവതരിപ്പിക്കുവാൻ നാം നമ്മെ തന്നെ പരിശീലിപ്പിക്കേണ്ടതാണു. "ഹോമിലിറ്റിക്സ്" എന്നത് പ്രസംഗ കലയാണു. കേൾവിക്കാരനു മനസ്സിലാകുന്ന നിലയിൽ തിരുവചന സത്യങ്ങളെ പറഞ്ഞുകൊടുക്കുവാനുള്ള കഴിവാണിത്. "ഹൊമിലിയൻ" എന്ന ഗ്രീക്ക് പദത്തിൽ നിന്നുമാണു "ഹൊമിലിറ്റിക്സ്" എന്ന പദമുണ്ടായിരിക്കുന്നത്. 'ആശയവിനിമയം നടത്തുക' എന്നതാണു ഇതിനർത്ഥം. അ. പ്ര. 20:11-"പിന്നെ അവൻ കയറിച്ചെന്നു അപ്പം നുറുക്കി തിന്നു പുലരുവോളം സംഭാഷിച്ചു പുറപ്പെട്ടു പോയി". സദൃ.25:11-"തക്ക സമയത്തു പറഞ്ഞ വാക്ക് വെള്ളിത്താലത്തിൽ പൊൻ നാരങ്ങ പോലെ". യേശുക്രിസ്തു പ്രസംഗികളുടെ പ്രസംഗിയായിരുന്നു. "ഇവൻ സംസാരിക്കുന്നതു പോലെ ആരും സംസാരച്ചിട്ടില്ല" (യോഹ.7:46). സത്യത്തെ ആശയവിനിമയം നടത്തുകയാണു പ്രസംഗം എന്നുള്ളത്.

### 1. പ്രസംഗിക്കുന്ന വ്യക്തി

മാനുഷീക വ്യക്തിത്വങ്ങളിൽ കൂടി ദൈവീക സത്യങ്ങൾ ആശയവിനിമയം ചെയ്യപ്പെടുന്നതാണു പ്രസംഗ കല. ഒരു പ്രസംഗി ആശയവിനിമയം ചെയ്യുവാൻ കഴിവുള്ളവനായിരിക്കണം. ദൈവത്തിൽ നിന്നും സത്യമായവ പ്രാപിച്ച് മനുഷ്യർക്ക് ഉതകുന്ന നിലയിൽ പകർന്നു കൊടുക്കുന്നവനായിരിക്കണം. ദൈവം വെളിപ്പാടുകൾ നൽകുന്നു; മനുഷ്യൻ അത് അവതരിപ്പിക്കുന്നു. മർത്ത്യമനുഷ്യനു ദൈവം കൊടുത്തിരിക്കുന്ന എറ്റവും ശ്രേഷ്ഠമായ ഒരു പദവിയാണിത്. അതുപോലെ തന്നെ ഏറ്റവും മഹനീയമായിരിക്കുന്ന ഒരു ഉത്തരവാദിത്വംവും.

- ആത്മീക യോഗ്യത നേടിയവ്യക്തിയായിരിക്കണം-രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട്, സഹോദങ്ങളുമായി കൂട്ടായ്മ ബന്ധത്തിലുള്ള ആളായിരിക്കണം.
- ശുശ്രൂഷക്കായി ദൈവം തിരഞ്ഞെടുത്ത വ്യക്തിയായിരിക്കണം.
- ദൈവത്തിനു വേണ്ടി ലഭ്യമായ വ്യക്തിയായിരിക്കണം.
- പ്രാർത്ഥനാ മനുഷ്യനായിരിക്കണം.ദൈവ സന്നിധിയിൽ ശാന്തമായിരിക്കുവാൻ ശീലിച്ചവനായിരിക്കണം, ദൈവ ശബ്ദത്തെ തൻെറ ആത്മാവിൽ തിരിച്ചറിയുന്നവനായിരിക്കണം.
- നല്ല സാക്ഷ്യം പുലർത്തുന്നവനായിരിക്കണം, മാനപാത്രമായിരിക്കണം.
- ശുശ്രൂഷക്കുവേണ്ടി നിയോഗിക്കപ്പെട്ട വ്യക്തിയായിരിക്കണം (1 തിമൊ. 4:15)
- ദൈവസഭയിലെ മനുഷ്യനെന്ന നിലയിൽ കേൾവിക്കാരുടെ ആവിശ്യം മനസ്സിലാക്കുന്നവനായിരിക്കണം.
- നിരന്തരമായി വചനം വായിക്കുകയും പഠിക്കുകയും ചെയ്യുന്നവനായിരിക്കണം, ദൈവ വചനത്തോട് വാഞ്ചയുള്ളവനും വിശ്വസ്തനും ആയിരിക്കണം.
- വചനം നിരന്തരമായി അഭ്യസിക്കുന്നവനായിരിക്കണം. "അവർ എന്നെ മുന്തിരിത്തോട്ടങ്ങൾക്ക് കാവലാക്കി; എൻെറ സ്വന്ത മുന്തിരിത്തോട്ടം ഞാൻ കാത്തിട്ടില്ലതാനും" (ഉത്ത. 1: 6).
- ശരിയായ നിലയിൽ വചനത്തെ വിഭാഗിക്കുന്നവനായിരിക്കണം (2 തിമോ. 2: 15)

### 2. തയ്യാറെടുക്കൽ

തയ്യാറെടുപ്പിനോടുള്ള ബന്ധത്തിൽ പൊതിവായി രണ്ട് പിഴവുകൾ സംഭവിക്കാറുണ്ട്.

- "ആവിശ്യമില്ലാത്ത തയാറെടുപ്പ്". അങ്ങനെയുള്ളവരുടെ പ്രഥമഗണനീയ തിരുവെഴുത്ത് എന്നത് സങ്കീർത്തനം 81:10 ആണു : "നിൻെറ വായ് വിസ്താരത്തിൽ തുറക്ക; ഞാൻ അതിനെ നിറെക്കും".
- "മാനുഷീക കഴിവുകൾ മാത്രം മതി": രണ്ടാമത്തെ പിഴവ് അതിൻെറ പരമാവധിയിൽ എത്തുന്നതാണു. തയ്യാറെടുപ്പിലും, സ്വന്ത കഴിവിലും ആത്മവിശ്വാസമർപ്പിച്ച് ചെയ്യുന്നതാണിത്. പരിശുദ്ധാത്മാവിൽ ആശ്രയമർപ്പിക്കാതെയുള്ള പ്രവർത്തനം.

സന്ദേശത്തിൻെറ പുരോഗതി

- സന്ദർഭത്തെ മനസ്സിലാക്കുക. സുവിശേഷ സന്ദേശം, വചന ശുശ്രൂഷ, യുവാക്കൾക്ക് വേണ്ടിയുള്ള സന്ദേശം മുതലായവ.......
- പ്രഭാഷണത്തിൻെറ രീതി തിരഞ്ഞെടുക്കുക. പ്രസംഗം തയാറാക്കുന്നതിനു മുൻപ് തന്നെ ഏത് നിലയിലുള്ള പ്രഭാഷണമാണാവിശ്യം എന്ന് തീരുമാനിക്കുക - മൂലവാക്യത്തിലുള്ള, വിഷയ സംബന്ധമായ, വിപുലീകരിച്ച പ്രസംഗമാണോ എന്നത് പരിശോധിക്കുക.
- കേൾവിക്കാരുടെ ആവിശ്യത്തിനനുസൃതമായി സന്ദർഭോചിതമായ വേദഭാഗം പ്രാർത്ഥനയോടും ശ്രദ്ധയോടും കൂടി തിരഞ്ഞെടുക്കുക. വിവാദത്തിനോ, ഭിന്നിപ്പിനൊ, പിണക്കത്തിനൊ ഇടയാകാത്ത തരത്തിലുള്ള വിഷയം വേണം തിരഞ്ഞെടുക്കുവാൻ.
- എല്ലാ ദിശയിൽ നിന്നും ശ്രദ്ധിച്ച്, ചിന്തിച്ചു വാക്യം വാക്യമായി വേണം വേദഭാഗം പഠിക്കുവാൻ.

    - സുപരിചിതമാകും വരെ നിരവധി പ്രാവിശ്യം അത് വായിക്കുക.
    - തിരഞ്ഞെടുത്ത ഭാഗം ധ്യാനിക്കുക.
    - പ്രകാശിപ്പിച്ചു കിട്ടുന്നതിനായി പരിശുദ്ധാത്മാവിൽ ആശ്രയിക്കുക.
    - പഠന സഹായികൾ ഉപയോഗിക്കുക എന്നാൽ ആധികാരികം വേദപുസ്തകമായിരിക്കണം.
    - തിരുവചന വ്യാഖ്യാനം വളരെ പ്രാധാന്യമാണു, അപ്പോൾ തന്നെ പ്രസംഗ ശാസ്ത്രത്തിൻെറ വ്യവസ്ഥകൾ പാലിക്കുക.

- ഇന്നത്തെ അവസ്ഥക്ക് ആവിശ്യമായ ചിന്താവിഷയം കണ്ടെത്തുക. തൻെറ ജനത്തോട് സംസാരിക്കാനുണ്ട് എന്നുള്ളതാണു ദൈവത്തിൻെറ എല്ലായ്പ്പോഴത്തെയും വർത്തമാന കാല സത്യം (2 പത്രൊ.1:12)
- തയ്യാറാക്കുക, അതു കുറിച്ചു വയ്ക്കുക.
- ഇത് മറ്റുള്ളവർക്ക് പകർന്നുകൊടുക്കുന്നതിനു മുൻപായി എല്ലാകാര്യവും പ്രാർത്ഥനയിൽ വയ്ക്കുക.

## 3. അവതരിപ്പിക്കുക

പ്രസംഗ ശാസ്ത്രത്തിൽ തന്നെ സ്പഷ്ടമായി, ഫലപ്രദമായി, കലർപ്പില്ലാതെ സംസാരിക്കുക എന്നത് ഒരു ആവിശ്യമാണു. തിരുവചന ഭാഗങ്ങളെ ഒരു പ്രസംഗമായി വികസിപ്പിക്കുന്നത് തന്നെ അസ്ഥികളിൽ മാംസം വച്ച് പിടിപ്പിക്കുന്നതു പോലെയാണു.

- **വിഭജനം**: ഒരു പ്രസംഗത്തിനു ആവിശ്യമായ ആമുഖവവും (അടിത്തറ), ചർച്ചചെയ്യപ്പെടേണ്ട വിഷയവും (കെട്ടിടം), പൂർത്തീകരണവും (മേൽക്കൂര) ആവിശ്യമാണു.

    - ആമുഖം: ഒരു പ്രസംഗത്തിൻെറ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണു ഇത്. കാരണം കേൾവിക്കാരുടെ ശ്രദ്ധയെ തുടക്കത്തിലെ പിടിച്ചെടുക്കാൻ സാധിച്ചില്ലെങ്കിൽ പ്രസംഗത്തിൻെറ തുടർന്നുള്ള ഭാഗത്തിനു കുറച്ച് മാത്രം ശ്രദ്ധയെ ലഭിക്കുള്ളു. നിങ്ങൾക്ക് നൽകാൻ പറ്റുന്നതിലുപരിയായിട്ടൊന്നും ആശകൊടുക്കുവാനായ് കഴികയില്ല. അത് ആശ്ചര്യകരമായ ഒന്നായിരിക്കരുത്. ദൈർഘ്യമുള്ളതായിരിക്കരുത്. പ്രതിപാദ്യ വിഷയത്തോട് ബന്ധപ്പെട്ടിട്ടുള്ളതായിരിക്കണം. നിങ്ങളുടെ പ്രമേയത്തിലേക്കുള്ള അകൃത്രിമമായ അവസ്ഥാന്തരമായിരിക്കണം ഇത്. നല്ല തുടക്കം പകുതി പൂർത്തീകരിക്കപ്പെട്ടതു പോലെയാണു.
    - പ്രസംഗത്തിൻെറ മുഖ്യഭാഗം: ഇതാണു പ്രസംഗത്തിൻെറ ഉള്ളടക്കം. ഇതാണു കെട്ടിടം. ഇതിൽ ഉപ ആശയങ്ങൾ നൽകാവുന്നതാണു.
    - പൂർത്തീകരണം(അവസാനവാക്ക്): മനസ്സുകളോടുള്ള അഭ്യർത്ഥന. പ്രായോഗ്യമാക്കേണ്ടുന്നവ ആവിശ്യമാണു. പറഞ്ഞത് ക്രോഡീകരിച്ച് പറയുക. ചുരുക്കമായി ആവർത്തിക്കുക. ഇച്ഛാശക്തിയോടുള്ള അഭ്യർത്ഥന. അന്വേഷിക്കുവാൻ പ്രോത്സാഹിപ്പിക്കുക. വികാരത്തോടുള്ള അഭ്യർത്ഥന. പ്രയത്നിക്കുവാൻ പ്രേരിപ്പിക്കുക.

## സന്ദേശം നൽകുന്നതിനു അറിഞ്ഞിരിക്കേണ്ട തത്വങ്ങൾ

- വ്യക്തത: സന്ദേശം വ്യക്തമായിരിക്കണം. നിഗൂഢമായിരിക്കരുത്. അർത്ഥപൂർണ്ണവും ലളിതവുമായ ഭാഷയായിരിക്കണം. ചുരുങ്ങിയ വാചകങ്ങൾ ആയിരിക്കണം. വ്യാകരണവും, ഉച്ചാരണരീതിയും സുപ്രധാനമാണു.
- സ്ഥിരത: പ്രമേയത്തിനാവിശ്യമായ നിലയിലുള്ള അഭിപ്രായത്തിൻെറ സ്ഥിരത സൂക്ഷിക്കണം. അലഞ്ഞുതിരിയുവാൻ സാദ്ധ്യതയുള്ള എല്ലാ വളഞ്ഞ വഴികളിൽ നിന്നും വിട്ടു നിൽക്കുക.
- തുടർച്ച: ചിന്തക്കാവിശ്യമായ വ്യക്തയോടു കൂടിയ പുരോഗതി ആവിശ്യമാണു.
- സംക്ഷിപ്തത: സന്ദേശം ചുരുക്കമായിരിക്കണം. 20 മിനിറ്റിനു മുമ്പ് നിങ്ങൾ നിർത്തണമെന്ന് കേൾക്കുന്നവർ ആഗ്രഹിക്കുന്നതിലുപരിയായി തുടരണമെന്ന് ആഗ്രഹിക്കുന്നതാണു നല്ലത്.
- പൂർണത: വിഷയം വൈരുദ്ധ്യങ്ങളില്ലാതെ പൂർണ്ണമായി പൂർത്തികരിക്കേണ്ടത് ആവിശ്യമാണു.

## അവതരണത്തിനാവിശ്യമായ പ്രായോഗീക വശങ്ങൾ

- മറ്റുള്ളവരെ അനുകരിക്കാതെ നിങ്ങൾ, നിങ്ങൾ തന്നെയായിരിക്കുവാൻ ശ്രമിക്കുക.
- ധർമ്മനിഷ്ഠമായ അതായത് മതപരമായ ശബ്ദം പുറപ്പെടുവിക്കാതിരിക്കുവാൻ ശ്രമിക്കുക. സാധാരണശബ്ദവും പ്രസംഗപീഠത്തിനരികിൽ നിന്നുള്ള ശബ്ദവും വ്യത്യസ്തമായിരിക്കുവാൻ പാടുള്ളതല്ല. ആത്മാർത്ഥതയുടെ സന്ദേശമാണു ഇതിൽ നിന്നും വെളിപ്പെട്ടുവരുന്നത്.
- ശബ്ദം സമീകരിക്കുക. വളരെ പതുക്കെ സംസാരിക്കാതിരിക്കുക. എന്നാൽ കേൾവിക്കാർക്ക് നിങ്ങളുടെ ശബ്ദം വ്യക്തമായി കേൾക്കുവാൻ കഴിയുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക. അട്ടഹസിക്കുവാൻ പാടുള്ളതല്ല.
- സന്ദർഭോചിതമായി വസ്ത്രം ധരിക്കുക. പ്രസംഗകേൾവിയിൽ നിന്നും സദസ്സിൻെറ ശ്രദ്ധയെ വ്യതിചലിപ്പിക്കുന്ന നിലയിലുള്ള വസ്ത്രധാരണം പാടുള്ളതല്ല. ആർക്കും അപവാദം പറയുവാൻ പാടില്ലാത്ത നിലയിൽ യോഗ്യമായ വസ്ത്രധാരണം ചെയ്യുക.
- സദസ്സിൻെറ മുൻപിൽ നിൽക്കുവാൻ പരീശീലിക്കുക. സദസ്സിനെ അഭിമുഖീകരിക്കേണ്ട സന്ദർഭങ്ങളിലെല്ലാം ശരിയായ നിലയിൽ നിൽക്കേണ്ടതാവിശ്യമാണു. രണ്ടു കാലുകളിലും ഉറച്ച് നിൽപ്പിൻെറ പ്രകൃതം നന്നാക്കേണ്ടതാണു.
- സ്വഭാവികമായി ചലിക്കുവാൻ പരിശീലിക്കുക. ശരീരത്തിൻെറ ചലനങ്ങൾ നിയന്ത്രിക്കപ്പെട്ടതായിരിക്കണം. നിങ്ങളുടെ സംസാരം പോലെ തന്നെ നിങ്ങളുടെ ശരീരവും ഒരു സന്ദേശം നൽകുന്നുണ്ട്. സംസാരിക്കുമ്പോൾ നിങ്ങളെ തന്നെ നിയന്ത്രിക്കേണ്ടത് ആവിശ്യമാണു. ശരിയായ ചലങ്ങളുടെ താക്കോൽ എന്നത് സ്വഭാവികമായി അത് ചെയ്യുക എന്നുള്ളതാണു. ആവിശ്യമില്ലാത്തതായ ശാരീരിക ആംഗ്യങ്ങൾ ഒഴിവാക്കുക.
- കേൾവിക്കാരുമായി നല്ല ദൃഷ്ടി ബന്ധം ഉണ്ടാക്കുക. നിങ്ങളുടെ കണ്ണുകളും ഒരു സന്ദേശം അറിയിക്കുന്നുണ്ട്. ശൂന്യതയിലേക്കോ മുകളിലേക്കോ നോക്കി പ്രസംഗിക്കരുത്. നിങ്ങൾ അഭിസംബോധന ചെയ്യുന്ന വ്യക്തികളുടെ മുഖത്ത് നോക്കി സംസാരിക്കുക.
- മുഖഭാവങ്ങൾ വളരെ പ്രധാനപ്പെട്ടതാണു എന്ന് ഓർക്കുക. മുഖത്തുനോക്കുന്നതിൽകൂടി നിങ്ങളുടെ സന്ദേശം സ്പഷ്ടമായി തീരുന്നതാണു. പ്രത്യേകമായി ഊന്നിപ്പറയേണ്ട പദങ്ങളിലൊഴികെ അസാധാരണമായ മുഖഭാവം ഉണ്ടാക്കുവാൻ പാടുള്ളതല്ല. പ്രമേയത്തിനും, പ്രതിപാദ്യവിഷയത്തിനും അനുയോജിതമാകുംവണ്ണം മാത്രം ആയിരിക്കണം.

## 4. ഉദ്ദേശം

സദസ്സിൻെറ വിനോദത്തിനു വേണ്ടി നടക്കുന്ന പ്രഭാഷണമോ പൊതുവായ പ്രസംഗമോ അല്ലയിത്. നിത്യമായ ദൈവവചനത്തിൻെറ വിളംബരമാണു. വിവിധങ്ങളായ ദൈവകൃപയുടെ ഗൃഹവിചാരകന്മാരായ നാം, നല്ല ഗൃഹവിചാരകന്മാരായി നിലനിൽക്കേണ്ടത് ആവിശ്യമാണു (കൊരി. 4:2 ) ചുവടെ കൊടുത്തിരിക്കുന്നതാണു പ്രസംഗശാസ്ത്രത്തിൻെറ ഉദ്ദേശം.

- പാപികളുടെ മാനസാന്തരം (1 കൊരി. 14: 24,25)
- വിശ്വാസികളുടെ ആത്മീയോന്നതി ( 1 കൊരി. 14: 12, 26; എഫെ. 4:12)
- ദൈവനാമ മഹിമ (1 പത്രൊ. 4:11) എല്ലാത്തിലും ദൈവനാമം മഹിമപ്പെടേണ്ടതിനായി.

# പാഠം 25
# പരിശുദ്ധാത്മാവ് ഭാവിയോടുള്ള ബന്ധത്തിൽ

ഭാവിയിൽ പരിശുദ്ധാത്മാവിനുള്ള സ്ഥാനം എന്താണു? പരിശുദ്ധാത്മാവിൻെറ ഭാവി പ്രവർത്തനങ്ങൾ അനേകവേദപണ്ഡിതന്മാരുടെ ശ്രദ്ധയെ ആകർഷിച്ചിട്ടില്ല. ഇവരുടെയൊക്കെ വേദശാസ്ത്രപുസ്തകങ്ങളിൽ ഈ വിഷയം മൗനം ഭജിക്കുകയാണു. സൃഷ്ടിയുടെ ആരംഭം മുതൽ തന്നെ ത്രിത്വത്തിലെ മൂന്നു വ്യക്തിത്തങ്ങളും പൂർണ്ണമായും പ്രവർത്തന നിരതരാണു. അപ്രകാരം ആത്മാവും എല്ലായിപ്പോഴും സജീവമാണു. എന്നാൽ തിരുവചനത്തിൽ നിന്നും ഇന്നുള്ള ആത്മാവിൻെറ പ്രവർത്തന രീതിയിൽ നിന്നും വ്യത്യസ്തമായിരിക്കും ഭാവി പ്രവർത്തനമെന്ന് വ്യക്തമാണു.

## പരിശുദ്ധാത്മാവിൻെറ ഭാവിപ്രവർത്തനങ്ങോടുള്ള അവഗണന

ഭാവി സംഭവങ്ങൾ മനസ്സിലാക്കുന്നതിൽ നിന്നും ഉണ്ടായിരിക്കുന്ന തെറ്റിദ്ധാരണകളാണു ഈ അവഗണനക്ക് കാരണം. ഭാവി കാല സംഭവങ്ങളെ പൊതുവായി മൂന്നു വിഭാഗങ്ങളായി തിരിക്കാം.

- **സഹസ്രാബ്ദാനന്തര വാദം(പോസ്റ്റ് മില്ലെന്നിലിസം)**: ഈ വർത്തമാനയുഗത്തിൽ തന്നെ സുവിശേഷം പ്രസംഗിക്കപെടുകയും സഹസ്രാബ്ദവാഴ്ച്ച പൂർത്തീകരിക്കപ്പെടുകയും ചെയ്യുമെന്നാണു ഈ വാദഗതി.

- **സഹസ്രാബ്ദ നിഷേധവാദം (അമില്ലെന്നിലിസം)**: മഹാപീഢനമോ സഹസ്രാബ്ദ വാഴ്ച്ചയോ ഇല്ലായെന്നുള്ളതാണു ഈ ചിന്താഗതി. ഈ യുഗത്തോടു ചേർന്ന് നിത്യത ആരംഭിക്കുന്നു. ആയതിനാൽ പരിശുദ്ധാത്മാവിൻെറ ഭാവി പഠനം ഇവിടെ ആവിശ്യമായി വരുന്നില്ല.

- **സഹസ്രാബ്ദാൽ പൂർവ്വ വാദം (പ്രിമില്ലെന്നിലിസം)**: യേശുകർത്താവു ഭൂമിയിൽ വാഴുവാനായി ഈ ഭൂമിയിലേക്ക് മടങ്ങിവരുമ്പോൾ താൻ തന്നെ പരിചയപ്പെടുത്തുന്ന ഒന്നാണു സഹസ്രാബ്ദവാഴ്ച്ച. മാഹാപീഢനത്തിനു ശേഷം സഹസ്രാബ്ദവാഴ്ച്ച ആരംഭിക്കുന്നു. മൂന്നു തരത്തിലുള്ള സഹസ്രാബ്ദാൽ പൂർവ്വ വാദങ്ങളുണ്ട്.

    - മാഹാപീഢാന്തര വാദം (പോസ്റ്റ് ട്രിബുലേഷനിസം) – മാഹാപീഢനത്തിനു ശേഷം ക്രിസ്തു സഭയെ ചേർക്കുവാനായി ഭൂമിയിലേക്കു വരികയും പെട്ടന്നു തന്നെ തൻെറ വിശുദ്ധന്മാരുമായി ഭൂമിയെ വാഴുവാനായി മടങ്ങിവരികയും ചെയ്യും.
    - മദ്ധ്യ മാഹാപീഢനവാദം (മിഡ് ട്രിബുലേഷനിസം)– മാഹാപീഢനകാലത്തിൻെറ മദ്ധ്യത്തിൽ സഭയുടെ ഉത്പ്രാപണം സംഭവിക്കുമെന്നുള്ളതാണു ഈ ചിന്താഗതി
    - മഹാ പീഢന പൂർവ്വവാദം – (പ്രി ട്രിബുലേഷനിസം)– ഉത്പ്രാപണത്തോടുകൂടി ഭൂമിയിൽ മാഹാപീഢനകാലം ആരംഭിക്കുന്നു. അതിൻെറ അവസാനത്തിങ്കൽ വിശുദ്ധന്മാരുമായി ക്രിസ്തു മടങ്ങി വരികയും സഹസ്രാബ്ദവാഴ്ച്ച ആരംഭിക്കുകയും ചെയ്യുന്നു.

## 1. മഹാപീഢനകാലത്തിൽ ആത്മാവിൻെറ പങ്ക്

സഭ മാറ്റപ്പെട്ടതിനു ശേഷം മഹാപീഢനകാലം ആരംഭിക്കുന്നു. ഈ കാലയളവിലും പരിശുദ്ധാത്മാവ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഏഴുവർഷക്കാലത്തെ അഭൂതപൂർവ്വമായ പീഢനങ്ങളായിരിക്കും ഈ കാലയളവിലുള്ളത് (ദാനി.9:27,മത്താ.24:22). മൂന്നരവർഷങ്ങളായി ഇതിനെ രണ്ടായി തിരിച്ചിരിക്കുന്നു. രണ്ടാമത്തെ പകുതിയാണു ശരിയായിട്ടുള്ള മാഹാപീഢനകാലം.

- **തടുക്കുന്നവൻ വഴിയിൽനിന്നും മാറ്റപ്പെടും:** പീഢനകാലം ആരംഭിക്കുന്നതിനു മുൻപുതന്നെ പരിശുദ്ധാത്മാവ് വഴിയിൽ നിന്നും മാറ്റപ്പെടും. ഈ കാലഘട്ടത്തിൽ താൻ ഭൂമിയിൽ ഉണ്ടായിരിക്കുന്നതല്ല (2 തെസ്.2:6–8, വെളി. 5:6). പരിശുദ്ധാത്മാവിൻെറ ഭൂമിയിലെ പ്രവർത്തനങ്ങൾ ഇതോടെ അവസാനിച്ചു എന്ന് ഇതിനർത്ഥമില്ല. പഴയനിയമത്തിൽ എപ്രകാരം പരിശുദ്ധാത്മാവ് ഭൂമിയിലുണ്ടായിരുന്നുവോ അപ്രകാരം ഈ കാലയളവിലും ഉണ്ടായിരിക്കും.

- **അന്ന് മാനസാന്തരങ്ങൾ ഉണ്ടാകും:** പിഢനകാലത്തിലേക്ക് പ്രവേശിക്കുന്നവർ നിത്യമായി നശിച്ചുപോകുമെന്ന് ചിന്തിക്കുന്നതു തെറ്റാണു. അന്നും മാനസാന്തരങ്ങൾ ഉണ്ടാകും (വേളി 7:4; 14:4; 7:9,14 റോമ. 11: 25; സെഖ. 13: 1; 12:10). അനേക ആത്മാക്കൾ ഈ കാലയളവിൽ രക്ഷിക്കപ്പെടും. യിസ്രായേലിൻെറ അന്ധതമാറ്റപ്പെടുകയും (റോമ.11:25) ആയിരക്കണക്കിനു യിസ്രായേല്യർ അവർ തള്ളികളഞ്ഞ മശിഹയിലേക്ക് തിരിയുകയും ചെയ്യും. സകല ഭാഷയിലും വംശത്തിലുമുള്ള അനേകജാതികൾ അന്ന് രക്ഷിക്കപ്പെടും (വെളി.7:9–17). മഹാപീഢനകാലത്തെ ദുഷ്ടതയും വിശ്വാസത്യാഗവും മൂലം രക്ഷക്കായുള്ള പരിശുദ്ധാത്മാവിൻെറ പ്രവർത്തനം അനിവാര്യമാണു.

- **അന്ന് സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടാകും:**
    - ഏറ്റവും കുറഞ്ഞത് 1,44,000 പേർ പരിശുദ്ധാത്മാവിനാൽ അഭിഷേകം പ്രാപിക്കുകയും അവർ ചെയ്യേണ്ട പ്രത്യേക പ്രവർത്തിക്കായി വേർതിരിയുകയും ചെയ്യും (വെളി. 7:1-8).
    - അന്ന് സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടാകും (സഖ്യ.4:1-6; വെളി.11:3,4; യോവേ.2).
    - ഈ സത്യങ്ങളുടെ വെളിച്ചത്തിൽ മഹാപീഢനകാലയളവിൽ പരിശുദ്ധാത്മാവിൻെറ ശിശ്രൂഷകൾ ഒഴിച്ചുകൂടാൻ പാടില്ലാത്തവയാണു. എന്നാൽ ആത്മാവിൻെറ പ്രവർത്തികളേല്ലാം തന്നെ പഴയനിയമ കാലയളവു പോലെ ആയിരിക്കും. പരിശുദ്ധാത്മാവിൻെറ തടുക്കുന്നതായ ശുശ്രൂഷ പൂർണ്ണമായും മാറ്റപ്പെടും (2 തെസ്സ്. 2:7).

- **ആത്മാവിൻെറ പ്രവർത്തനത്തിനു പരിമിതിയുണ്ടായിരിക്കും.:**
    - പീഢനകാലയളവിൽ പരിശുദ്ധാത്മാവിൻെറ പ്രവർത്തനത്തിനു പരിധി ഉണ്ട്. പീഢനത്തിൻെറ സ്വഭാവത്തിൽ തന്നെ ഇത് കാണുവാൻ കഴിയും.
    - രക്ഷ സാദ്ധ്യമാണു എന്നാൽ വർത്തമാനകാലത്തെക്കാളും ചുരുക്കം വിശ്വാസികൾ മാത്രമെ അന്നുണ്ടായിരിക്കുകയുള്ളു. ദുരുപദേശം അതിൻെറ പാരമ്യത്തിൽ എത്തുകയും അനേകർ ചതിക്കപ്പെടുകയും ചെയ്യും. വിശ്വാസത്യാഗവും പാരമ്യത്തിൽ എത്തും.
    - അപ്രകാരം ആത്മാവിൻെറ പ്രവർത്തനം പരിമിതം ആയിരിക്കും. തൻെറ തടുക്കുന്ന ശുശ്രൂഷ നീക്കപ്പെടും (2 തെസ്സ്. 2:7)

## 2. സഹസ്രാബ്ദകാലയളവിൽ ആത്മാവിൻെറ പങ്ക്

എല്ലായുഗങ്ങളിലും വച്ച് ഏറ്റവും മഹത്വപൂർണ്ണമാണു സഹസ്രാബ്ദ യുഗം. നീതിയുടെയും സമാധാനത്തിൻെറയും അഭിവൃദ്ധിയുടെയും പൂർണ്ണമായ പ്രദർശനം അന്നുണ്ടായിരിക്കും. ക്രിസ്തു ഭൂമിയെ വാഴും, എല്ലാ ദേശക്കാരും അവനെ തിരിച്ചറിയും. സമുദ്രത്തിൻെറ ഒരറ്റം മുതൽ മറ്റെ അറ്റം വരേയും കർത്താവിനേകുറിച്ചുള്ള അറിവ് വ്യാപിക്കും. സഹസ്രാബ്ദയുഗത്തിലുടനീളം സാത്താൻ ബന്ധിക്കപ്പെട്ടിരിക്കും.

- **തടുക്കുന്നതിനോടുള്ള ബന്ധത്തിൽ ആത്മാവിൻെറ പ്രവർത്തനം:**
    - സഹസ്രാബ്ദയുഗത്തിൽ പാപമുണ്ടായിരിക്കുമോ? ഇതിൻെറ തുടക്കത്തിൽ വീണ്ടെടുക്കപ്പെട്ട സകല മനുഷ്യരിലും പൈതൃകമായി ലഭിച്ച പാപപ്രകൃതി മുഖാന്തരം പാപത്തോടുള്ള ആസക്തി നിലനിൽക്കുന്നുണ്ട്. എന്നാൽ അതിനെ ഉത്തേജിപ്പിക്കന്ന ബാഹ്യ പരീക്ഷകൾ ഉണ്ടായിരിക്കില്ല.

- **രക്ഷയോടുള്ള ബന്ധത്തിൽ ആത്മാവിൻെറ പ്രവർത്തനം:**
    - സഹസ്രാബ്ദയുഗത്തിലും രക്ഷ ആവിശ്യമാണു. സഹസ്രാബ്ദയുഗത്തിലേക്ക് പ്രവേശിക്കുന്ന എല്ലാവരും രക്ഷിക്കപ്പെടും. എന്നാൽ ഇവരുടെ തലമുറകൾക്ക് ദൈവരാജ്യത്തിലേക്ക് പ്രവേശിക്കേണ്ടതിനായി രക്ഷ ആവിശ്യമാണു. ജഡശരീരത്തിലായിരിക്കുന്നവർക്ക് കുട്ടികളുണ്ടാകുകയും അവർ രക്ഷിക്കപ്പെടുകയും വേണം. സഹസ്രാബ്ദയുഗത്തിൽ രക്ഷയുടെ പൂർണ്ണത തിരുവചനം എടുത്തുകാട്ടുന്നുണ്ട് (യെശ.44:2-4; 60:21; യെര.24:7;31:31-34; യെഹ.36:25-31). ഈ രക്ഷയിൽ ജാതികളും ഉൾപ്പെടും (സെഖ.14:16).
    - ഇവിടെ ആത്മാവിൻെറ പ്രവർത്തനം ഉണ്ട് (യെര. 31:31-34; യെഹ.36: 25-31; സെഖ.12:10; 14:16). അങ്ങനെ ആത്മാവിൻെറ നിറവ് തെളിവായിരിക്കും (യെശ.11:2,3; യെര.31:33; യോവെ 2:28,29).

## 3. നിത്യതയിൽ അത്മാവിൻെറ പങ്ക്

ഇതിനെകുറിച്ച് വ്യക്തമായ രേഖകൾ നമുക്ക് ലഭിച്ചിട്ടില്ല എന്നാൽ 1 കൊരി 15 : 28ൽ പുത്രനോടുള്ള ബന്ധത്തിൽ പറഞ്ഞിരിക്കുന്നത് പരിശുദ്ധാത്മാവിനും ബാധകമാണു. പുത്രൻ താനും പിതാവിനു കീഴ്പ്പെട്ടിരുന്നു. അപ്രകാരം ആത്മാവും പിതാവിനു കീഴ്പ്പെട്ടിരിക്കുകയും പിതാവാം ദൈവം സകലത്തിലും സകലവുമായിരിക്കും. ത്രിത്വം പരിപൂർണ്ണമായും പരസ്പര ബന്ധത്തിലും സൗഹാർദ്ദത്തിലും നിത്യം ആയിരിക്കുകയും ചെയ്യും.